Reg: No: M. 2689—32.   പേജ് 16   ഒറ്റപ്രതി വില 2 ണ.   License No: 427 Dated 14 8—1943

# മലയാളരാജ്യം

പുസ്തകം ൨൦ } കൊല്ലം, ൧൮ ഡിസംബർ ൧൯൪൪-ാമാണ്ട് ൧൧൨൦ ധനു ൪-ാം തിങ്കളാഴ്ച } ലക്കം ൧൭൫

## മി. ചർച്ചിൽ പോകണം

—o—

### മി. എച്ച്. ജി. വെൽസിന്റെ വിമർശനം

—o—

ലണ്ടൻ, ഡി. 12 ഒരു സോഷ്യലിസ്റ്റ് വാരികയായ ട്രിബ്യൂണിൽ, "ചർച്ചിൽ പോവുകതന്നെ വേണം" എന്ന തലക്കെട്ടിൽ മി. എച്ച്. ജി. വെൽസ് ഒരു ലേഖനം എഴുതിയിരിക്കുന്നു. പ്രധാനമന്ത്രി, ഭാവിയില്ലാത്ത ഒരു ബ്രിട്ടീഷ് ഹിററലരാണെന്നാണ് അദ്ദേഹം പറയുന്നത്. "മി. ചർച്ചിലിന്റെ സമൂഹ്യസിദ്ധാന്തം, പരസ്പരബന്ധമില്ലാത്ത അസംബന്ധമാണ്. ഒരു സ്കൂൾബാലന് മി. ചർച്ചിലിനേക്കാൾ കാര്യവിവരമുണ്ട്. അദ്ദേഹത്തിന്റെ അജ്ഞത പ്രകടമാണ്. അദ്ദേഹത്തിനു ചെയ്യുവാനുള്ളതു അദ്ദേഹം ചെയ്തുകഴിഞ്ഞു. അദ്ദേഹത്തോടു നമുക്കുള്ള കടപ്പാടിനെപ്പററി നമ്മൾ വിസ്മരിക്കുന്നതിനു മുമ്പ് അദ്ദേഹം വിരമിക്കേണ്ടതാണ്. അതിനുള്ള സമയം അതിക്രമിച്ചിരിക്കുന്നു. മി. ചർച്ചിൽ രംഗത്തുനിന്നും നിഷ്ക്രമിക്കണമെന്നാണ് നമ്മൾ ആവശ്യപ്പെടുന്നത്. നമ്മളെ ഇനിയും അവമാനത്തിൽ ആഴ്ത്തുന്നതിനുമുമ്പു തന്നെ അദ്ദേഹം പോവുകയും വേണം. അദ്ദേഹത്തിനും നമുക്കും അതു നല്ലതാണ്. കാത്തുരക്ഷിക്കുവാൻവേണ്ടി അദ്ദേഹം വെമ്പൽകൊള്ളുന്ന എല്ലാ പഴഞ്ചൻ സ്ഥാപനങ്ങളെയും അദ്ദേഹം കൂടെ കൊണ്ടുപൊയ്ക്കൊള്ളട്ടെ. സംഗതി വളരെ അടിയന്തിരമാണ്."

## മി. വി. കെ. വേലായുധൻ S. N. D. P. യോഗം പ്രസിഡൻറ്

### മി. ആർ. ശങ്കർ ജനറൽസെക്രട്ടറി

(സ്വന്തം ലേഖകൻ)

ചങ്ങനാശേരി ധനു ൨—ഇന്നു നടന്ന എസ്. എൻ. ഡി. പി. വാർഷികയോഗത്തിൽവച്ച് മി. വി. കെ. വേലായുധൻ ബി. എ. ബി. എൽ. യോഗാദ്ധ്യക്ഷനായും മി. ആർ. ശങ്കർ ബി. എ. ബി. എൽ. ജനറൽ സെക്രട്ടറിയായും പ്രഖ്യാപനംചെയ്യപ്പെട്ടിരിക്കുന്നു. യോഗാദ്ധ്യക്ഷനായിരുന്ന മി. എം. ഗോവിന്ദൻ സ്വയം സ്ഥാനം ഒഴിയുകയാണുണ്ടായതു. ജനറൽ സെക്രട്ടറിസ്ഥാനത്തേക്കു നാമനിർദ്ദേശം ചെയ്യപ്പെട്ടിരുന്ന മി. പി. കുഞ്ഞുകൃഷ്ണൻ ബി. എ. ബി. എൽ.-ഉം സ്ഥാനാർത്ഥിത്വം പിൻവലിച്ചു. ഇപ്രകാരം ഐകകണ്ഠ്യേന തിരഞ്ഞെടുപ്പു നടന്നതായിട്ടാണറിയുന്നതു.

## ഇന്ത്യൻപ്രശ്നവും മേഖലാവിഭജനവും

(16-ാം പേജിൽനിന്നു തുടർച്ച)

മായ വികാരങ്ങൾ സ്വയം പ്രകാശനത്തിനായി മുറവിളി കൂട്ടി. യുക്തിയുടെയും സേവനത്തിന്റെയും ഈ യുഗത്തിൽ മതം ദേശീയ ചിന്തയ്ക്കു പിൻതുണ നൽകുന്ന പ്രബലഘടകമാകുവാൻ കഴിവുള്ളതല്ല. ശിലാന്യാസം ഉറച്ചുപോയ മതവിധികളും മാഞ്ഞുമറഞ്ഞുപോകുന്ന വിശ്വാസങ്ങളുടെ അവശിഷ്ടങ്ങളും ജനങ്ങളെ ആവരണംചെയ്യുന്ന സാമൂഹ്യവും സാമ്പത്തികവും സാംസ്കാരികവുമായ സജീവപരിതഃസ്ഥിതികളുടെ സ്ഥാനത്തു വില്പനയ്ക്കു കയ്യില്ലെന്നു സ്റ്റാലിൻ സൂചിപ്പിച്ചിരിക്കുന്നതു ഇവിടെ ഓർമ്മിക്കത്തക്കതാണ്.

എത്രതന്നെ സമുന്നതരായ വ്യക്തികൾ ആയിരുന്നാലോ എത്രതന്നെ സുശിക്ഷിതരായ കക്ഷികൾ തമ്മിലോ ഉള്ള കരാറുകളും ഉടമ്പടികളും ഞെരുക്കം പ്രയോഗിക്കുന്ന ശക്തിക്കു തുല്യമാവുന്നതല്ലെന്നുള്ളതാണ് നാം ഒഴിവാക്കേണ്ടതിന്നാമത്തെ വിപത്തു. ആ വിധത്തിലൊരു കെട്ടുപാടില്ലാതെ മനുഷ്യജീവികളോ സമൂഹങ്ങളോ യോജിച്ചു നിൽക്കാറില്ല. ജനസമൂഹങ്ങളും ജനവംശങ്ങളും രാഷ്ട്രങ്ങളും കരാറുകളിൽ കെട്ടുപെട്ടു നിൽക്കത്തക്കവണ്ണം അത്ര മെരുക്കംവന്നിട്ടുള്ളവയല്ല. 'വെഴ്സയിൽസ്' സന്ധി എത്ര വേഗത്തിൽ തകർന്നു? സർവരാജ്യസഖ്യം ഒരു പ്രഹസനം മാത്രമായി, ബ്രിയാൻഡ്-കെല്ലാഗ് പാക്ററ്, കാൺഗ്രസ്സ്-ഖിലാഫത്തു സഖ്യം, സിക്കൻദർ-ജിന്നാ പാക്ററ് ഇവയെല്ലാം നിഷ്ഫലങ്ങളായി. ശാക്തികശക്തിയില്ലെങ്കിൽ യാതൊരു കരാറും സ്ഥായിയായ ഫലം ചെയ്കയില്ല.

വർഗ്ഗീയക്ഷോഭത്തെ രാജ്യവിഭജനംകൊണ്ടു പരിഹരിക്കാൻ കഴിയുന്നതല്ല. പ്രതിജ്ഞകൾ എത്ര ഗംഭീരങ്ങളായിരുന്നാലും അതു സാദ്ധ്യമല്ല.

ഗാന്ധിജി അത്യന്തം ശക്തിമത്തായ ഒരു ചട്ടക്കൂട്ടാണു കെട്ടിയുറപ്പിച്ചിട്ടുള്ളതു. അതിന്റെ പിൻതുണ അദ്ദേഹത്തിന്റെ ഉത്തേജനത്താൽ ലഭിക്കുന്ന വിധേയതയും കാൺഗ്രസ്സിന്റെ ധർമ്മപര്യാപ്തിയുമാണ്, സത്യഗ്രഹത്തിന്റെ ശാസകശക്തി, ഗാന്ധിജി സമാരംഭിച്ചിട്ടുള്ള സൃഷ്ടിപരസമുദ്യമങ്ങളുടെ പ്രേരകശക്തി എന്നിവയുമാണ്. അദ്ദേഹത്തിന്റെ പ്രയോഗതന്ത്രത്തിന്റെ സ്വഭാവംകൊണ്ടുതന്നെ ബ്രിട്ടീഷുഭരണകൂടത്തിൽനിന്നുള്ള സകല സ്വാധീനശക്തിയെയും അദ്ദേഹം നിഷേധിക്കുന്നു. ഒരു എതിർചട്ടക്കൂടു നിർമ്മിക്കുവാനുള്ള ആശയത്തോടെ മാറിനിൽക്കുവാൻ മുസ്ലീങ്ങളെ പ്രേരിപ്പിക്കുന്നതിനു ബ്രിട്ടീഷുകാർക്കു അതോടെ അവസരം സിദ്ധിക്കുന്നു.

രണ്ടു ചട്ടക്കൂട്ടുകളും ഓരോ പ്രത്യേക മേഖലയെ നിയന്ത്രിച്ചുകൊണ്ടുള്ള ഒരു കാൺഫെഡറേഷൻ സൃഷ്ടിക്കുവാനുള്ള ശ്രമമായിരുന്നു മി. ജിന്നായുമായി ഒത്തുതീർപ്പിനുള്ള ഗാന്ധിജിയുടെ യത്നം. ഒന്നാമതു മി. ജിന്നായുടെ ചട്ടക്കൂട്ടിനു ബ്രിട്ടന്റെ സഹായമോ സമ്മതമോ കൂടാതെ നിൽക്കുവാൻ സാധിക്കുന്നതല്ല. ആകയാൽ മി. ജിന്നായ്ക്കു മുൻപറഞ്ഞ കാൺഫെഡറസിയിൽ ചേരാൻ കഴിവുള്ളതല്ല, മി. ജിന്നായ്ക്കു അതിനു ഇച്ഛയുണ്ടായുമില്ല. മി. ജിന്നാ ചേർന്നിരുന്നെങ്കിൽ രണ്ടു ചട്ടക്കൂട്ടുകളും ഒന്നായിത്തീരുമായിരുന്നു എന്നർത്ഥമില്ല. ഏതൊരു പാക്ററിനെയുംപോലെ സമുദായങ്ങളുടെ അവിശ്വാസത്താൽ അതു തകരുമായിരുന്നു. അല്ലെങ്കിൽ അതിന്റെ പാവനതയെ പുലർത്താൻ ഉടനടി ഒരു അധികാരസ്ഥാനം സൃഷ്ടിക്കണം. അപ്രകാരമൊരു സ്ഥാപനമില്ലെങ്കിൽ ഹിന്ദുമുസ്ലിം ഐക്യം ഒരുതരം അഭ്യന്തരസമരമായിത്തീരുമായിരുന്നു.

ഇന്നത്തെ മനോഗതിയിൽ മുസ്ലിം ലീഗു ഇന്ത്യയ്ക്കു ഒററ ഒരു ഭരണഘടനാവ്യവസ്ഥയുണ്ടാവാൻ സമ്മതിക്കയില്ലെന്നുള്ളതു വാസ്തവമാണ്. എന്നാൽ അകത്തു സമാധാനവും പുറത്തു സുരക്ഷിതത്വവും പാലിക്കത്തക്ക അധികാരശക്തിയോടുകൂടിയ പൊതുവായ ഒരു ചട്ടക്കൂട്ടില്ലെങ്കിൽ എത്ര നീതിയുക്തമായ മേഖലാവിഭജനവും അയൽക്കാർ തമ്മിലുള്ള സംഘട്ടനത്തിലേക്കു വഴികൂട്ടുകയേയുള്ളു.

(കാപ്പിററൽ-നാഷണൽപ്രസ്സ് സിൻഡിക്കേററ് ഇൻഡ്യാ)

—o—

## പൊട്ടിത്തെറിക്കുന്ന തേങ്ങ

—o—

### ജപ്പാൻകാർ ബർമ്മയിലും ലെയിററിയിലുമുപയോഗിക്കുന്നു

കലേവ, ഡി: 11—അസോസിയേറ്റഡ് പ്രസ് യുദ്ധലേഖകൻ ഇപ്രകാരമെഴുതുന്നു:—വനംപ്രദേശത്തെ സമരത്തിൽ ജപ്പാൻകാർ സ്ഫോടകനാളികേരങ്ങളും മൈനുകളും കൈബാംബുകളായും ഇപ്പോൾ ഉപയോഗിച്ചുവരുന്നു. കലേവായിൽ ഇതിന്റെ രണ്ടു വലിയ സംഭരണശേഖരങ്ങൾ കണ്ടെടുക്കപ്പെട്ടു. ലെയിററിയിലും ഇവ കാണപ്പെട്ടു. അകത്തെ പരിപ്പു തുരന്നെടുത്തു ഒഴിച്ചെടുത്തുകളഞ്ഞ നാളികേരത്തിൽ സ്ഫോടകവസ്തുക്കൾ നിറച്ചിരിക്കുന്നു. മേൽഭാഗത്തു ഒരു തിരി പിടിപ്പിച്ചിരിക്കുന്നു. ആ സ്ഫോടനവസ്തുവായി സ്വർണ്ണമാത്രയിൽ നാളികേരം പൊട്ടിത്തെറിക്കുന്നു. ഇതിന്റെ ചെലവിൽ യാതൊരു ലോഹവും ഉപയോഗിച്ചിട്ടില്ലാത്തതുകൊണ്ടു ഇതിന്റെ സാന്നിദ്ധ്യം സാധാരണയുള്ള ഡിറെക്റ്റർ യന്ത്രംകൊണ്ടു മുൻകൂട്ടി ഗ്രഹിക്കുവാൻ സാധിക്കുന്നതല്ല. കൂടാതെ നാളികേരം വനംപ്രദേശത്തു സർവസാധാരണമായുള്ള ഒരു സാധനവുമാണ്. ഒരു ജീപ്പിന്റെ പൈതയോ ഒരു മനുഷ്യന്റെ കാലോ തകർത്തു നശിപ്പിക്കത്തക്ക ശക്തിയുള്ള സ്ഫോടനവസ്തുക്കൾ ഈ നാളികേരത്തിൽ അടക്കംചെയ്തിട്ടുണ്ട്.

വാഷിംഗ്ടൺ, ഡി: 16 മെ: ചർച്ചിലും റൂസ്‌വെൽററും സ്റ്റാലിനും തമ്മിൽ നേരത്തെ കൂടിക്കാഴ്ച നടത്തുന്നതിനുള്ള സമയം ഫെബ്രുവരിയാണെന്നും, പതിവനുസരിച്ചുള്ള തന്റെ ക്രിസ്തുമസ്സ് സന്ദേശം പ്രക്ഷേപണംചെയ്യുവാൻ റൂസ്‌വെൽററ വേണ്ടതു ചെയ്തുകഴിഞ്ഞുവെന്നും മററും അമേരിക്കയിലെ അസോസിയേറ്റഡ്പ്രസ്സ് സന്ദേശത്തിൽ പറയുന്നു. അദ്ധ്യക്ഷപദവി ഔപചാരികമായി ഏറെറടുക്കുന്ന ജനുവരി 20-ാംതീയതി റൂസ്‌വെൽററ വാഷിംഗ്ടണിലുണ്ടായിരിക്കണം. ഫെബ്രുവരിക്കുമുമ്പു താൻ ചർച്ചിലുമായി കാണുന്നതിനെ ഏതായാലും ഒഴിവാക്കിയിട്ടില്ല.

—o—

## വിഷയവിവരം

പേജ്. 1 കമ്പിവാർത്തകൾ
2 ഇൻഡ്യൻപ്രശ്നവും മേഖലാവിഭജനവും (കെ. എം. മുൻഷി)
3 ഈശ്വരഭക്തി (സ്വാമി ആഗമാനന്ദൻ)
4 സമരമുഖത്തെ മലയാളിറിപ്പോർട്ടർ
5 ജനറൽ ചെൻചെങ്ങ് (കെ. സുകുമാരൻനായർ ബി. എസ്‌സി)
6 ഉർമ്മിള (കവിത)
" ആവിളി "
" ശിശുവിനോട് "
" ജീവിതവഹഗമേ! "
" വിജ്ഞാനവീഥി
7 സാഹിത്യത്തിലൂടെ സർവ്വസമുദായമൈത്രി (മഹാകവി പള്ളത്തുരാമൻ)
8 ശാസ്ത്രചരിത്രത്തിലേക്കൊരുനോട്ടം (സി. കെ. മുസ്തഫ ബി. എസ്‌സി ആണേഴ്സ്)
9 ഗ്രാമീണകലാലയങ്ങൾ (വൈക്കം എൻ. ഗോപാലകൃഷ്ണൻനായർ ബി. എസ്‌സി.)
10 ആരോഗ്യവും ബ്രഹ്മചര്യവും (കെ. പി. ശങ്കരപ്പിള്ള എം. എ. പി. എച്ച്. ഡി. എസ്‌സി.)
11 അറിഞ്ഞുകൂടാ (യു. പി. കുഞ്ഞുലയം എം. എ. ബി. എൽ)
" പ്രതീക്ഷ (കെ. കൃഷ്ണൻനായർ, ശാന്തിനികേതൻ)
12 ഗ്രന്ഥനിരൂപണം
13 രാഷ്ട്രീയനിയന്ത്രണത്തിന്റെ പരിധി (എൻ. ഡി. പി. നമ്പൂതിരി എം. എൽ. ഏ)
14 ഗദ്യകവി (ചെറുകഥ) ആററുകാൽ)
" ഇറങ്ങുകുഞ്ഞേ (കവിത)
" പ്രകൃതിരഹസ്യം "
16 കമ്പിവാർത്തകൾ

# ഇന്ത്യൻപ്രശ്നവും മേഖലാവിഭജനവും

കെ. എം. മുൻഷി.

(മലയാളരാജ്യത്തിനു പ്രത്യേകം.)

ഇന്നത്തെ ഇന്ത്യൻദേശീയതത്വം ഒരു വിചിത്രമായ യോഗവസ്തുവാണ്. അതിന്റെ ഘടകങ്ങൾ ഇന്ത്യയിലെ ജനങ്ങളുടെ വംശപരമായ ഏകതയും സാംസ്കാരികമായ വിവിധാംശസാജാത്യവും; രാജ്യത്തിന്റെ ഭൂപരമായ അഖണ്ഡതയും ദിവ്യമായ മാതൃഭാവകല്പനയും; സ്വാതന്ത്ര്യപ്രേമവും വൈദേശികഭരണത്തിലുള്ള വെറുപ്പും, ബ്രിട്ടീഷ്ഭരണകാലത്തു തഴച്ചുവന്ന ആശയഗതിയും പാരമ്പര്യവും ധർമ്മനീതിപരവും നിയമശാസ്ത്രപരവുമായ ഏകതയും; ഏറെക്കുറെ ഇംഗ്ലണ്ടിലെന്ന പോലെതന്നെ മുന്നോട്ടുനീങ്ങിയിട്ടുള്ള ഇന്ത്യയിലെ വ്യാവസായിക വിപ്ലവത്തിന്റെ ഫലങ്ങളും, അതിപ്രസിദ്ധരായ ഇന്ത്യാക്കാരുടെ രാഷ്ട്രീയവീക്ഷണഗതിക്ക മസ്സിനിയുടെയും ജാൺസ്റ്റുവർട്ടുമില്ലിന്റെയും പ്രചോദനത്തിൽ രൂപംനൽകിയ ഏകനേഷൻ രാഷ്ട്രമെന്ന ആദർശവുമാകുന്നു. ഹിന്ദുക്കളും മുസ്ലീങ്ങളും എന്നതുപോലെ തന്നെ യൂറോപ്യരും ക്രിസ്ത്യാനികളും സിക്കുകാരും പാഴ്സികളും ഈ പ്രധാനമായ ദേശീയതയുടെ വികാസത്തിൽ സഹായിച്ചു.

അനേകം ജീവിതമണ്ഡലങ്ങളിൽ ഹിന്ദുക്കളും മുസ്ലിങ്ങളും സൗഹാർദ്ദപരമായ ബന്ധത്തിൽ വർത്തിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ അടിമത്തശൃംഖലയിൽ ബദ്ധരായിട്ടുള്ളവർക്ക രാഷ്ട്രീയഭാവിയാണു ജീവിതത്തെ ഭരിക്കുന്ന ഏററവും ജീവത്തായകാര്യം. എന്നിരുന്നാലും രാഷ്ട്രീയ വീക്ഷണകോടിയിൽനിന്നു നോക്കുമ്പോൾ ഇന്നു ഹിന്ദുമുസ്ലിംഐക്യം ഇല്ലെന്നുള്ളതു പ്രകടമായ ഒരു വസ്തുതയാണ്. എന്തെന്നാൽ അടുത്തകാലങ്ങളിൽ മുസ്ലിംജനസാമാന്യത്തെ ദേശീയമായ ഒരു പിരിഞ്ഞുനില്പുസിദ്ധാന്തമാണു പഠിപ്പിച്ചുവച്ചിരിക്കുന്നതു. 'സംസ്കാരത്തിൽ അവർ ഹിന്ദുക്കളിൽനിന്നു ഭിന്നരാണ്. ഇന്ത്യ അവരുടെ മാതൃഭൂമിയല്ല. അവരുടെവകയ്ക്കു ഒരു മാതൃഭൂമി സൃഷ്ടിക്കണം. ബ്രിട്ടീഷുകാരുമായുള്ള ഒരു ദാസ്യസഹിതം ഹിന്ദുഭൂരിപക്ഷത്തോടുകൂടിയ ഒരുനാട്ടിലെ സ്വാതന്ത്ര്യത്തെക്കാൾ മെച്ചമാണ്. നടപടികളെല്ലാം കൊററനെ അസ്സ്വദമാക്കിയതായിരിക്കണം ഇന്ത്യയിലെ ഇന്നത്തെ ജീവിതമര്യാദകൾ പരകീയമാണ്, ഇസ്ലാമികവിരുദ്ധമാണ്. ഇന്ത്യൻനേഷനെന്നൊന്നില്ല. ഒന്നു രൂപപ്പെടുത്തിയെടുക്കുവാനുള്ള സാധ്യതയുമില്ല. മുസ്ലിങ്ങൾ ഇന്ത്യയിൽ എവിടെയെല്ലാം താമസിച്ചിരുന്നാലും അവരെല്ലാം ഒരു നേഷനാണ്.' ഇങ്ങനെ തികഞ്ഞ ഒരു പ്രത്യേക മനോഭാവമാണു രാഷ്ട്രീയബുദ്ധിയുള്ള നിരവധി മുസ്ലങ്ങളെ ഉപദേശിച്ചുകൊണ്ടിരിക്കുന്നതും അവർ അംഗീകരിച്ചുകൊണ്ടിരിക്കുന്നതും. രാജ്യത്തിന്റെ ചില ഭാഗങ്ങളിൽ ഇതു മതത്തിന്റെ ഒരു അംശമായി അജ്ഞരായ ജനസാമാന്യം വിശ്വസിച്ചുപോരുന്നു.

ഇന്ത്യയിലെ എല്ലാ സമുദായങ്ങളും ഒരു ദേശീയബുദ്ധി വികസിപ്പിച്ചു കൊണ്ടുവരുന്നതിലേക്കായി തങ്ങളുടെ മതവികാരതീക്ഷ്ണതകളെ അകററിനിർത്തണമെന്നുള്ള കാൺഗ്രസ്സിന്റെ ആദ്യംമുതലുള്ള വീക്ഷണഗതിക്ക ഉലച്ചിൽ തട്ടിച്ചിരിക്കുന്നു. അടുത്തകാലങ്ങളിലെ ഹിന്ദുമുസ്ലിംലഹളകൾ മതാന്ധതയുടെ വല്ലപ്പോഴുമുള്ള പൊട്ടിത്തെറിക്കലുകളല്ല. അവയ്ക്കു പിന്നിൽ കുറെക്കൂടി ആഴത്തിലുള്ള ഒരു പ്രചോദനമുണ്ട്. പാകിസ്ഥാൻ ആശയസംഹിതയാണ് അവയെ ആളിക്കത്തിക്കുന്നതു്. മേഖലതിരിച്ചുള്ള വിഭജനത്തിനു അന്തർബോധയുക്തമായ ഒരു പ്രേരണ ലഭിച്ചതു് 1939 അവസാനത്തിൽ കാൺഗ്രസ്സ മന്ത്രിസഭകളുടെ രാജിയാൽ ഇന്ത്യയുടെ ഭരണവ്യവസ്ഥിതിപരമായ ഏകത ശിഥിലീകൃതമായതുകൊണ്ടാണ്. പ്രാമുഖ്യേന ഹൈന്ദവമായ പ്രവിശ്യകൾ ബ്രിട്ടീഷുഗവർണർമാരുടെയും ഉദ്യോഗസ്ഥപ്രഭുനിരയുടേയും ഭരണത്തിലായിത്തീർന്നു. മുസ്ലിം ഭൂരിപക്ഷപ്രവിശ്യകളിലാകട്ടെ, മുസ്ലിംമന്ത്രിസഭകൾ അധികാരത്തിൽ തിരക്കിക്കയറുകയും അവയുടെ വർഗ്ഗീയതാല്പര്യങ്ങളെ നിരങ്കുശം അനുവർത്തിക്കാനുള്ള സൗകര്യം നൽകപ്പെടുകയും ചെയ്തു. യുദ്ധയത്നവുമായുള്ള നിസ്സഹകരണവും 'ഇൻഡ്യ വിടുക' പ്രസ്ഥാനവും അധികവും ഹിന്ദുപ്രവിശ്യകളിൽ മാത്രമായി. മുസ്ലീം പ്രവിശ്യകൾ യുദ്ധയത്നത്തിൽ പരസ്യമായിത്തന്നെ സഹകരിച്ചു.

എന്നാൽ മേഖലാവിഭജനം ഒരു യഥാർത്ഥ ശ്രദ്ധാവിഷയമായതു ഗാന്ധിജി രാജാജി ഫാർമുലാ അംഗീകരിച്ചപ്പോളാണ്. ഇൻഡ്യൻ ദേശീയതത്വത്തിന്റെ ഏററവും ശക്തനായ വക്താവു് ഇരുനേഷൻ വാദത്തിന്റെ ഉറന്ന ഉപജ്ഞാതാവുമായി രണ്ടു ഇൻഡ്യകളുടെ അധിഷ്ഠാനത്തിൽ കൂടിയാലോചന നടത്തി. ഗാന്ധി-ജിന്നാ സംഭാഷണവേളയിൽ ദേശീയഇൻഡ്യ, മുസ്ലീങ്ങൾ അപ്രകാരം ആഗ്രഹിക്കുന്നപക്ഷം, രാജ്യത്തെ ഒരു ഹിന്ദുമേഖലയായും ഒരു മുസ്ലീമേഖലയായും വിഭജിക്കുന്നതിനും വ്യാപ്തിയിലും നേട്ടത്തിലും രാജ്യത്തിന്റെ ഒരു അംശവുമായി മാത്രം ബന്ധിക്കുന്നതിനും സന്നദ്ധമായിരുന്നു. രാജാജി ഫാർമുലാ ഒരു ജനഹിതപരിശോധന വ്യവസ്ഥ ചെയ്യുന്നു എന്നാൽ ഈ സംരക്ഷണം നാമമാത്രപ്രായമാണ്. മുസ്ലീം പ്രദേശങ്ങളിലെ ഉദാരമായ ഏതൊരു ജനഹിതപരിശോധനയിലും പ്രാമുഖ്യേന ഹൈന്ദവമായ ഒരു സംഘടന ഉൽബോധിപ്പിക്കുന്ന ഇൻഡ്യൻ ദേശീയതയ്ക്കു ശുദ്ധമേ മുസലിമായ ഒരു സംഘടന ഉപദേശിക്കുന്നതും മതതീക്ഷ്ണതയുടെ പിൻതുണയോടുകൂടിയതുമായ പാകിസ്ഥാനെതിരായി വിജയസാധ്യതയുണ്ടാവുന്നതല്ല. രണ്ടു പരമാധികാരരാഷ്ട്രങ്ങളോടുകൂടിയ രാജാജിഫാർമുലാ അനുവദിച്ചതിൽ ഗാന്ധിജി രണ്ടുനേഷനുകളിലുള്ള അത്യുദാരമായ സമ്മതപ്രകടനമാണു നടത്തിയതു്. എന്നിരുന്നാലും ഇന്ത്യയുടെ ഭാവിഭാഗധേയത്തിന്റെ വേർതിരിക്കവാനരുതാത്ത പശ്ചാത്തലമെന്ന നിലയിൽ ദേശീയതത്വത്തിനു നേരിട്ടതു് ഗൗരവമേറിയ ഒരപജയമാണ്. ഗാന്ധിജിയും മി: ജിന്നായും വിശദാംശങ്ങളെസംബന്ധിച്ചു വിയോജിച്ചാണു പിരിഞ്ഞതു്. അവർതമ്മിൽ യോജിച്ചതിന്റെ ഏററവും കുറഞ്ഞ രൂപം ഒരു ഹിന്ദുമേഖലയും ഒരു മുസ്ലിംമേഖലയും ആയുള്ള രാജ്യത്തിന്റെ വിഭജനം വർഗ്ഗീയഭിന്നത ഒഴുക്കുവാനുള്ള ഒരു പോംവഴിയായിരിക്കുമെന്നുള്ളതാണ്.

മേഖലകളായി ഇന്ത്യയെ വിഭജിക്കുന്നതിനെ സാധൂകരിക്കുന്ന പരിഗണനകൾ താഴെപ്പറയുന്നവ മാത്രമാണ്:—

ഒന്നാമതായി, ഹിന്ദുക്കൾക്കും മുസ്ലിമിങ്ങൾക്കും താന്താങ്ങളുടെ നിരങ്കുശമായ വികാസത്തിനു സ്വന്തമായ ഓരോ മേഖലയുണ്ടായിരിക്കണം.

രണ്ടാമതു്, വർഗ്ഗീയപ്രശ്നം വൈപരീത്യമണ്ഡലങ്ങൾ പെരുകാത്തരീതിയിൽ ഏററവും കുറഞ്ഞതോതിലാകത്തക്കവണ്ണം മേഖലകൾ നിർണ്ണയിക്കണം. അവസാനമായി, ആ വിധവിഭജനത്തിന്റെ ഉദ്ദേശം ഹിന്ദുക്കളെ നഷ്ടപ്പെടുത്തി മുസ്ലിങ്ങളെ മാത്രം ശക്തിപ്പെടുത്തുവാനായിരിക്കരുതെന്നുമാത്രമല്ല, മുസ്ലിങ്ങൾ ആവശ്യപ്പെടുന്നിടത്തോളംതന്നെ വികസനസന്ദർഭം ഹിന്ദുക്കൾക്കും നൽകുവാനുമായിരിക്കണം

ഈ വ്യവസ്ഥകൾ നിറവേററാത്ത ഏതൊരുവിഭജനവും കേവലം ഗുണശൂന്യമാണ്.

ഇന്ത്യയെ മേഖലകളായി വിഭജിക്കുന്ന നാലു പദ്ധതികളുണ്ട്.—

ഏ. ഗാന്ധിജിക്കുള്ള മി. ജിന്നായുടെ കത്തുകളിൽ സൂചിപ്പിച്ചിരിക്കുന്ന മി: ജിന്നായുടെ പദ്ധതി.

ബി രാജാജിഫാർമുലായിൽ നിർദ്ദേശിച്ചിരിക്കുന്ന പദ്ധതി.

സി. പ്രൊഫസർ കൂപ്ലൻഡിന്റെ പ്രദേശാസ്പദവിഭജനപദ്ധതി

ഡി. 1942-മാർച്ചിലെ നക്കൽപ്രഖ്യാപനത്തിൽ നിർദ്ദേശിച്ചിരിക്കുന്ന പദ്ധതി.

മുസ്ലിങ്ങൾക്കുവേണ്ടി മി. ജിന്നാ ആവശ്യപ്പെടുന്ന മേഖല മൂന്നു വിഭാഗം പ്രദേശങ്ങളെ ഉൾക്കൊള്ളുന്നു. (1) സിൻഡ്, ബലൂചിസ്ഥാൻ, വടക്കുപടിഞ്ഞാറെ അതിർത്തിദേശം എന്നീ ഇപ്പോൾതന്നെ മുസ്ലിംമേഖലകളായുള്ളവ 2) 43-ശതമാനം അമുസ്ലിങ്ങളുള്ള പഞ്ചാബു്, 45.27-ശതമാനം ഹിന്ദുക്കളുള്ള ബങ്കാളും ഇവരണ്ടിലും പ്രാമുഖ്യേന ഹിന്ദുക്കൾ നിവസിച്ചുവരുന്ന സുവിസ്തൃതപ്രദേശങ്ങൾ ഉൾക്കൊള്ളുന്നു. (3) 66.28-ശതമാനം ഹിന്ദുക്കളായ ആസ്സാം 60-ശതമാനം മുസ്ലിങ്ങളുള്ള സിൽഹററു ഡിസ്ട്രിക്ട് ഒഴിവാക്കിയാൽ ഈ പ്രോവിൻസിലെ ഹിന്ദുക്കൾ 75-ശതമാനത്തോടടുക്കും

ഈ മുസ്ലിംമേഖലയിൽ, അഥവാ മേഖലകളിൽ മുസ്ലിംജനസംഖ്യ 5.86 കോടിയും ഹിന്ദുജനസംഖ്യ 4.10-കോടിയും ഇതരർ 45-ലക്ഷവുമായിരിക്കും. മുസ്ലിംമേഖലയിലെ നാലര കോടി ജനങ്ങൾക്ക ഇന്നുള്ള സകല പ്രശ്നങ്ങൾക്കു പുറമേ മററു ചിലവയും ഉണ്ടായിരിക്കുന്നതും ഇവയെല്ലാംതന്നെ കുറെക്കൂടി ഉഗ്രമായിത്തീരുന്നതുമാണ്. നേരെമറിച്ചു ഹിന്ദുമേഖലയിലെ മുസലിംന്യൂനപക്ഷങ്ങളുടെ നില ഇന്നത്തേതുതന്നെയായിരിക്കും. ഹിന്ദു മുസ്ലിം ഐക്യം കൈവരുത്താനുള്ള പ്രേരണ ഹിന്ദുക്കളിൽനിന്നു അപ്രത്യക്ഷമാകുമെന്നുള്ളതിനാൽ മുസ്ലിങ്ങളുടെ നില കുറേക്കൂടി വഷളായിത്തീരും. മതപരമായ ഐകരൂപ്യപാലനത്തിനായി മുസ്ലിംമേഖലകളിലെ ഹിന്ദുകുടിയേററത്തെയും ഹിന്ദുമേഖലകളിലെ മുസ്ലിംകുടിയേററത്തെയും നിരോധിക്കുന്ന നിയമങ്ങൾ ഉണ്ടാക്കേണ്ടിവരും. ഇതു പരസ്പരം അസുഖത്തിനു കാരണമായിത്തീരും.

ജനങ്ങളെ ഒന്നാകെ മാററുകയെന്നതു പറഞ്ഞുകേൾക്കാൻ ആകർഷകമായ ഒരു നിർദ്ദേശമാണെങ്കിലും പ്രവർത്തിച്ചു ഫലിപ്പിക്കുന്നതിനു അത്യന്തം പ്രയാസമുള്ള ഒരു കാര്യമാണ് ഗ്രീസ്സിലും ടർക്കിയിലും ബൾഗേറിയായിലും നടന്ന അത്തരംപരീക്ഷണങ്ങളിൽ അനുഭവപ്പെട്ട കഷ്ടങ്ങളും ഇന്നത്തെ യുദ്ധത്തിൽ ലോകത്തെവിടെയും ശരണാർത്ഥികൾക്കു നേരിടുന്ന കഷ്ടതകളും ലക്ഷോപലക്ഷം ജനങ്ങളെ സ്ഥാനം മാററുകയും ഭൂപരമായ വേഴ്ചകളെ ശിഥിലമാക്കുകയും ചെയ്യുന്നതിനെപ്പററി വിചാരിക്കുന്നവർക്കെല്ലാം ഒരു താക്കീതായിരിക്കേണ്ടതാണ്.

ഇതരമേഖലകളിലെ തങ്ങളുടെ മതക്കാർ യഥാർത്ഥത്തിൽ അനുഭവിക്കുന്നതോ അനുഭവിക്കുന്നതായി സങ്കല്പിക്കപ്പെടുന്നതോ ആയ ദുരവസ്ഥയും ഇരുകൂട്ടരിലും അസ്വസ്ഥവിചാരങ്ങൾക്കു കാരണമായിത്തീരും മേഖലകൾ സ്വന്തം വ്യാപ്തിക്കുള്ളിലുള്ള ന്യൂനപക്ഷങ്ങളുടെനേർക്കു പ്രതീകാരനടപടികൾ നടത്തുവാൻ നിർബന്ധിതമായിതീർന്നു എന്നുവരികയും അതു മേഖലകൾ തമ്മിൽ അഗാധതരമായ ശത്രുത ഉളവാക്കുകയും ചെയ്യാം. പ്രാമുഖ്യേന ഹൈന്ദവമായ പ്രദേശങ്ങളെ മുസ്ലിങ്ങളുടെ പ്രത്യേകഭരണത്തിൻ കീഴിലേക്കു മാററുന്നതു ഹിന്ദുക്കളുടെ മനസ്സിൽ തങ്ങളുടെ നഷ്ടപ്പെട്ട ഭൂമി വീണ്ടെടുക്കണമെന്ന വിചാരത്തെ തീക്ഷ്ണതരമാക്കാൻ ഇടവരുത്തും. ഇതിൽനിന്നുളവാകുന്ന പുതിയ മനഃക്ഷോഭം കുറെക്കാലത്തേക്കു കാര്യങ്ങ

(ശേഷം 15-ാം പേജിൽ)

ഹൂപി (കാഫനാശി)




എല്ലാംവിധ ചുമ കൾക്കും, വില്ലൻചുമ, ജലദോഷം, ശ്വാസനാള രോഗം, കാസശ്വാസം എന്നിവയ്ക്കെല്ലാം ഒരുകണ്ടദിവ്യൗഷധം.

ചെറുതരം 1 രൂ. 4 ണ. വൻതരം 4 രൂ. 8 ണ.

ആൻറി 'എഫ്' മലേറിയാ വടികകൾ.

25 നു 1 രൂ. 4 ണ.

'സുനന്ദരസ'. ആരോഗ്യം. ബലം, ഓജസ്സ് എന്നിവയ്ക്കുള്ള രസായനം.

വില 11 രൂ 4 ണ. പോസ്റ്റ് ഫ്രീ.

ആയുർവേദൗഷധങ്ങളും ഹോമിയോയും ബയോകെമക് ഔഷധങ്ങളും ഇവിടെ നിന്നു ലഭിക്കുന്നതാണ്. എഴുത്തുകുത്തു് ഇംഗ്ലീഷിൽ. എഴുതേണ്ട മേൽവിലാസം:—

ഡാക്ടർ റാവു ലാബറട്ടറി,
ആയുർ ഫാർമാ വർക്ക്സ്,
മാധവനഗർ, എം. എസ്. എം. റയിൽവേ.

Dr. Rao Laboratory,
Ayur-Pharma-Works,
Madhavanagar, M. S. M. Ry.

# ഈശ്വരഭക്തി

(ആഗമാനന്ദസ്വാമികൾ)

[വൃശ്ചികം 21-ാംതീയതി വയ്ക്കത്തുവച്ചു ചെയ്ത പ്രസംഗത്തിന്റെ ചുരുക്കം.]

ഹിന്ദുക്കൾ ഒന്നാമതു് അറിയേണ്ടതു ഈശ്വരൻ ഒന്നേയുള്ളുവെന്നാണു്. ഈശ്വരനെപ്പററി അറിയുന്നതു് ഈശ്വരഭക്തിയ്ക്കു് അത്യന്താപേക്ഷിതമാണല്ലൊ. ദേവന്മാർ പലരുണ്ടെങ്കിലും ഈശ്വരൻ ഒന്നേയുള്ളു. ദേവന്മാർ സർവ്വവ്യാപികളല്ല ഈശ്വരൻ സർവ്വവ്യാപിയാണു്. ഇതാണു വ്യത്യാസം.

ബ്രഹ്മാവു്, വിഷ്ണു, ശിവൻ, ഗണപതി, സുബ്രഹ്മണ്യൻ, ശാസ്താവു മുതലായ നാനാമൂർത്തികളെ അവരെസംബന്ധിച്ചു പുരാണങ്ങളിൽ പറഞ്ഞിരിക്കുന്ന കഥകളെ അടിസ്ഥാനമാക്കി സർവ്വേശ്വരബുദ്ധിയില്ലാതെ ഉപാസിക്കുന്നവരാണു് അധികമാളുകളും. അവരെ അല്പബുദ്ധികളെന്നു ഭഗവാൻ ശ്രീകൃഷ്ണൻ ഗീതയിൽ പറയുന്നു.

അന്തവത്തു ഫലം തേഷാം
തദ്ഭവത്യല്പമേധസാം.

അല്പബുദ്ധികളായ അവരുടെ ഉപാസനയുടെ ഫലം അവസാനമുള്ളതാണു്; അതായതു പരിമിതമാണു് എന്നർത്ഥം. ഈ ഭാഗം വ്യാഖ്യാനിക്കുമ്പോൾ ശ്രീശങ്കരാചാര്യർ "ഏവം സമാനേ/വ്യായാസെ മാം ഏവ ന പ്രപദ്യന്തേ/നന്തഫലായ, അഹോ ഖലുകഷ്ടം വർത്തതെ, ഇത്യനുക്രോശം ദർശയതി ഭഗവാൻ' എന്നു പറയുന്നു അതായതു 'രണ്ടുജാതി ഭജനത്തിനും — ഈശ്വരഭജനത്തിനും ദേവതോപാസനത്തിനും പ്രയത്നം തുല്യമാണെങ്കിലും അനന്തഫലത്തിനായിക്കൊണ്ടു ജനങ്ങൾ എന്നെ സേവിക്കുന്നില്ല. അഹോ കഷ്ടം! എന്നിങ്ങനെ ഭഗവാൻ കരുണയെ സൂചിപ്പിക്കുന്നു." എന്നർത്ഥം. ഈശ്വരൻ സ്വയം അരൂപനും പരമാർത്ഥത്തിൽ ചിന്താതീതനും ആണു്. ആ സ്ഥിതിയ്ക്കു് ഈശ്വരനെ സേവിക്കുന്നതെങ്ങനെയാണു്? ഈശ്വരനെ സേവിക്കുന്നതും ദേവതാരൂപങ്ങളിൽക്കൂടിത്തന്നെയാണു് വ്യത്യാസം ദേവതോപാസനയിൽ ഭേദബുദ്ധിയുണ്ടെന്നും ഈശ്വരോപാസനയിൽ അതില്ലെന്നും ഉള്ളതാണു്. പരമാർത്ഥത്തിൽ ഈശ്വരൻ ഒന്നു് അദ്ദേഹം ജീവന്മാരും ജഗത്തും ആയിത്തീർന്നിരിക്കുന്നു. ദേവന്മാരായിത്തീർന്നതും അദ്ദേഹംതന്നെയാണു്. അതിനാൽ ദേവതാരൂപങ്ങളിൽ കൂടി ഈശ്വരനെ ഉപാസിക്കുന്നതു ശരിതന്നെയാണു്. എന്നാൽ ഈശ്വരൻ സർവ്വവ്യാപി, സർവ്വശക്തൻ, സർവ്വജ്ഞൻ ആണെന്നുള്ള ബുദ്ധി ഉപാസകന്നുണ്ടായിരിക്കണം. ദേവതോപാസകന്മാർ പലപ്പോഴും ഈ തത്വം മറന്നുകളയുന്നു അതായതു യാതൊരു ചൈതന്യമാണോ തന്റെ ഇഷ്ടദേവനായിരിക്കുന്നതു് അദ്ദേഹംതന്നെയാണു പല ഭാവങ്ങളിൽ പലരുടേയും ഇഷ്ടദേവനായും ജീവനായും ജഗത്തായും ഇരിക്കുന്നതു്. ഈ ബോധം ഉണ്ടാകുന്നതോടുകൂടി ഉപാസകന്റെ മനോവൃത്തിയ്ക്കു വലുതായ മാററമുണ്ടാകുന്നു അതു നിമിത്തം അയാളുടെ ജീവിതംതന്നെ പാടെ മാറുന്നു. ഇതാണു ഞാൻ ഇന്നു നിങ്ങളോടാവശ്യപ്പെടുന്നതു്

ദേവതോപാസനയിൽനിന്നു് ഈശ്വരോപാസനയിലേക്കു ഉയരുകയും സാമാന്യജനങ്ങളുടെ ബുദ്ധിയെ ഉയർത്തുകയുമാണു് ഹിന്ദുക്കളുടെ പ്രധാന ധർമ്മം. സാമാന്യജനങ്ങൾ ഇപ്പോഴും ഈശ്വരനെപ്പററി അറിഞ്ഞിട്ടില്ല. ക്രിസ്ത്യാനികളുടേയും മുസൽമാന്മാരുടേയും ഇടയിൽ ആദ്യം പഠിപ്പിക്കുന്ന പാഠം ഈശ്വരൻ ഏകനാണു്; അദ്വിതീയനാണു് എന്നാകുന്നു ഹിന്ദുക്കളും അവരുടെ കുട്ടികളെ ഈ പാഠം പഠിപ്പിക്കണം.

അപ്പോൾ അവരിൽനിന്നൊരുചോദ്യം വരാം ഈശ്വരൻ ഒരുവനെങ്കിൽ ഈ ദേവന്മാരെല്ലാം എങ്ങനെയുണ്ടായി എന്നു്. അതിനുത്തരം ഇവരെല്ലാം ഒരേ ഈശ്വരന്റെ വിഭൂതികളാണെന്നാണു.

"ശ്രീശശസേശഹരിസ്യം
ഭജിദാംബികയ-
വിഷ്ണ ഗേശഭൂതി പതിനാമ
വിളിന്ന ഭൂമ്നഃ

എന്നത്രേ തന്ത്രസമുച്ചയക്കാരൻ പറയുന്നതു്. സമുച്ചയമാണു് കേരളത്തിലെ ഏററവും പ്രധാനപ്പെട്ട പൂജാഗ്രന്ഥം പൂജകഴിക്കുന്നതിന്റെ നിയമങ്ങളുപദേശിക്കുന്ന ഈ ഗ്രന്ഥത്തേക്കാൾ പ്രാമാണ്യം ഇതേപ്പററി പറയാൻ മറെറാന്നിനും ഇല്ല ആ ഗ്രന്ഥത്തിൽതന്നെ ഈശ്വരരഹസ്യം വെളിപ്പെടുത്തിയിട്ടുണ്ടു്. പ്രധാനമായിട്ടു ഹിന്ദുക്കൾക്കുള്ളതു് ബ്രഹ്മാവിഷ്ണുമഹേശ്വരന്മാരാണല്ലോ. ഇതെല്ലാം ഒരേ ഈശ്വരന്റെ അവസ്ഥാഭേദങ്ങളെന്നു കാളിദാസൻ പറയുന്നു.

തിസ്രഭിസ്ത്വ മവസ്ഥാഭി-
ർമ്മഹിമാന മുദീരയൻ
പ്രളയസ്ഥിതിസർഗ്ഗാണാ-
മേകഃകാരണതാംഗതഃ

എന്നാണു അദ്ദേഹം പറയുന്നതു്. മൂന്നവസ്ഥകളെക്കൊണ്ടു തന്റെ മഹിമയെ പ്രകടമാക്കിക്കൊണ്ടു് ഒരേ ആൾതന്നെ സൃഷ്ടിസ്ഥിതിസംഹാരങ്ങൾക്കു കാരണമായിത്തീർന്നിരിക്കുന്നു. ഒരേആൾതന്നെ മൂന്നുഭാവങ്ങളെ അവലംബിക്കുന്നതെങ്ങനെയെന്നു പിന്നേയും ചോദ്യംവരാം. "ഏകോƒഹം ബഹുസ്യാം പ്രജായേയേതി", എന്നാണു സ്രഷ്ടാവിന്റെ സൃഷ്ടിരഹസ്യമെന്നു ഉപനിഷത്തുകളിൽ പറയുന്നു ഈശ്വരൻ അംശംകൊണ്ടു ബ്രഹ്മാവിഷ്ണുമഹേശ്വരന്മാരായിരിക്കുന്നുവെന്നും ചിലർ പറയുന്നു. 'അംശംകൊണ്ടു്' എന്നു കേട്ടിട്ടു പിന്നെയും ചിലർ സംശയിക്കുന്നു. ഈശ്വരന്നും അംശമുണ്ടോ എന്നു്-ഇതിനുത്തരം വേദാന്തികൾ പറയുന്നതു ഈശ്വരൻ പലതായി തിരിയുകയല്ല; ഒരേ ഐന്ദ്രജാലികൻ തന്റെ ശക്തികൊണ്ടു കാണികളുടെ കണ്ണിൽ പലതായി നിൽക്കുന്നതുപോലെ എന്നാണു്. ഇന്ദ്രജാലക്കാരൻ സ്വസ്വത്തയ്ക്കു ഹാനിവരുത്തിയിട്ടല്ല പലതായി തീരുന്നതു്. ഐന്ദ്രജാലികൻ വേറെ നിൽക്കുന്നു. അയാളുടെ വിഭൂതികൊണ്ടു് അനവധിയാളുകളുണ്ടാകുന്നു. അവരിൽനിന്നു ചിലപ്പോൾ പുത്രപൗത്രന്മാരും ഉണ്ടാകുന്നു. ഇവരെല്ലാം ഐന്ദ്രജാലികങ്കൽനിന്നന്യരോ ഐന്ദ്രജാലികനോടൊന്നായവരോ? ഇവരെല്ലാം ഉള്ളവരോ ഇല്ലാത്തവരോ? നാം കാണുന്നു അതിനാൽ ഉള്ളവർ പ്രത്യക്ഷമാണല്ലോ ഏററവും വിശ്വാസ്യം. എന്നാൽ ഉപാദാനകാരണമെന്തു്? ഇല്ല. കാരണമില്ലാതെ കാര്യമുണ്ടോ? അതിനാൽ ഇല്ലാത്തവർ. ഇവർ ഐന്ദ്രജാലികന്റെ ശക്തിയിൽനിന്നുണ്ടായി. ഈ ശക്തിയും ഐന്ദ്രജാലികനും ഒന്നോ രണ്ടോ? ഇതിനെ പ്രകടമാക്കുന്നതിനുമുമ്പു ശക്തി എവിടെയിരുന്നു? ഐന്ദ്രജാലികനിൽ. പ്രകടമാക്കിയപ്പോൾ തന്നിൽനിന്നന്യമായോ? ഇല്ല വാസ്തവത്തിൽ ഐന്ദ്രജാലികനിൽനിന്നന്യമായെന്തുണ്ടായി? ഒന്നും ഇല്ല. ഇതുതന്നെ ഈശ്വരന്റെയും നില അതിനാൽ, ബ്രഹ്മാവിഷ്ണുമഹേശ്വരന്മാരും അവരിൽനിന്നുണ്ടായ ദേവീദേവന്മാരും ഈശ്വരങ്കൽനിന്നന്യമല്ല.

ദേവീമാഹാത്മ്യം പത്താംഅദ്ധ്യായത്തിൽ സുംഭനിസുംഭന്മാരും ദേവിയുമായുള്ള യുദ്ധത്തിൽ നിസുംഭൻ മരിച്ചു സുംഭൻ തനിച്ചാകുമ്പോൾ അയാൾ ദേവിയോടു പറയുന്നു:

ബലാവലേപാ ദ്ദുഷ്ടേത്വം
മാ ദുർഗ്ഗേ ഗർവ്വമാവഹ
അന്യാസാം ബലമാശ്രിത്യ
യുദ്ധ്യസേ ചാതിമാനിനി!

അതിനു ദേവിപറയുന്നു: —

ഏകൈവാഹം ജഗത്യത്ര
ദ്വിതീയാ കാ മമാപരാ
പശ്യൈതാ ദുഷ്ട! മയ്യേവ
വിശന്ത്യോ മദ്വിഭൂതയഃ

"ഈ ലോകത്തു ഞാൻ ഒരുവളേ ഉള്ളു. എന്നിൽനിന്നന്യമായിട്ടു രണ്ടാമതാരുണ്ടു? ദുഷ്ടാ ഈ എന്റെ വിഭൂതികളെല്ലാം എന്നിൽതന്നെ തിരിച്ചുമടങ്ങുന്നതു നീ കണ്ടുകൊള്ളുക" എന്നു്.

തതസ്സമസ്താസ്താ ദേവ്യോ
ബ്രഹ്മാണീ പ്രമുഖാലയം
തസ്യാ ദേവ്യാസ്തനൌ ജഗ്മു-
രേകൈവാസീത്തദാംബികാ.

(അനന്തരം ബ്രഹ്മാണി തുടങ്ങിയ ആ ദേവികൾ ആ ദേവിയുടെ ശരീരത്തിൽ ലയിച്ചു. അപ്പോൾ അംബിക ഏകയായിത്തന്നെ ഭവിച്ചു)

ദേവി പറയുന്നു:

അഹം വിഭൂത്യാ ബഹുഭി-
രിഹ രൂപൈര്യദാ സ്ഥിതാ
തത്സംഹൃതം മയൈകൈവ
തിഷ്ഠാമ്യാജൌ സ്ഥിരോ ഭവ!

(ഞാൻ വിഭൂതികൊണ്ടു് പലരൂപങ്ങളോടുകൂടി സ്ഥിതിചെയ്തിരുന്നു. അതു ഞാൻ ഇതാ സംഹരിച്ചു. ഇപ്പോൾ ഞാൻ ഏകയായിത്തന്നെ യുദ്ധക്കളത്തിൽ നിൽക്കുന്നു. നീ യുദ്ധത്തിൽ സ്ഥിരനായി നിൽക്കുക.)

ഈ ഭാഗം വളരെ അർത്ഥവത്താണു് ബ്രഹ്മാവിൽനിന്നും വിഷ്ണുവിൽനിന്നുംമററുമുണ്ടായ ബ്രഹ്മ്യാദിദേവികൾ മഹാദേവിയിൽ ലയിക്കുന്നു! ഇതാണു സത്യം. എല്ലാം ശക്തിയിൽ

(ശേഷം 4-ാംപേജിൽ)



സാധാരണ കുളത്തിലെയോ നദിയിലെയോ സ്നാനം ചെയ്യുന്ന ദക്ഷിണഭാരതീയർ മുമ്പെല്ലാം തേച്ചുകുളിപ്പാൻ സോപ്പിനു പകരം ഇരുപ്പപ്പിണ്ണാക്കാണു് അധികമായും ഉപയോഗിക്കാറു പതിവു്. അന്നു സോപ്പിന്റെ നാമലേശംപോലും അവർ കേട്ടിട്ടില്ലായിരുന്നു! എന്നാൽ ഇന്നു് ക്ഷണം ശുദ്ധീകരിക്കുന്നതും വിശ്രാന്തിജനകവുമായ ഹമാം ഉണ്ടല്ലൊ, സ്നാനത്തിന്നു് ഒരു പ്രത്യേക ആനന്ദമേകുവാൻ. കലർപ്പില്ലാത്ത സസ്യതൈലങ്ങളെക്കൊണ്ടു് തയ്യാറാക്കപ്പെടുന്ന ഹമാമിൽ പഴഞ്ചൻമുറകളുടെ ഗുണവിശേഷങ്ങളൊന്നിച്ചു് നവീനസോപ്പിന്റെ വിശിഷ്ടാംശങ്ങളുമെല്ലാം തികച്ചും കാണാം.

**ഹമാം**

നിങ്ങളുടെസ്നാനത്തിനു പററിയ വലിയ സോപ്പു്.




A TATA PRODUCT

ടോംകോ വില്പനശാല,
ബിഗ്ബസാർ, പാലക്കാട്ടു്.

## ഈശ്വരഭക്തി

(3-ാംപേജിൽനിന്നും തുടർച്ച)

ൽ ലയിക്കുന്നു. ശക്തിയിൽനിന്നുണ്ടാകുന്നു. ശക്തി ഈശ്വരങ്കൽ ഇരിക്കുന്ന മററുള്ളവരുടെ ശക്തിയും ഈശ്വരശക്തിതന്നെ. യാതൊരു ഈശ്വരൻ ജീവജഗത്തുകളായിസ്ഥിതിചെയ്യുന്നുവോ അദ്ദേഹംതന്നെ നാനാദേവീദേവന്മാർ. അദ്ദേഹം ഏകൻ; അദ്വിതീയൻ.

അദ്ദേഹത്തോടുള്ള ഭക്തിയാണു ഈശ്വരഭക്തി. ഭക്തിയെന്നാൽഎന്തു്? സ്നേഹം. വെറുംസ്നേഹം. നമ്മിൽ വളരെയാളുകൾ കുറച്ചുസമയം നാമം ജപിക്കുകയോ ക്ഷേത്രത്തിൽവന്നു തൊഴുകയോ ചെയ്യുന്നതുകൊണ്ടു് ഭക്തന്മാരാണെന്നഭിമാനിക്കുന്നു. ഭക്തിയെന്നതുസ്നേഹമാണു്. സ്നേഹത്തിന്റെ ലക്ഷണമെന്തു്?

"ദർശനേ സ്പർശനേവാപി ശ്രവണേ
ഭാഷണേƒപി വാ
യത്ര ദ്രവത്യന്തരംഗം സസ്നേഹ-
ഇതി കഥ്യതേ."

ആരെ കാണുകയോ തൊടുകയോ ആരു സംസാരിക്കുന്നതു കേൾക്കുകയോ ആരോടു സംസാരിക്കയോ ചെയ്യുമ്പോൾ മനസ്സു് അലിയുന്നുവോ ആ ആളിൽ നമുക്കു സ്നേഹമുണ്ടെന്നു പറയാം. കാണാത്തപ്പോൾ കാണാൻ തീവ്രമായ അഭിലാഷമുണ്ടായിരിക്കയുംചെയ്യും. ഈശ്വരനെക്കാണാൻ നമ്മിൽ എത്രപേർ ആഗ്രഹിക്കുന്നു? പ്രായേണ ലക്ഷത്തിലൊരുവനുണ്ടോ, എന്നു സംശയം. ഈശ്വരാരാധനയ്ക്കുള്ള ക്ഷേത്രത്തിൽ വരുമ്പോഴും നാം വിചാരിക്കുന്നതെന്തിനെക്കുറിച്ചാണു്? ഭാര്യയേയോ, കുട്ടികളെയോ, വസ്തുക്കളേയോ, കേസിനേയോ മററാതുണു്. നാം പ്രാർത്ഥിക്കുന്നതെന്തിനുവേണ്ടിയാണു? പണവും കീർത്തിയും കേസുവിജയവും പുത്രലാഭവും ഉണ്ടാകാൻ അപ്പോൾ നമ്മുടെ സ്നേഹം എവിടെയിരിക്കുന്നു? ഇതിലെല്ലാം. ഈശ്വരങ്കലല്ല: പരമപ്രേമരൂപനായി പരമകാരുണികനായി ചിദ്ഘനനായ ഭഗവാനെ സ്നേഹിക്കാത്ത നാം ഭക്തന്മാരാണോ? ഒരിക്കലും അല്ല.

പുരാണങ്ങളിൽ, ഭക്തിയുണ്ടായാൽ മുക്തി കൈവരുമെന്നുകേട്ടു നാം നിയമങ്ങളെ പരിപാലിക്കുന്നതിൽ ശ്രദ്ധിക്കാറില്ല. "ഈശ്വരൻ സർവ്വവ്യാപിയാണു്." "ഭക്തിയുണ്ടായാൽ മുക്തിയും ഉണ്ടു്" പിന്നെ നിയമങ്ങളെല്ലാം എന്തിനു് എന്നാണു് പലരുടേയും ചോദ്യം. ഭക്തിയുണ്ടായാൽ പിന്നെ നിയമങ്ങളാവശ്യമില്ല. എന്നാൽ ഭക്തിയാർക്കുണ്ടു്? നമുക്കില്ലെന്നു ഞാൻ തെളിയിച്ചുകഴിഞ്ഞു. വീട്ടിൽപോലും ഈശ്വരചിന്തയല്ലാതെ മററു ചിന്തയില്ലാത്തവനാണു ഭക്തൻ. നമുക്കു ക്ഷേത്രത്തിലും ലോകചിന്തയും ഗൃഹചിന്തയുമാണു്. എല്ലാസമയവും ഈശ്വരചിന്തചെയ്യുന്നവനാണു ഭക്തൻ. ഈശ്വരചിന്തയ്ക്കായി നീക്കിവയ്ക്കുന്ന വ്രതദിവസങ്ങളിലും ലോകകാര്യങ്ങളാലോചിക്കുന്നവരാണു നാം. അതുകൊണ്ടു നാം നിയമപരിപാലനത്തിന്നതീതരാണെന്നു പറയുന്നതു തെററാണു്.

ഭക്തിയുണ്ടാകുന്നതുവരെ നാം എന്തുചെയ്യണം? അഹിംസ, സത്യം, ബ്രഹ്മചര്യം, അപരിഗ്രഹം എന്നിവയെ ശീലിക്കണം. വാക്കു്, മനസ്സു്, ശരീരം എന്നിവയെക്കൊണ്ടു സകലജീവികൾക്കും സദാകാലവും നന്മയെ ആഗ്രഹിയ്ക്കുന്നതു് അഹിംസ. എന്തിനേയും കൊല്ലാതിരിയ്ക്കുന്നതു അഹിംസയെന്നു ചിലർ പറയുന്നു. ഇതു ആർക്കും സാദ്ധ്യമല്ല ഇതനുസരിച്ചു വയററിളക്കാൻ മരുന്നുകുടിച്ചാൽ അതു ഹിംസയാകും. ടൈഫോയിഡു്, കാളറാ മുതലായ സാംക്രമികരോഗങ്ങൾക്കു് മരുന്നുകുടിച്ചാൽ അതു ഹിംസയാകും. ആതരം അഹിംസ ആർക്കും സാദ്ധ്യമല്ല മതം എന്നതു സ്വപ്നത്തിൽ ഇരിക്കാനുള്ളതല്ല. അതു പ്രായോഗികമായിരിക്കണം.

സത്യമില്ലാത്തവനു സത്യസ്വരൂപനെ സമീപിക്കാൻ സാധിക്കയില്ല ബ്രഹ്മചര്യം വളരെ പ്രധാനമാണു്. ഉപസ്ഥേന്ദ്രിയത്തിൽക്കൂടി പ്രവഹിക്കുന്ന മനസ്സിനു് ഭഗവാനിലേക്കു പ്രവഹിക്കാൻ സാധ്യമല്ല. ഒരിക്കലും മടിയനാകാതിരിക്കുന്നതാണു് അപരിഗ്രഹം. എപ്പോഴും വേലചെയ്യണം.

"കുരുകർമ്മൈതസ്മാത്ത്വം
കർമ്മജ്യായോഹ്യകർമ്മണഃ"

(അതുകൊണ്ടു നീ കർമ്മംതന്നെ ചെയ്യണം. കർമ്മം കർമ്മംചെയ്യാതെ, മടിയനായിരിക്കുന്നതിനേക്കാൾ വളരെ ഉൽകൃഷ്ടമാണു്.) എന്നു ഭഗവാൻ ഗീതയിൽ പറയുന്നു ഹിന്ദുക്കൾ എന്തു ചെയ്യുന്നു? തൊഴിലെടുക്കാതെ വല്ലവരും തരുന്ന ചോറുകൊണ്ടു കുറെ ശബ്ദങ്ങൾ. ഉണ്ടാക്കിനടന്നാൽ ഭക്തന്മാരായെന്നു വിചാരിക്കുന്നു ഗൃഹസ്ഥനു അന്യന്റെ ചോറു വേലയെടുക്കാതുണ്ണാൻ ശാസ്ത്രവിധിയില്ല. സന്യാസിയ്ക്കും ബ്രഹ്മചാരിയ്ക്കുംമാത്രമാണു ഭിക്ഷയ്ക്കധികാരം. സന്യാസിയെന്നാൽ ചുവന്ന മുണ്ടുടുത്തവനെന്നർത്ഥമല്ല. അനേകായിരം ചെറുപ്പക്കാർ വിഭവസമൃദ്ധമായ പ്രകൃതിദേവിയനുഗ്രഹിച്ച തിരുവിതാംകൂറിൽ ഭക്തന്മാരാണെന്നുപറഞ്ഞു വേലയെടുക്കാതെ പരാന്നം ഭക്ഷിച്ചുജീവിക്കുന്നതു കാണുമ്പോൾ ഇവിടത്തെ ധർമ്മക്ഷയം എന്നെ വല്ലാതെ വ്യാകുലനാക്കുന്നു.

തിരുവിതാംകൂറിലെ ഭൂസ്വത്തുക്കളിൽ അധികഭാഗം ഇന്നാരു കൃഷിചെയ്യുന്നു? ഇവിടത്തെ കച്ചവടം പ്രധാനമായി ആരുടെ കയ്യിൽ? വ്യവസായങ്ങൾ ആരുടെ കയ്യിൽ? ധർമ്മസ്ഥാപനങ്ങൾ നടത്തുന്നതാരു്? അവയ്ക്കു പണംകൊടുക്കുന്നതാരു? ഹിന്ദുക്കളാണോ? അഹോ ധർമ്മക്ഷയം. ഹിന്ദുമതം ഇതല്ല പഠിപ്പിക്കുന്നതു്. ഇതല്ല ഈശ്വരഭക്തി. ഈശ്വരഭക്തൻ നിവൃത്തിയുണ്ടെങ്കിൽ മററുള്ളവന്റെ ചോറുണ്ടുജീവിക്കാൻ ആഗ്രഹിക്കയില്ല. ഭക്തിയുണ്ടാകണമെങ്കിൽ നല്ലവണ്ണം വേലചെയ്യണം.

നിയമങ്ങളും പരിപാലിക്കണം. ശുചിത്വം വളരെ ആവശ്യമാണു്. ശൌചം അഥവാ ശുദ്ധി അഞ്ചുവിധമുണ്ടു്.

മനഃശൌചം കർമ്മശൌചം
കുലശൌചം ച ഭാരത!
ശരീരശൌചം വാക്ശൌചം
ശൌചം പഞ്ചവിധം സ്മൃതം

എന്നു ഭാരതത്തിൽ പറയുന്നു. ശരീരശുദ്ധി, വാക്ശുദ്ധി, മനഃശുദ്ധി, കർമ്മശുദ്ധി, കുലശുദ്ധ എന്നിവയാണു അവ. ക്ഷേത്രപരിസരങ്ങളിൽപോലും ആഭാസവാക്കുകളുപയോഗിക്കാൻ മടിക്കുന്നില്ലെന്നുള്ളതു എത്ര കഷ്ടമാണു്. വാക്കു ശുദ്ധമായിരിക്കണം. ശരീരം വൃത്തിയാക്കിവയ്ക്കണം. മനസ്സിൽ ചീത്ത വിചാരങ്ങൾ വരാതിരിക്കണം വന്നാൽ അവയെ അടിച്ചു പുറത്താക്കണം. ഏതു പ്രവൃത്തി ചെയ്താലും വൃത്തിയായി ചെയ്യണം. തന്റെ കുടുംബംമുഴുവൻ ശുദ്ധിയോടുകൂടി ജീവിക്കുന്നതിൽ നിഷ്കർഷിക്കണം. തപസ്സു ആണു അടുത്തതു്. എന്തും തിന്നും എന്തും കുടിച്ചും നടക്കുന്നവൻ ഭക്തനല്ല; * ഭക്തപ്രിയനാണു്. നാക്കിനെ അടക്കണം ഭക്തിപരങ്ങളായ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുകയും ഈ ലോകംമുഴുവൻ ഈശ്വരന്റേതാണെന്നുറപ്പിച്ചു ആത്മസമർപ്പണം ചെയ്യുകയും മനസ്സിനെ ഏതവസ്ഥയിലും സാമ്യാവസ്ഥയിൽ വച്ചുകൊണ്ടിരിക്കാൻ ശ്രമിക്കയുംവേണം. ഇതെല്ലാം വളരേക്കാലം ചെയ്യാതെ, നിഷ്കർഷയോടുകൂടി ചെയ്യാതെ, ഭക്തിയുണ്ടാകയില്ല. യഥാർത്ഥഭക്തി നിങ്ങൾക്കുണ്ടാകട്ടെ!

—•—

* ഭക്തമെന്ന പദത്തിനു ചോറെന്നും അർത്ഥമുണ്ടു്.

## സമരമുഖത്തുനിന്നെത്തിയ മലയാളിറിപ്പോർട്ടർ

—•—

ഒരു മുന്നണി റിപ്പോർട്ടർ തന്നെപ്പററി മിക്കപ്പോഴും അധികമൊന്നും സംസാരിക്കാറില്ല. മററുള്ളവരെ ജനറൽമുതൽ ശിപായിവരെയുള്ളവരെ പ്രേരിപ്പിച്ചു അവരുടെ പരാക്രമങ്ങളെപ്പററി അവരിൽനിന്നു അറിയുകയാണു അദ്ദേഹത്തിന്റെ ജോലി.

രണ്ടിൽചില്വാനംകൊല്ലം മദ്ധ്യപൂർവ്വദേശത്തും മെഡിററേനിയൻരംഗത്തും സേവനം അനുഷ്ഠിച്ചശേഷം, അഞ്ചാമത്തു മഹാരാഷ്ട്റാ ലൈററ്ഇൻഫൻട്രിയിലെ ക്യാപ്ടൻ ഉണ്ണിനായർ എം. ബി. ഇ ഇപ്പോൾ ഇന്ത്യയിലെത്തിയിരിക്കുന്നു. പ്രഥമഇന്ത്യൻ സൈന്യനിരീക്ഷകന്മാരിൽ ഒരാളാണു ക്യാപ്ടൻ നായർ.

ഇന്ത്യാകമാണ്ടാണു ആഫീസ്സർ നിരീക്ഷകന്മാരെ ആദ്യമായി ഏർപ്പെടുത്തിയതു്. ക്യാപ്ടൻ നായരെ ഇങ്ങനെയൊന്നു വർണ്ണിക്കാം. ഇടത്തരം ശരീരപ്രകൃതി. എല്ലായ്പ്പോഴും പുഞ്ചിരി തൂകിക്കൊണ്ടാണിരിക്കുക അഹംഭാവം തെല്ലുപോലുമില്ല. യുദ്ധക്കളത്തിൽനിന്നു വളരെവളരെ അകലെ കഴിഞ്ഞുകൂടുന്ന പത്രവായനക്കാരനു എത്രമാത്രം വിവരങ്ങൾനൽകി അയാളെ ആഹ്ലാദിപ്പിക്കുവാൻ കഴിയുമെന്നും, നോട്ടുബുക്കും പെൻസിലും എടുത്തുകൊണ്ടു നമ്മുടെ സൈന്യങ്ങളുടെ കൂടെ പോയിരുന്ന ക്യാപ്ടൻ നായർ കാണിച്ചിരിക്കുന്നു

ഒരുപത്രപ്രവർത്തകനായിരുന്ന കഥാപുരുഷൻ യുദ്ധത്തിനു മുമ്പുതന്നെ ആർമിയിൽ കമ്മീഷൻഡു് ആഫീസ്സറായി ചേർന്നിരുന്നു. 1940-ൽ ക്രമാനുഗതമായ ജോലിയ്ക്കു അദ്ദേഹം നിയുക്തനായി. പബ്ലിക്ക്റിലേഷൻസു ഡയറക്ടർ അദ്ദേഹത്തെ നിരീക്ഷകനായി നിയോഗിക്കുമ്പോൾ, ക്യാപ്ടൻ നായർ, അഞ്ചാമത്തു മഹാരാഷ്ട്റലൈററ്ഇൻഫൻട്രിയിൽ പുതുതായി രൂപവൽക്കരിച്ച ബററാലിയനിൽ നാലുമാസക്കാലം സേവനംചെയ്തിട്ടുണ്ടായിരുന്നു.

ജപ്പാൻകാർ യുദ്ധം പ്രഖ്യാപിക്കുന്നതിനുമുമ്പു എട്ടുമാസക്കാലം മലയായിൽ നമ്മുടെ സേനകളുടെ പ്രവർത്തനങ്ങളെപ്പററി ക്യാപ്ടൻ റിപ്പോർട്ടുചെയ്തുകൊണ്ടിരുന്നു. പേൾഹാർമുഖത്തു ജപ്പാൻകാർ നടത്തിയ ആക്രമണങ്ങളെപ്പററി മനസ്സിലാക്കാൻ 1941 ഡിസംബറിൽ അദ്ദേഹം ഇന്ത്യയിലേയ്ക്കുമടങ്ങി. ഉടനേതന്നെതിരിയെ അയയ്ക്കണമെന്നു അദ്ദേഹം ആവശ്യപ്പെട്ടു. റങ്കൂൺ നഗരത്തിൽ ശത്രു ആദ്യമായി ബാംബുവർഷിക്കുകയുംപൗരജനങ്ങളെ യന്ത്രത്തോക്കിനിരയാക്കുകയുംചെയ്തസന്ദർഭത്തിൽതന്നെഅദ്ദേഹം അവിടെഎത്തി ബർമ്മായിൽ നിന്നുള്ള പിൻവാങ്ങലിൽ . പല പ്രാവശ്യവും ഞെങ്ങി ഞെരുങ്ങിയാണു ക്യാപ്ററൻ നായർ രക്ഷപെട്ടതു്. റോഡു് ബ്ലോക്കുചെയ്ത ഘട്ടത്തിൽ രണ്ടുതവണ അദ്ദേഹം ശത്രുവിന്റെ കയ്യിൽ പെട്ടു അപ്പോഴെല്ലാം അദ്ദേഹം രക്ഷപ്പെടുകയുംചെയ്തു അദ്ദേഹം അഭയം പ്രാപിച്ചിരുന്നവീട്ടിൽ ഒരു ബോംബു തറച്ചുവീണു. ഉപദ്രവമൊന്നു കൂടാതെ അദ്ദേഹം അവിടെനിന്നും രക്ഷപ്പെട്ടു ഒടുവിൽ ടാമുവിലൂടെ അദ്ദേഹം ഇന്ത്യയിലേക്കുമടങ്ങി. ഇങ്ങോട്ടുള്ള ദുസ്സഹമായ യാത്രയിൽ ഇന്ത്യൻ അഭയാർത്ഥികളോടൊപ്പം എല്ലാദുരിതങ്ങളും പ്രയാസങ്ങളും സഹിക്കതന്നെ ചെയ്തു. 1942-ൽ ധ്രുസ്റ്റർപ്രഭു അവർകളുടെ പര്യടനവിവരങ്ങൾ റിപ്പോർട്ടുചെയ്തശേഷം ക്യാപ്ററൻ പടിഞ്ഞാറെ മണലരണ്യത്തിൽ എത്തി. എൽഅലാമീനിൽ നാലാമത്തു ഇന്ത്യൻ ഡിവിഷന്റെ പോരാട്ടം കാണത്തക്കവണ്ണം തക്കസമയത്തുതന്നെ അദ്ദേഹം അവിടെ ചെന്നുചേർന്നു. ഡിവിഷന്റെകൂടെ നിന്നുകൊണ്ടു് അദ്ദേഹം യുദ്ധം മുഴുവനും കാണുകയുണ്ടായി. വാഡിഅകാറിററിൽവച്ചു ക്യാപ്ററനു മുറിവേററു. 16-ാമതു പഞ്ചാബ്റെജിമെന്റിലെ ഡോഗ്രാറോന്തുകാരോടുകൂടി ഒരു രാത്രിയിൽ സഞ്ചരിക്കുമ്പോൾ ഉത്തരാഫ്റിക്കയിൽവച്ചു ഒരു ജർമ്മൻ പതുങ്ങിയിരിപ്പുസ്ഥാനത്തു അദ്ദേഹം പിടിക്കപ്പെട്ടു. പതുങ്ങിയിരുന്നുകൊണ്ടു് മൂന്നുപേർ അവരുടെനേരെ യന്ത്രത്തോക്കൊഴിച്ചു അവർ നിലത്തു അലച്ചുവീണു. ടെയിസർബ്ബുള്ളററുകൾ അവിടെ ഉയർന്നുവളർന്നിരുന്ന പുല്ലുകൾ അരിഞ്ഞുകൊണ്ടുപോകുന്നതു അവർ കണ്ടു.

ഇററലിയിൽ എട്ടാമത്തു ഇന്ത്യൻ ഡിവിഷൻ ധീരമായി നടത്തിയ നദീസമരങ്ങൾ ക്യാപ്ററൻനായർ റിപ്പോർട്ടുചെയ്തിട്ടുണ്ടു്. ഒരു റോന്തുസംഘത്തോടൊരുമിച്ചു് പുറത്തേക്കുപോയപ്പോൾ ആദ്യം ആക്രമണം തരണംചെയ്തു ജർമ്മനക്കധീനമായിരുന്ന ഫ്ളോറൻസിന്റെ അർദ്ധാംശത്തിൽ കിടന്നവരുടെ കൂട്ടത്തിൽ ക്യാപ്ററൻ നായരും ഉൾപ്പെട്ടിരുന്നു നമ്മുടെ സേനകൾ ഗോതിക്ക്നിര ഭേദിക്കുന്നതിനു സഹായിച്ചുകൊണ്ടിരുന്നപ്പോൾ, ക്യാപ്ടൻ നായരും അവരുടെകൂടെയുണ്ടായിരുന്നു

ഇപ്പോൾ അദ്ദേഹം അവധിയിൽ ഇന്ത്യയിൽ തിരിച്ചെത്തിയിരിക്കയാണു്. ജാപ്പുകൾക്കെതിരായി ഇന്ത്യൻ യുദ്ധവീരന്മാർ നടത്തുന്ന ധീരകർമ്മങ്ങൾ ഒരിക്കൽക്കൂടി രേഖപ്പെടുത്തുവാൻ അദ്ദേഹം ഉടനെ ബർമ്മായിലേയ്ക്കു പോകുന്നതാണു്.

—•—

## വാസിനി

വായിച്ചുതുടങ്ങിയാൽ തീരുന്നതുവരെ താഴത്തുവയ്ക്കാത്ത ഒരു പരമരസികൻ നോവൽ

ഗ്രന്ഥകർത്താ,
എൻ. ബാപ്പുറാവു ബി. എ. ബി. എൽ.

വില രൂപാ ഒന്നര.

മാനേജർ,
ശ്രീരാമവിലാസംപ്രസ്സു്, കൊല്ലം

# ജന: ചെൻചെങ്ങ് ചൈനായിലെ പുതിയ യുദ്ധകാര്യമന്ത്രി

(ടി. സുകുമാരൻനായർ, ബി. എസ്സ്സി.)

നൈരാശ്യജനകമായ പരിതഃസ്ഥിതിയിൽപോലുംഅക്ഷീണമായി സ്വാതന്ത്ര്യത്തിനുവേണ്ടി പൊരുതുകൊണ്ടിരിക്കുന്ന ചൈനീസ് റിപ്പബ്ലിക്കിനെ ഇപ്പോഴത്തെ കുഴഞ്ഞ ആഭ്യന്തരസ്ഥിതിഗതികളിൽനിന്നും സമുദ്ധാരണംചെയ്ത് വിദേശീയശത്രുക്കളോടുള്ള യുദ്ധത്തിൽ പൂർവ്വാധികം കാര്യക്ഷമമാക്കുന്നതിനായി നിയമിക്കപ്പെട്ടിരിക്കുന്ന ഒരു ചൈനാക്കാരനായ സൈന്യാധിപനാണ് ജനറൽ ചെൻചെങ്ങ്. വിദേശികളായ ശത്രുക്കളുടെയും സഖികളുടെയും സ്വാർത്ഥമാത്രപ്രേരിതമായ പ്രചരണങ്ങളേയും, ആദർശശബ്ദങ്ങളിൽ പൊതിഞ്ഞ കാപട്യത്തേയും, അന്തർദ്ദേശീയാപജാപങ്ങളേയും, ക്രൂരമായ ആയുധശക്തിയേയും വിജയപൂർവ്വം നേരിടുന്നതിനുള്ള ഒരു രാഷ്ട്രത്തിന്റെ അജയ്യമായ ഇച്ഛാശക്തിയുടെ പ്രകടനമാണ് ഈ യോദ്ധാവിന്റെ പുതിയ നിയമനം പ്രത്യക്ഷമാക്കുന്നത്.

നിശ്ചയദാർഢ്യവും ചൊടിചൊടിപ്പും സാമർത്ഥ്യവും ഉള്ള ഒരു അനിതരസാധാരണനായ യുദ്ധതന്ത്രജ്ഞനാണ് ജനറൽ ചെൻചെങ്ങ്. നിരാഡംബരനായഇദ്ദേഹം മററസൈന്യാധിപന്മാരെ അപേക്ഷിച്ച് പ്രായം കുറഞ്ഞ ആളാണ്. ജപ്പാൻകാർ ൧൯൩൧ സെപ്റ്റംബർ ൧൮-ാംതീയതി ചൈനയുടെ വടക്കുകിഴക്കേസംസ്ഥാനമായ മഞ്ചൂറിയാ, മൂക്ക്ഡൻ റയിൽവേസ്റ്റേഷനിലെ ബോംബ്പൊട്ടലിനെ തുടന്ന് അന്യായമായി കൈവശപ്പെടുത്തിയപ്പോൾതന്നെ അക്രമകാരികളുടെനേക്ക് ആയുധമെടുക്കണമെന്ന് വാദിച്ചുതുടങ്ങിയതും ഇദ്ദേഹമായിരുന്നു. ചൈനായിൽ ജപ്പാന്റെ സാമ്രാജ്യം സ്ഥാപിക്കുവാനുള്ള യത്നത്തിന്റെ നാന്ദിയായിരുന്ന ആ സംഭവത്തിന്റെ യാഥാർത്ഥ്യം മനസ്സിലാക്കിയ ഈ യുദ്ധവീരന്റെ അഭിപ്രായം അന്ന് ആരും കാര്യമായി ഗണിച്ചില്ല

സേനാധിപന്മാരെ അഭ്യസിപ്പിക്കുന്നതിനുള്ള 'ക്ലലിംഗ്' പരിശീലനകേന്ദ്രത്തിന്റെ നടത്തിപ്പിൽ ചിയാങ്ങ് കൈഷക്കിന്റെ അസിസ്റ്റൻറായി ഇദ്ദേഹം ജോലി നോക്കിയിട്ടുണ്ട്. ൧൯൩൨-ൽ ചൈനായിലെ ഒരു പ്രാദേശിക എക്സിക്യൂട്ടീവ് പ്രസിഡൻറിന്റെ പുത്രിയായ മാഡം ററാൻ എന്ന വനിതയെ ഇദ്ദേഹം വിവാഹം ചെയ്തു. പയോട്ടിംഗ് എന്ന സ്ഥലത്തെ സൈനികപരിശീലനകേന്ദ്രത്തിൽനിന്നും ബിരുദ സമ്പാദിച്ചശേഷം ചെൻചെങ്ങ് ചെറുപ്പത്തിൽതന്നെ വാമ്പോ പരിശീലനകേന്ദ്രത്തിൽ ഒരു ഇൻസ്ട്രക്ടരായി ജോലിയിൽ പ്രവേശിച്ചു. ൧൯൨൭-൨൮-ൽ സൈനികപ്രഭുക്കളുമായി ഉണ്ടായ കലാപത്തിൽ അപ്രധാനമല്ലാത്ത ഒരു പങ്ക് ഇദ്ദേഹത്തിനുണ്ടായിരുന്നു. ൧൯൩൨-ന ശേഷം ഒരു സൈന്യവിഭാഗത്തിന്റെ നായകനായി ഇദ്ദേഹം നിയമിതനായി. ൧൯൩൭-ൽ ചൈനാ-ജപ്പാൻ യുദ്ധം ആരംഭിച്ചതോടുകൂടി ഷാംഗേയുദ്ധത്തിൽവെച്ച് ചെൻചെങ്ങിന്റെ സമർത്ഥമായ യുദ്ധതന്ത്രജ്ഞത പ്രകടമാക്കപ്പെട്ടു. അതിനെത്തുടന്ന് ആയുധത്തിലും പരിശീലനത്തിലും സുശക്തനായ ശത്രുവുമായി ഇദ്ദേഹം ക്യാംഗ്സു, ചെക്യാങ്ങ്, ആൻവേ മുതലായ സ്ഥലങ്ങളിൽവെച്ച് സ്തുത്യർഹമായി പോരാടി. സുശക്തരായ ശത്രുക്കളുടെ കൈരാതമായ ആക്രമണത്തെ പ്രതിരോധിക്കുന്നതിൽ നിരായുധമായ ചൈനീസ്സൈന്യത്തെ വിജയകരമായി വിനിയോഗിച്ചതിലാണ് ഇദ്ദേഹത്തിന്റെ യുദ്ധതന്ത്രജ്ഞത അനുമോദനാർഹമാംവണ്ണം വ്യക്തമായിഭവിച്ചതു്. ചെൻചെങ്ങിന്റെ കൌശലപൂർണ്ണമായ പ്രതിരോധം ഒന്നുകൊണ്ടുമാത്രമാണ്, ചൈനായിലെ സമുദ്രതീരസ്ഥിതങ്ങളായിരുന്ന വ്യവസായങ്ങൾ എല്ലാംതന്നെ കേടുകൂടാതെ അന്തർഭാഗങ്ങളിലേക്ക് മാററിസ്ഥാപിക്കുവാൻ സാധിച്ചതു്.

യുദ്ധനടത്തിപ്പിൽ മാത്രമല്ല ജനറൽ ചെൻചെങ്ങ് സാമർത്ഥ്യം പ്രകടിപ്പിച്ചിട്ടുള്ളതു്. ഒരു ഭരണതന്ത്രജ്ഞനായും ഇദ്ദേഹം പ്രശസ്തി സമ്പാദിച്ചിട്ടുണ്ട്. ഹൂപ്പേനഗരം ഇദ്ദേഹത്തിന്റെ കർമ്മകുശലതയുടെ പ്രത്യക്ഷദൃഷ്ടാന്തമാണ്. സാർവ്വത്രികമായ സൌജന്യവിദ്യാഭ്യാസം, ജനങ്ങളുടെ ജീവിതത്തോതു് അഭിവൃദ്ധിപ്പെടുത്തുക, ഇറിഗേഷൻപദ്ധതിയുടെ ഉദ്ധാരണം, കൂട്ടുകൃഷിസമ്പ്രദായത്തിന്റെ പ്രയോഗം മുതലായ മാർഗ്ഗങ്ങളിൽകൂടിആണ്. അദ്ദേഹം ചൈനീസ്ജനതയെ ഉദ്ധരിക്കുന്നതിനായി ശ്രമിച്ചതു്. ചൈനായിലെ ദേശീയസൈനികസമിതിയുടെ രാഷ്ട്രീയവകുപ്പിൽ അദ്ധ്യക്ഷനായി ജോലിനോക്കിയിരുന്ന ൧൯൩൮മുതൽ ൧൯൪൦വരെയുള്ള കാലങ്ങളിൽ ഇദ്ദേഹത്തിന്റെ ഭരണനൈപുണ്യവും പ്രതിഭാവിലാസവും പൂർവ്വാധികം തെളിഞ്ഞുകണ്ടു. ഇപ്പോഴത്തെ യുദ്ധത്തിൽ ചൈനായിലെ രണ്ടു സൈന്യങ്ങളുടെ അധിപനായിരുന്ന ഇദ്ദേഹം ഹൂപ്പേയ്ക്കു പടിഞ്ഞാറുവെച്ചു നടന്ന ചില യുദ്ധങ്ങളിൽ ജപ്പാൻകാരെ വിസ്മയനീയമാംവണ്ണം പരാജയപ്പെടുത്തിയിട്ടുണ്ട്.

ചൈനായിലെ ഇന്നത്തെ ആശാസ്യമല്ലാത്ത ആഭ്യന്തരപരിതഃസ്ഥിതികളിൽ ജനറൽ ചെൻചെങ്ങിന്റെ സൈനികനേതൃത്വം എത്രമാത്രം വിജയകരമായിരിയ്ക്കുമെന്നുള്ളതു് ഭാവിസംഭവവികാസങ്ങൾതന്നെ തെളിയിക്കേണ്ടിയിരിക്കുന്നു. രാജ്യത്തിലെ ഒരു പ്രമുഖ ഘടകമായ കമ്യൂണിസ്ററ്കക്ഷി ചിയാങ്ങ്കൈഷക്കിന്റെ ഭരണത്തെ അപലപിച്ചുകൊണ്ടിരിക്കുന്നു. പരിതഃസ്ഥിതികളെ ചൂഷണം ചെയ്ത് അവരുടെ ശക്തി സ്ഥാപിക്കുന്നതിനുള്ള ആസക്തിയാണ് അവർ പ്രകടമാക്കുന്നതു്. സഖികളായ അമേരിക്കയും ബ്രിട്ടനും ചൈനീസ് സൈന്യത്തെ സായുധമാക്കുന്നതിൽ എത്രമാത്രം താല്പര്യമുള്ളവരാണെന്ന് ഇനിയും വ്യക്തമാകേണ്ടിയിരിക്കുന്നു. ഇതുവരെയുള്ള അമേരിയ്ക്കൻസഹായത്തെക്കുറിച്ച് ചൈനായിലെ വിദേശകാര്യമന്ത്രി അടുത്തകാലത്തു ചെയ്ത പ്രസ്താവന അസുഖകരമായ ഈ യാഥാർത്ഥ്യത്തെ വെളിപ്പെടുത്തുന്നുണ്ട്. ജർമ്മനാധിപത്യത്തിൽനിന്നും സ്വതന്ത്രയാക്കപ്പെട്ട ഫ്റാൻസിനു് മൂന്നുമാസംകൊണ്ട് ഒരു സായുധസൈന്യത്തെ ജർമ്മനിയുടെ നേക്കുതന്നെ പ്രയോഗിക്കാൻ കഴിഞ്ഞിരിക്കുന്നു. എന്നിട്ടും മൂന്നുകൊല്ലക്കാലമായി സഖികളിൽനിന്നും സഹായം ലഭിച്ചുകൊണ്ടിരിക്കുന്ന ചൈനയ്ക്കു് ജപ്പാന്റെനേരെ ഒരു സുശക്തസൈന്യത്തെപ്പോലുംവിനിയോഗിക്കുന്നതിനു് കഴിയുന്നില്ല. പൌരസ്ത്യമേഖലയിൽ സുശക്തയും സ്വാതന്ത്ര്യയുമായ ഒരു ചൈനയുടെ സംസ്ഥാപനം പാശ്ചാത്യസാമ്രാജ്യമോഹികൾഅഭിലഷിക്കാൻന്യായമില്ലല്ലോ. ഇതുകൂടാതെ പരിതഃസ്ഥിതികളെ പ്രയോജനപ്പെടുത്തി ജപ്പാൻകാർ നേടിക്കൊണ്ടിരിക്കുന്ന സൈനികവിജയങ്ങൾ അനുദിനം ഉൽക്കണ്ഠാജനകമായിരിക്കുന്നു. ഈ യാഥാർത്ഥ്യങ്ങളെ നേരിടുന്നതിൽ ജനറൽ ചെൻചെങ്ങ് വിജയിയാകുകയാണെങ്കിൽ അതു് ചൈനായ്ക്കു മാത്രമല്ല ഇൻഡ്യയ്ക്കും മററ ചൂഷിതരാജ്യങ്ങൾക്കും ഒരു അനുഗ്രഹമായിരിക്കും. ചൈനീസ്കമ്യൂണിസ്ററുകളുടെ ചുങ്കിങ്ങിലെ ഇപ്പോഴത്തെ പ്രതിനിധിയായ ചൌ എൻ ലേയുമായി ഇദ്ദേഹത്തിനുള്ള സൌഹാർദ്ദബന്ധം വിദേശീയശത്രുക്കളോടുള്ള യുദ്ധത്തിന്റെ നടത്തിപ്പിൽ കമ്യൂണിസ്ററുകളും ചിയാംഗ്കൈഷക്കുമായി ഒരു ഒത്തുതീർപ്പിൽ എത്തിച്ചേരുന്നതിനു് സഹായകമായി തീരുമെന്നാശിക്കാം.

*



ഫ്റഞ്ച് രാജ്യസ്നേഹികൾക്കു നേതൃത്തുന്ന അന്ത്യകർമ്മങ്ങൾ ജർമ്മൻകാരുമായുള്ള പോരിൽ മൃതിയടഞ്ഞ 6 ഫ്റഞ്ച് ആഭ്യന്തര സേനാഭടന്മാരുടെ ശവസംസ്കാര ഘോഷയാത്രയിൽ അമേ: യോദ്ധാക്കൾ അകമ്പടി സേവിക്കുന്ന കാഴ്ച.



## ഊർമ്മിള

—o—

(എസ്. പുരുഷോത്തമൻനായർ)

(കുറത്തി)

ആദരങ്ങളാഹ്ലവന്നു കാത്തുതേട്ടംദേവി,
ആദികവികൈവെടിഞ്ഞോരൂർമ്മിളേ; നീ വെൽക-
ശ്രീഹരിരാമൻറെപ് ധേ പൊൻനിഴലുപോലെ
മോഹനാംഗൻ നിന്മണാളൻ കാടുതേടിപ്പോകെ;
പൊൽക്കതിരോനെയ്യുഴറിയന്തിയെന്നപോലെ
നോക്കിനോക്കിനിന്നനിൻറെയുററനെട്ടുവീപ്പിൽ
ഹന്ത! ഹന്ത! കാവ്യതാരജാലമെത്രപൊന്തി
അന്തരീക്ഷത്തിൽ പറന്നെന്നാരുകണ്ടറിഞ്ഞു?
മുത്തണിമെതിയടിയ്ക്കുകിങ്കരനായ്‌രാജ്യം
കാത്ത രാജയോഗിവാണോരാലയത്തിനുള്ളിൽ
മൗനമുദ്രചാർത്തിയൊരുകർമ്മലക്ഷ്മിയായി
മാനവിയാം നീവിളങ്ങിയത്ഭുതങ്ങൾപിന്നിൽ.
പൊന്നുഷസ്സിൻവജ്രമണിത്തേർകുടത്തിൽപിന്നെ
മന്ദമന്തിപ്പന്തലിലെചെങ്കനൽക്കണ്ഡത്തിൽ-
അന്തരംഗസ്തനമപ്പിച്ചശ്രുധാരതൂകി
അന്തരാത്മമന്ത്രണങ്ങളെത്രഹാ! നീചെയ്തു!
അല്പവാദ്യഭോജനവുമമ്പിൽവച്ചുമെല്ലെ
ഉല്പലാക്ഷ രത്നമേ, നീയാത്തിരിക്കുംനേരം-
നിർമ്മലയാംശ ശ്രൂവിൻറ കാൽതലോട്ടന്നേരം-
നിന്മനോനാളംപറന്നോകാനനങ്ങൾതോറും?
കാതരയായത്തറയിൽനീയുറങ്ങുന്നേരം
പാതിരാക്കിനാവുകൾന്തായിരംവന്നെത്തി
ഘോരവനംക്രൂരിരുട്ടു വന്യമൃഗഘോഷം
ആരുമില്ലാതേകനായിനിൽക്കുമാത്മനാഥൻ
ഇങ്ങനോരോന്നേതെളിച്ചചൂടകമേവീശി
ഏങ്ങലൊച്ചപൊറുപൊറുനിന്നതാരറിഞ്ഞു?
ഉള്ളുരേനിന്നുമിന്നുംതാരകങ്ങൾനീ,
ഭാരതസൗരഭ്യമേ, നീവെൽക, വെൽക, നീണാൾ.
ഊർമ്മിളേ, നതാന്തത്ത്വകാവ്യമേ, മഹിളേ
മാമകപ്രണാമമെന്നുമംബികേ നിനക്കായ്.

---

## 'ആ വിളി'

(ലേഡിവിദ്വാൻ, മുതുകുളം പാർവ്വതിഅമ്മ)

കാകളി.

'ആരുഞാനാരുഞാനെങ്ങുനിന്നെങ്ങുനി-
ന്നീരംഗഭൂവിലണഞ്ഞുനടിക്കുവാൻ
ആരുവിളിക്കിൽതിരിഞ്ഞുനോക്കീടാതെ
നേരേയിവിടംവെടിഞ്ഞുഗമിക്കണം'
ഈ രഹസ്യങ്ങളശേഷംഗ്രഹിക്കാതെ-
പാരംമദിച്ചുമധുരസ്വപ്നംകണ്ടു
ചാരുസംഗീതങ്ങൾപാടിയുമാടിയു-
മോരോനടനംനടിക്കുന്നുപാവഞാൻ.
പാട്ടനപാട്ടുമുഴവനംതീരാതെ-
മോടിയായ് ചെയ്യുംനടനംനിലയ്ക്കാതെ
പാടവംപൂണ്ടുപറയാനൊരുങ്ങുന്ന
നാടകഭാഷണംപൂർത്തിയാക്കാതഹോ!

## ശിശുവിനോട്.

—o—

(നന്താവനം ബാലകൃഷ്ണൻനായർ.)

കരവുംകൂപ്പിക്കൊണ്ടുവന്നുനീഭൂവിൽ-അന്നേ-
പരമാനന്ദംനിന്നിൽനിന്നകന്നെങ്ങോപോയി
പുരുമോദത്തോടന്നുവരെയും ശാന്തിക്കതിർ-
ത്തറയിൽജീവിച്ചുനീ—അമ്മതൻജഠരത്തിൽ.
സർവ്വംക്ഷമിക്കുവാൻകൂപ്പുകൈയപ്പിച്ചുനീ
ഉർവ്വിയിൽതഥമാമയരംഗത്തിൽപ്രവേശിച്ചു
യാഥാർത്ഥ്യംഗ്രഹിച്ചപ്പോൾനീയയ്യോകരഞ്ഞുപോയ്
യാതൊരുത്തരുമില്ല—സാന്ത്വനിപ്പിക്കാൻനിന്നെ.
ജാതനായ്നീയെന്നറിഞ്ഞോടിയെത്തുന്നു—സർവ്വ
യാതനാസമൂഹവുംവീപ്പുമുട്ടിക്കാൻനിന്നെ
ക്രൂരദംഷ്ട്രകൾകാട്ടി വാപിളന്നാക്രോശിച്ചു
പോരിനുവിളികൂട്ടിയെത്തുന്നുകടമകൾ
കടമ—എന്തുംചെയ്യാൻമർത്ത്യനെപ്രേരിപ്പിക്കും
കടമ—വാറച്ചപോം നീയതിന്നാഹ്വാനത്തിൽ.
മൂട്ടവാംനിന്നുള്ളത്തിൽമുള്ളുകൾതറയ്ക്കുവാൻ
കൊതിപൂണ്ടെത്തുന്നിതാചിന്തകൾരക്തംചീന്തി
പിടഞ്ഞുപിന്നോട്ടേയ്ക്കുപായുവാൻ ശ്രമിച്ചെന്നാൽ
തടഞ്ഞുനിർത്തുംനിന്നെ—ആശകൾ! അനേകങ്ങൾ
ഒക്കെയുംസഹിച്ചിടാം—പ്രേമമെന്നൊന്നുണ്ടതു്
ഞെക്കിട്ടും—തവ ജീവരക്തത്തെക്കുടിച്ചീട്ടും
മുകുളാഞ്ജലികണ്ടുമാനസംകുളിർത്തീട്ട-
മകതാരില്ലീഭൂവിലെന്തുപിന്നതിൻഫലം?

---

ശോകരാഗധ്വനിപൂർത്തിലലയ്ക്കുമാ-
യേകാന്തമാംവിളികേൾക്കുന്നമാത്രയിൽ
പോകണംപോകണമേകയായ്ത്തന്നെഞാൻ
ശ്രീകരമാകുമീരംഗംവെടിഞ്ഞുടൻ.
പ്രാണാധികപ്രിയമാന്നസഹജരോ-
പ്രാണമിത്രങ്ങളോ താതമാതാക്കളോ
കാണുകില്ലപ്പോളൊരുമിച്ചുവന്നിടാൻ
കാണിയുംവൈകാതെ പോകണമങ്ങുഞാൻ.
എന്നുമല്ലീ നാട്യരംഗത്തുനിന്നുഞാൻ-
നന്നായ്സമാർജ്ജിച്ചവിത്തമോരോന്നുമേ
ഒന്നുമെടുക്കാതെശൂന്യഹസ്തത്തൊടേ-
വന്നപോൽതന്നെതിരിച്ചങ്ങുപോകണം.
അന്നാണുഞാനറിയുന്നതിവിടെനി-
യ്ക്കൊന്നുമില്ലാരുമില്ലെന്നുമതേവിധം
മിന്നിജ്വലിക്കുമീരംഗവുംനാട്യവു-
മിന്ദ്രജാലംമാത്രമെന്നുംയഥാർത്ഥമായ്,
ആകയാൽമിഥ്യയിൽമിഥ്യയീരംഗത്തി-
ലാകാംക്ഷകൈവിട്ടു നിത്യസന്തുഷ്ടയായ്
ഏകാന്തശാന്തിതൻപൂവെണ്ണിലാവിനാ-
ലാകമ്രഭാസുരമത്യന്തസുന്ദരം,
ഏകമനന്തമനാമയമവ്യയം
ശോകഹീനംനിത്യസൗഖ്യനികേതനം
നാകസുരഭിലം സുപ്രഭാപൂരിത-
മാകുമാ രംഗത്തിലെന്നെനയിച്ചിടും
ആവിളി—; യീവിശ്വനാട്യകർത്താവിൻറ-
കാവ്യമധുരംകൃപാർദ്രംമനോഹരം
കൈവല്യകോമളമാനന്ദദായക-
'മാവിളി'—; കേൾക്കുവാൻകാത്തിരിക്കുന്നുഞാൻ.

—o—

## വിജ്ഞാനവീഥി

—o—

ലോകത്തിലെ ഏററവും വിലയേറിയ ലോഹം സ്വർണ്ണമല്ല. വിലയേറിയ ലോഹങ്ങളുടെ കൂട്ടത്തിൽ സ്വർണ്ണത്തിനു് ഒൻപതാമത്തെസ്ഥാനമാണുള്ളതു്.

* * *

ഇൻഡ്യയിൽ പ്രതിദിനം ശരാശരി 200-ലധികം സാധനങ്ങൾ മേൽവിലാസമെഴുതാതെ തപാലിലയയ്ക്കാറുണ്ടത്രേ.

* * *

കഴുകൻ, കാക്ക മുതലായ ചില പക്ഷികൾ 6000-അടിവരെ ഉയരത്തിൽ പറക്കാറുള്ളതായി പറയപ്പെടുന്നു.

* * *

ഏററവും താഴ്ചകുറഞ്ഞ സമുദ്രം ബാൾട്ടിക്ക്സമുദ്രമാണു്. ഏകദേശം 43 ഗജമാണു് ഈ സമുദ്രത്തിൻറ ശരാശരിതാഴ്ച. അടുത്തസ്ഥാനംവഹിക്കുന്ന ഏഡ്രിയാററിക്ക്സമുദ്രത്തിലെ ശരാശരിതാഴ്ച 45-ഗജമാണു്.

* * *

2100-മൈൽ നീളമുള്ള ഒരു തോട്ടു് ചൈനയിലുണ്ടു. ലോകത്തിൽ വേറൊരിടത്തും ഇത്രനീളമുള്ളതും ഇത്രകാലം ഉപയോഗിക്കപ്പെട്ടുവരുന്നതുമായ ഒരു തോടില്ല.

* * *

സ്കാട്ടലൻഡിലെ ഭവനങ്ങളിൽ ഒൻപതുശതമാനത്തിലധികത്തിനും ഒരു മുറിമാത്രമേയുള്ളു. രണ്ടുമുറികൾമാത്രമുള്ളവയാണു് 36 ശതമാനത്തിലധികം ഭവനങ്ങൾ.

* * *

സ്ത്രീ, വിവാഹമോതിരം ധരിക്കുകയെന്നുള്ളതു് ഈജിപ്റ്റിൽ ആരംഭിച്ച ഒരു ഏർപ്പാടാണു്. ഭർത്താവിൻറ അസാന്നിദ്ധ്യത്തിൽ അയാൾ തൻറ അധികാരം ഭാര്യയ്ക്കു നൽകിയിരിക്കുന്നുവെന്നു കാണിക്കുന്നതിനായിട്ടാണു് ഭാര്യ വിവാഹമോതിരം ധരിച്ചുതുടങ്ങിയതു്.

* * *

ബൈബിൾ ഗ്രന്ഥത്തിലെ ആകെയുള്ള പദങ്ങളുടെ എണ്ണം 724,692-ാണു്.

* * *

ലോകത്തുണ്ടാകുന്ന വാഴപ്പഴത്തിലെ പകുതിഭാഗവും അമേരിക്കയിലെ ഐക്യനാടുകളാണു് വാങ്ങുന്നതു്.

* * *

ബ്രിട്ടീഷ്മ്യൂസിയത്തിലെ മുപ്പതുലക്ഷത്തിലധികം ഗ്രന്ഥങ്ങൾ വച്ചിരിക്കുന്ന ഷെൽഫുകൾ നിരത്തിവച്ചാൽ ആകെ 53 മൈൽ ദൂരം നീളംവരുമെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. അവയെ പ്രതിദിനം തുടച്ചുവയ്ക്കുന്നതിനു മുപ്പതു ആളുകളെ നിയമിച്ചിട്ടുണ്ടു്. ഇങ്ങനെ മുപ്പതുപേർ പ്രതിദിനം ജോലി ചെയ്യുന്നതിനെയും, പത്തുമണിക്കൂർ വീതം ജോലി ചെയ്യുന്നു ... മാത്രമേ ഓരോ പുസ്തകവും തുടയ്ക്കാൻ സാധിക്കുന്നുള്ളു.

* * *

അയർലൻഡിൻേറയും സ്കാട്ട്ലൻഡിൻേറയും വടക്കുപടിഞ്ഞാറുഭാഗത്തു് അററ്ലാൻറിക്ക്സമുദ്രത്തിനു് ഏകദേശം ഒന്നരമൈൽ താഴ്ചയുള്ളതായി കണക്കാക്കപ്പെട്ടിരിക്കുന്നു. വടക്കെ പസിഫിക്ക് സമുദ്രത്തിലാകട്ടെ ആറു മൈൽവരെ താഴ്ചയുള്ള ഭാഗങ്ങളുണ്ടു്.

* * *

അരി, ഗോതമ്പു്, യവം മുതലായ ധാന്യങ്ങളും, ആപ്പിൾ, മുന്തിരിങ്ങ മുതലായ പഴങ്ങളും മനുഷ്യർ 4000-സംവത്സരങ്ങൾക്കുമുമ്പ് ആഹാരസാധനങ്ങളായി ഉപയോഗിച്ചുവന്നതായിവെന്നു് ചരിത്രകാരന്മാർ സമർത്ഥിച്ചിരിക്കുന്നു.

* * *

അമ്പതുവയസ്സു പ്രായമുള്ള ഒരാൾ ആകെ 6500 മണിക്കൂർ വേലചെയ്കയും 6000 മണിക്കൂർ ഉറങ്ങുകയും ചെയ്തിരിക്കണമെന്നു് കണക്കാക്കപ്പെട്ടിരിക്കുന്നു. അയാൾ നടക്കുന്നതിനായി ആകെ 800 ദിവസം വിനിയോഗിച്ചിരിക്കാനിടയുണ്ടത്രേ; ആകെ ഏകദേശം 57600 മൈൽ ദൂരം നടന്നിരിക്കാം. ഭക്ഷ്യപാനങ്ങൾക്കായി 1500 ദിവസങ്ങളും വിനോദങ്ങൾക്കായി 4000 ദിവസങ്ങളും അയാൾ ചെലവാക്കിയിരിക്കണമെന്നും കണക്കാക്കപ്പെട്ടിരിക്കുന്നു.

—o—

## ജീവിതവിഹഗമേ!

(ചെന്നക്കാട്ടു കെ. ശ്രീധരൻപിള്ള)

മരണാന്തരംനോക്കിലെന്തു? ജീവിതമാകും
ശുകമേ! കിളുന്നാശാമുഖത്തിൽപറന്നാലും.
ഭന്തിംഗിതങ്ങളാം വിത്തുകൾകൊത്തി-
(ത്തിന്നു
കഴിയും പൂങ്കോഴിയെപ്പുച്ഛിച്ചുഗമിച്ചാലും.
മധുരസ്വപ്നങ്ങളാം പൊൻതൂവൽവിതി-
(ർത്തിങ്ങു
നടമാടീട്ടുംമയിൽനിൽക്കട്ടേ നിലംപാറി;
ഘനസീമയിൽചെന്നുകാഞ്ചനക്കൈവാ-
(ളിൻറ
വിജയരഹസ്യത്തേ ചോദിക്കെൻകിളിക്കു-
(ഞ്ഞേ!

ഗർജ്ജനമുണ്ടായേക്കാം; ഉന്മത്തഹസ്ത-
(ങ്ങൾതൻ
തർജ്ജനംകൊടുങ്കാററിലധികംലഭിച്ചേ-
(ക്കാം;
സജ്ജമായേക്കാംതമോദുർവ്വിധം; മദവാരി
മജ്ജനംചെയ്യിച്ചധോമുഖമായ്പായി-
(ച്ചേക്കാം;
ആകട്ടെയതൊക്കെയും; മത്സരമില്ലെന്നാ-
(കിൽ
പോകുവാൻരസമുണ്ടോ? പോകതാൻ-
(പറന്നുനീ.

—o—


## ഞങ്ങളുടെ ചില പ്രസിദ്ധീകരണങ്ങൾ

| | | രൂ. | ണ. |
|---|---|---|---|
| തെന്നാലിരാമൻ | (By A. S. P. Iyer I. C. S.) | 1 | 0 |
| മൂന്നു നാടകങ്ങൾ | ,, | 1 | 14 |
| അത്താഴാനന്തരസല്ലാപം | ,, (I. & II) | 1 | 14 |
| ഭാരതീയരുടെ ചെറുകഥകൾ | ,, | 1 | 2 |
| ബാലാദിത്യൻ | ,, | 1 | 8 |
| മൂന്നു ഭാഗ്യപരിലാളിതർ | ,, | 3 | 12 |
| പിശാചിൻെറ പിടിയിൽ | ,, | 0 | 12 |
| താരാഭായി | | 1 | 8 |
| കമലാഭായി | | 1 | 8 |
| ദ്രോഹിപോയ വഴിയേ | | 0 | 12 |
| മരതകമണി | | 1 | 2 |
| അശ്രുധാര | (വെങ്കുളം പരമേശ്വരൻപിള്ള) | 1 | 8 |
| ശ്യാമളാഭായി | | 0 | 12 |
| ലതിക | | 1 | 2 |
| ഗോപികാഹൃദയം | | 0 | 6 |
| സ്ത്രീസാഹസം | | 1 | 8 |
| ചന്ദ്രനാഥൻ | | 0 | 12 |
| സൽക്കഥാസമ്പുടം | | 0 | 6 |

ഇതു കൂടാതെ ആശാൻ, വള്ളത്തോൾ, ഇ. വി., ചങ്ങമ്പുഴ മുതലായവരുടെ കൃതികളും വില്പനയ്ക്കു തയാറുണ്ടു്.

മാനേജർ,
ശ്രീരാമവിലാസം പ്രസ്സ്, കൊല്ലം.
ബ്രാഞ്ചുകൾ:-തിരുവനന്തപുരം, ആലപ്പുഴ

# സാഹിത്യത്തിലൂടെ സർവ്വസമുദായമൈത്രി

(മഹാകവി പള്ളത്തു രാമൻ)

ചങ്ങനാശ്ശേരിയിൽവച്ചു നടന്ന 40-ാമതു് എസ്. എൻ. ഡി. പി. വാർഷികം സാഹിത്യസമ്മേളനത്തിൽ ശ്രീ. മഹാകവി പള്ളത്തു രാമൻ ചെയ്ത അദ്ധ്യക്ഷപ്രസംഗത്തിലെ ചില ഭാഗങ്ങൾ താഴെ ചേർക്കുന്നു:—

കവിത ചിന്താസൌന്ദര്യം സംഭരിച്ച അന്തഃകരണത്തിൻെറ അടിത്തട്ടിൽനിന്നുള്ള ഒരു ഒഴുകലാണു്. തലച്ചോറിൽനിന്നല്ലാ അതു് ഉറവെടുക്കുന്നതു് തൂലികത്തുമ്പിൽക്കൂടി അതു തുളുമ്പിപ്പുറപ്പെടുന്നു. ആശയമൊരുക്കൂട്ടിവച്ചു്, അതിനെ നാലു കാലുകളിൽ പ്രതിഷ്ഠിച്ചു് ഒരാവർത്തനം നടത്തുകയാണെങ്കിൽ, ആ കവിതാംഗനയ്ക്കു ഒരാഹാര്യശോഭയേ ഉണ്ടാകൂ. ശരൽക്കാലത്തിൽനിന്നു തൂവെള്ളിച്ചാറൽപോലെയോ, വസന്താരാമത്തിൽനിന്നു് ഇളംകുളിർകാററുപോലെയോ, പച്ചപിടിച്ച കരയോരങ്ങളിൽക്കൂടി ഒരു പൂഞ്ചോലപോലെയോ കവിത ഒരു തള്ളിപ്പുറപ്പെടലാണു്. സഹൃദയന്മാരുടെ രോമഹാരത്തിൽക്കൂടിയാണു കവിത കടക്കുന്നതു്. പ്രായംചെല്ലുന്തോറും തലക്കിനു ശുഷ്കത തട്ടുമ്പോൾ തലയിൽക്കൂടിയേ കവിത കടക്കൂ. കവിതയുടെ ശരിയായ പ്രവേശനമാർഗം രോമസുഷിരമാണു്. രക്തസിരകളിൽ കടന്നു അതു ഹൃദയഭിത്തിയിൽ ഒരലയുണ്ടാക്കണം. രക്തവുമായി കലർന്നു ആ കവിതയ്ക്കു സാത്മീകരണം സിദ്ധിക്കണം. അതുകൊണ്ടാണു 35 വയസ്സിനുമുമ്പു നിങ്ങൾ നിങ്ങളുടെ കവിയെ കണ്ടുപിടിക്കണമെന്നു പറയേണ്ടിവരുന്നതു്. നിങ്ങൾക്കു ആർഷസംസ്കാരഗായകൻവേണമൊ സൌന്ദര്യഗായകൻവേണമൊ സ്നേഹഗായകൻ വേണമൊ പൌരുഷഗായകൻവേണമൊ അഥവാ കാമപ്രേമഗായകനൊ ആത്മഹത്യാഗായകനൊ വേണമോ, കണ്ടുപിടിക്കുക. ആ കവിയെ തോൽചുളുങ്ങുന്നതിനുമുമ്പു്— അനുവാചകരുടെ സ്വാനുഭവത്തിൻെറ സ്വാഗത നിഴലിക്കുന്ന കവിതയായിരിക്കും അധികം അനുയോജ്യമായിരിക്കുക. ഹൃദയാന്തരാളത്തിൽ അറിയാതെ അടിഞ്ഞുകിടക്കുന്ന ചിന്തകളേയും അഭിലാഷങ്ങളേയും കവി നിസ്തുലഭാഷയിൽ പ്രകാശിപ്പിക്കുമ്പോൾ വായനക്കാർ ഉത്തേജിതരാകുന്നു, ഉൽബുദ്ധരാകുന്നു. ആ ചിന്താശക്തിയെ ചിറകടിപ്പിക്കുന്ന ഒരു കവിയെയായിരിക്കും അനുവാചകൻ തേടിപ്പിടിക്കുന്നതു് അക്കാലത്തു ചേതസ്സിനെ സമാകർഷിച്ച ആ കവി ജീവിതത്തിൽ നെടുനീളെ പൊൻകതിരുകൾ ഉതിർത്തുകൊണ്ടിരിക്കും. ഇരുളിൻെറ ചുരുളിൽ ആ കവി വെളിച്ചം വിടർത്തും.

ചില മഹാകാവ്യങ്ങൾ കവിതയുടെ കശാപ്പുശാലകളായിരിക്കുന്നു! വിജ്ഞാനക്കലവറകളാക്കിത്തീർക്കുകയല്ലാ കവിതയുടെ കർത്തവ്യം— ചിന്തയുടെ ചിറകിന്മേൽ കയറി ഭൗതികമായ പരിധിയിൽനിന്നു മേലോട്ടു നമ്മെ പറപ്പിച്ചു്, ചുവടേയുള്ളതെല്ലാം മറപ്പിച്ചു നിർവൃതിയിൽ നമ്മെ നിമിഷനേരത്തേയ്ക്കെങ്കിലും പ്രമഗ്നരാക്കുവാൻ കരുത്തേതിനുണ്ടോ അതാണു കവിത.

### സാഹിത്യത്തിലെ നവയുഗം

ജന്മംകൊണ്ടുള്ള ഉച്ചനീചത്വങ്ങൾ ജനകീയജീവിതത്തെ പുഴക്കുത്തുപിടിപ്പിക്കുന്നകാലത്തോളം, നമ്മുടെ തൂലികയെ അതിൻെറ ഉറയിൽക്കിടന്നു ഉറങ്ങുവാനനുവദിക്കരുതു് മസ്തിഷ്കം ഒരു മനുഷ്യവർഗ്ഗത്തിൻെറമാത്രം മുതലായിരുന്നകാലത്തു്, നാരായമുനകൊണ്ടു തുളച്ചു ഉരുത്തിയിട്ടിരിക്കയായിരുന്ന ഒരു വൻപിച്ച ജനവിഭാഗത്തെ സ്വാതന്ത്ര്യത്തിന്മേൽ പടത്തപ്പെട്ട ഒരു ചിന്തയും പന്തലിച്ചു ഫലിച്ചുകണ്ടിട്ടില്ല കാലം കരുത്തേറിയ കൈവാൾ അതിൻെറ നെറുംതലയിൽ വീഴ്ത്തും. സാഹിതിക്ഷേത്രത്തിൻെറ നെയ്‌വിളക്കെരിയുന്ന ശ്രീകോവിലിൽപോലും ജാതിയുടെയും ജന്മകൃതമായ ഉച്ചനീചത്വങ്ങളുടെയും ഇരുളലകൾ തിളച്ചുപൊങ്ങിക്കാണുന്നു. ചാതുർവർണ്യത്തിൻെറ പട്ടടയിന്മേൽ നിന്നുകൊണ്ടു് നമ്മുടെ സാഹിതി സർവ്വസമുദായമൈത്രിയെ ഉത്ഗാനം ചെയ്തുകേൾക്കണം. ജാതിയുടെ കരിപിടിച്ച അദ്ധ്യായത്തിലെ ഒരേടോ അതിൻെറ ക്രൂര നഖം പതിച്ച ഒരു പാടോ നമ്മുടെ സാഹിത്യത്തിൽ മഷിയിട്ടു നോക്കിയാൽപോലും കണ്ടെത്തരുതു്.

ഭാരതത്തിൽ ജാതിയോടു ജന്യം ചെയ്ത ധർമ്മകവചിതനായ ഏകമഹാചിന്തകൻ ശ്രീബുദ്ധനായിരുന്നു ബൗദ്ധഭാരതത്തിലെ കൺമഞ്ഞളിപ്പിക്കുന്ന ആ മഞ്ഞവർണ്ണത്തിൽ വർണ്ണങ്ങളെല്ലാം വിലയിച്ചു. ആയിരമാണ്ടു്, ആർഷഭാരതത്തിനു് അനുഭൂതമാകാത്ത ആ കാഴ്ച കണ്ടു ഒരു സാഹോദര്യപ്പൊൽപ്പുലരി ബൗദ്ധസാഹിതി ഭാരതത്തിൽപ്പുലർത്തി; സദ്ധർമ്മപ്പൂങ്കോഴിയുടെ കൂകൽകേട്ടു സമത്വം ശബ്ദിച്ചു മനുഷ്യസമുദായം മുന്നോട്ടുകുതിച്ചു ബുദ്ധൻ തിരുവായ്മൊഴിഞ്ഞ ആ പരമപാവനയായ പാലിഭാഷയിൽ വസന്തർത്തുവിലെ പുഷ്പസമ്പത്തുപോലെ എത്ര ഗ്രന്ഥസമ്പത്തുകൾ കൈമാടിവിളിക്കുന്നു. വസന്തമാതാവു് അടയാറിൽ സംഭരിച്ചുവച്ചിട്ടുള്ള പാലിഭാഷാഭണ്ഡാരം ആരെയും പുളകംകൊള്ളിക്കുന്നതാണു്. ഇന്നു് ഹിംസയുടെ കരാളഗ്രാസത്തിൽപെട്ടു കേഴുന്ന ഭാരതത്തിനു്; ജാതിയുടെ ഘോരാട്ടഹാസം കേട്ടു നടുങ്ങുന്ന കേരളത്തിനു് ആ താളിയോലകൾ പൊന്നോലകളാണു്. പാടി മറഞ്ഞുപോയ മഹാകവികോകിലത്തിൻെറ കണ്ഠത്തിൽക്കൂടി-നാം ഈയിടെ കേട്ട തേനൊലിപ്പാട്ടുകൾ, രണ്ടായിരത്തഞ്ഞൂറുകൊല്ലം മുമ്പിലത്തെ മാറെറാലികളാണു് അന്ധതയും അജ്ഞതയും മനുഷ്യമനസ്സിൽ മാറാലകെട്ടിക്കുന്ന, അട്ടക്കരി പിടിപ്പിക്കുന്ന പഴഞ്ചൻപുരാണങ്ങളിലെ ദുർമ്മേദസ്സല്ല ഇന്നാവശ്യം. സോദരീസോദരന്മാർക്കൊന്നിച്ചിരുന്നു വായിക്കാനും വാദിക്കാനും കൊള്ളാവുന്ന സത്യസ്നേഹകഥകളുടെ ഉറവാണു് ആ ഉൽകൃഷ്ടസാഹിത്യം. ഇംഗ്ലീഷിൽ വിവർത്തിതങ്ങളായ ഏതാനും ഗ്രന്ഥങ്ങൾ മാത്രമാണു് പാലിഭാഷാനഭിജ്ഞർക്കു ശരണിയം. നമ്മുടെ കവികളും കഥാകാരന്മാരും ആ കാമധേനുവെക്കറക്കട്ടെ. ജാതിയില്ലാജ്ജനതയെ അവർ സൃഷ്ടിക്കട്ടെ. ഈ സന്ദർഭത്തിൽ ശ്രീചിത്രാശോകനായ ശ്രീചിത്തിരതിരുനാൾ മഹാരാജാവുതിരുമനസ്സിനോടും കേരളത്തിൽ ധർമ്മപതാക വീണ്ടും പൊക്കിപ്പിടിക്കുവാൻ ബലിഷ്ഠഹസ്തം നൽകിയ സച്ചിവോത്തമ സർ, സി. പി. രാമസ്വാമിഅയ്യർ അവർകളോടും ഒരു വിനീതമായ അഭ്യർത്ഥനയുണ്ടു്. തിരുവിതാംകൂർ സർവ്വകലാശാലയിൽ പാലിഭാഷയ്ക്കു് ഒരു പീഠം നൽകി പ്രോത്സാഹിപ്പിക്കണം. ഇതരദേശത്തുനിന്നു ഒരു പാലിഭാഷാപണ്ഡിതനെ നിയമിക്കണം. ടിബത്തു്, സയാം, ബർമ്മ തുടങ്ങിയ ബൗദ്ധദേശങ്ങളുമായുള്ള അടുത്ത സമ്പർക്കത്തിനും സംസ്കാരവിനിമയത്തിനും ഇതു പര്യാപ്തമാകും.

### പൌരുഷഗായകരെയാണാവശ്യം

ജാതിമതൈക്യത്തിൻെറ ജനയിതാവായ ശ്രീനാരായണൻെറ വിശ്വവ്യാപകങ്ങളായ ധർമ്മാദർശങ്ങൾതന്നെ അവിദൂരഭാവിയിൽ അനേകം ഗ്രന്ഥസന്തതികൾക്കുള്ള ഗർഭാധാനം ചെയ്യും. നമ്മുടെ സാഹിത്യക്കമ്പോളത്തിൽ അസമത്വം പുലർത്തുന്ന പുഴുത്തു പുളിച്ചു നാറിയ പുരാതനച്ചരക്കുകളുടെ സ്ഥാനത്തു ഈ ധർമ്മാദർശങ്ങളെ ഉപജീവിച്ചെഴുതിയ ചെറുകഥകളും ആഖ്യായികകളും കാവ്യങ്ങളും നാടകങ്ങളും നിറഞ്ഞു കാണുമാറാകട്ടെ! കേരള ബർണാഡ്ഷായെന്നു പറയാവുന്ന മി. സി വി-യുടെഭാഷയിൽ ഈഴവത്തിയുടെ പ്രസവശക്തി കൂടിവരികയാണല്ലൊ. മുക്കാലേഹരിയും തൊഴിലാളികളെയാണു്, മുതലാളികളെയല്ല പെററുതള്ളുന്നതു്. സൂകരപ്രസവത്തേക്കാൾ ഭയങ്കരം! ഒരു സി. വി-യേയും, ഒരാശാനെയും, ഒരു ശ്രീനാരായണനെയും ഇടയ്ക്കിടെ ഇങ്ങനെ പ്രസവിക്കുന്നുണ്ടല്ലൊ ഈ തൊഴിലാളിപ്പാവങ്ങളുടെ ഇടയ്ക്കു എന്നൊരു സമാധാനം അതുപോലെ, ഈഴവത്തിപോലെ കൈരളിയും ഇയ്യിടെ ബഹുപ്രസവയാണു്. കൈയും കണക്കുമില്ലാതെ ജനനത്തോതു വർദ്ധിച്ചിരിക്കുന്നു. പ്രേമഗായകന്മാരെക്കൊണ്ടു കിടക്കപ്പൊറുതിയില്ലാതെയായി. നമുക്കു സൗഭ്രാത്രത്തിൻെറയും സമത്വത്തിൻെറയും സദാചാരി പൗരുഷത്തിൻെറയും ഗായകന്മാരെയാണധികം ആവശ്യം. ഇടയ്ക്കിടയ്ക്കു പൂർവ്വസംസ്കാരഗായകനായ ഒരു ഉള്ളൂരിനെയും, യഥാർത്ഥപ്രേമഗായകനായ ഒരാശാനെയും, സൌന്ദര്യഗായകനായ ഒരു വള്ളത്തോളിനെയും പ്രസവിച്ചിട്ടില്ലായിരുന്നെങ്കിൽ, കൈരളി സൂകരം തന്നെയാകുമായിരുന്നു മത്തിയും മരച്ചീനിയും സമൃദ്ധമായുള്ള കാലത്താണത്രെ പ്രസവസംഖ്യയും വർദ്ധിക്കുന്നതു്. ആ തോതുവച്ചുനോക്കുമ്പോൾ, മിസ്റ്റിസിസവും സിംബോളിസവും റിയലിസവും എല്ലാ ഇസവും തൊഴിലില്ലായ്മയും അലസജീവിതവും ഇണങ്ങിയപ്പോൾ ഒരുവക നിർജ്ജീവസത്വങ്ങളെ പെററുതള്ളുകയായി. രാമകൃഷ്ണപിള്ളയെപ്പോലെയൊ ഇഞ്ചേയററം സഞ്ജയനെപ്പോലെയോ ഉള്ള മറുപ്പുറം തുളയ്ക്കുന്ന എഴുത്തുകാരില്ലെങ്കിൽ കാട്ടുകയറുകയേ ഗതിയുള്ളൂ. ഒരു വ്യാഴവട്ടക്കാലത്തിനിപ്പുറം, സ്വയമഭിമാനം കൊള്ളാവുന്ന എന്തൊരു ഗ്രന്ഥമാണു് ആവിർഭവിച്ചിട്ടുള്ളതു്? ഒന്നു ചുഴിഞ്ഞുചിന്തിക്കുവിൻ.

### സാഹിത്യത്തിൽ സർവ്വസമുദായ മൈത്രി

ദൂരദർശിയായ അക്ബർചക്രവർത്തി ഇന്ത്യാസാമ്രാജ്യം ഹിന്ദു—മുസ്ലീം മൈത്രിയുടെ അടിസ്ഥാനത്തിൽ പടുക്കാതെ സുസ്ഥാപിതമാകയില്ലെന്നു മനസ്സിലാക്കിയിരുന്നു. ആ മഹാദർശം ഉടഞ്ഞുതകർന്നുപോയി. സമുദായമൈത്രിക്കും സമുദായവൈരത്തിനും വളമിട്ടുകൊടുത്തതു സാഹിത്യമാണു്. അന്നത്തെ വംഗസാഹിത്യം ബങ്കിമചന്ദ്രനെപ്പോലെയുള്ള കഥാകാരന്മാരാൽ അനുഗൃഹീതമായ സാഹിത്യം— മുസ്ലീമിങ്ങളുടെ മുഖത്തു തുവൽകൊണ്ടുമഷിതേച്ചുവിട്ടിട്ടുള്ളതായിക്കാണാം. പരമാണുക്കളെ പർവ്വതീകരിച്ചിട്ടുണ്ടു്. ഇങ്ങനെ വർഗീയവൈരത്തരു പൂത്തു കുസുമങ്ങളുതിർത്തു. ഹൈന്ദവബങ്കാളിയുടെ കയ്യിലായിരുന്നു അന്നു തൂലിക. ദക്ഷിണേന്ത്യയിൽ പ്രത്യേകിച്ചു കേരളത്തിൽ ചന്ദ്രക്കലയും ചക്രവും ശൂലവുമെല്ലാം തമ്മിൽ പിണങ്ങാതെ നിൽക്കുന്നു ഇവിടെ വർഗീയവിദ്വേഷത്തിൻെറ വിത്തുവിതയ്ക്കാതിരുന്നതാണു് അതിനു ഹേതു. കേരളത്തിലെ ഒരു ഗ്രാമീണഗാഥയായ "അയ്യപ്പൻ പാട്ടു" ഹിന്ദുമുസ്ലീംമൈത്രിയുടെ ഒരു നിലക്കണ്ണാടിയാണു്. തകൃതിത്താൻതോട്ടത്തിലെ പാത്തുമ്മാ പെററുണ്ടായ വാവരും (ടക്കിസംസ്ഥാനത്തിലെ ഫാത്തുമ പ്രസവിച്ച ഒരു ബാബർ ആയിരിക്കുമോ?) മലയാളത്തിലെ ഒരു പടനായകനായ അയ്യപ്പനും തമ്മിലുള്ള പിണക്കവും പിന്നീടുള്ള ഇണക്കവുമാണു പ്രതിപാദ്യം. കരിത്തും ഇക്കൂട്ടത്തിൽ ഇണക്കിനിർത്തി. ഭാരതത്തിൻെറ ഭാവിജാതകം തൂലികകൊണ്ടു കുറിക്കേണ്ടതാണു്. അല്ലെങ്കിൽ ഒരിക്കൽ തീമലതന്നെ പൊട്ടിത്തെറിക്കും.

പല പൂക്കളിൽനിന്നും സമാഹരിച്ച തേനെന്നപോലെ കേരളീയസാഹിത്യത്തിൽ ക്രിസ്തീയ-മാഹമ്മദ-ബൗദ്ധ-ശിഖ-പ രസികഭാഷകളിലെ സത്തു സംഭരിക്കണം. മുസ്ലീമിങ്ങൾ മുന്നണിയിലേക്കു കുതിച്ചുചാടിക്കൊണ്ടുവരുന്നതു കൺകുളക്കെ കാണുന്നു പേർഷ്യൻ സാഹിത്യം പരിമളവാഹിയായ പനിനീർപൂവിൻെറയും ഗോസ്തനീരസത്തിൻെറയും പ്രണയമഞ്ജൂഷയുടേയും പ്രദർശനശാലയാണു്. ഒരു "ഉമർ ഖയ്യാ"മിൻെറ വിലാസലഹരിമാത്രമേ കൈരളി അനുഭവിച്ചുള്ളൂ. പേർഷ്യൻ ഭാഷാഭിജ്ഞരായ മുസ്ലീംസാഹിത്യകാരന്മാർ പാരസിക വസന്തോത്സവം കേരളത്തിലും വളർത്തുമാറാകട്ടെ. ക്രിസ്തീയസാഹിത്യത്തിലുള്ള നിരവധി കഥകൾ ഇനിയും കൈരളിയുടെ കണ്ഠത്തിലർപ്പിക്കേണ്ടതായിട്ടുണ്ടു് ഇങ്ങിനെ നാനാമതങ്ങളുടെയും സാഹിത്യം ഒരേമാലയിൽ കോർത്തു കൈരളി ധരിക്കുമ്പോൾ, വർഗീയമൈത്രിക്കു അതു വഴി തെളിയിക്കും.

ജാതിയേയും മതത്തേയും മുൻനിർത്തി ഒളിയമ്പുകളെയ്യുന്ന കൂട്ടരെ വെളിച്ചത്തു നിറുത്തി തൊലിയുരിയണം. നമ്പ്യാരുടെഭാഷയിൽ 'എറിഞ്ഞുകലൊടിക്കണം.' ജാതിയും മതവും സാഹിത്യപുരോഗതിയിൽ വിലങ്ങടിച്ചു നിൽക്കുകയോ?

'കട്ടക്കയം ക്രൈസ്തവകാളിദാ, സനായും ആശാൻ ഈഴവരുടെ മഹാക

(ശേഷം 9-ാം പേജിൽ)

# ശാസ്ത്രചരിത്രത്തിലേയ്ക്കു ഒരു നോട്ടം

(സി. കെ. മുസ്സത്ത്, ബി. എസ് സി. ഓണേഴ്സ്)

ശാസ്ത്രത്തിൻെറ വളർച്ചയെ ഒരു വിഹഗവീക്ഷണംകൊണ്ടു് കാണുന്നതിൽപരം രസാവഹമായി മറ്റൊന്നില്ല. ചരിത്രാതീതം കാലംമുതൽ നമ്മുടെ പൂർവികർ പ്രകടിപ്പിച്ച ജിജ്ഞാസയും തൽഫലമായി അവർ സമാർജ്ജിച്ച വൈജ്ഞാനികസമ്പത്തും അത്ഭുതാവഹമാണെന്നു പറഞ്ഞേ തീരൂ. അവരെ ആദ്യമായി ആകർഷിച്ചതു് ചന്ദ്രികാധവളമായ ശരൽക്കാലത്തെ നീലനിർമ്മലമായ നിശാകാശത്തിൽ മങ്ങിത്തെളിഞ്ഞുകൊണ്ടിരുന്ന തേജഃപുഞ്ജങ്ങളായിരുന്നുവെന്നു് പറഞ്ഞാൽ അതൊരു ചരിത്രപരമായ പരമാർത്ഥം മാത്രമാണു്. സുപരിചിതങ്ങളായ ഗാർഹകസാമഗ്രികളുടെയും അപരിത്യാജ്യങ്ങളായ ആയോധനോപകരണങ്ങളുടെയും പേർ കൊടുത്തു് നക്ഷത്രങ്ങളെയും ഗ്രഹങ്ങളെയും വേർതിരിച്ചറിവാൻ തക്കവണ്ണം ആദിമമനുഷ്യൻെറ വിജ്ഞാനതൃഷ്ണ വളൎന്നുവന്നു. പ്രത്യേകകാലങ്ങളിൽ പ്രത്യേകസ്ഥാനങ്ങളിൽ പ്രത്യക്ഷപ്പെട്ട ഇവയുടെ ചലനങ്ങൾ ചില നിയമാവലിയ്ക്കു് വിധേയമായിരിയ്ക്കാമെന്നു് അവൻ ശങ്കിച്ചു; ചില നിയമങ്ങൾ നിർദ്ദേശിയ്ക്കാനും അവൻ മുതിൎന്നു. ഏ-ഡി 140-ൽ ടോളമി എന്ന കർമ്മധീരനായ ചിന്തകനായിരുന്നു ഇക്കാര്യത്തിൽ ഇദംപ്രഥമമായി കൈവെച്ചതു്. അന്നുകൂടി അവരുടെയെല്ലാം അടിയുറച്ച വിശ്വാസം ഭൂമിയ്ക്കു ചുററും പ്രദക്ഷിണംചെയ്തു് കൂടിയരുന്ന ആശ്രിതവൎഗ്ഗം മാത്രമാണീ സൂര്യാദിഗോളങ്ങളെന്നായിരുന്നു!

നമുക്കുള്ള സർവ്വശക്തിയ്ക്കും ആധാരമാകയാൽ ദൈവികത്വവും കൂടി കല്പിച്ച സൂര്യഗോളം അർഹിയ്ക്കുന്ന ഉൽകൃഷ്ടസ്ഥാനത്തിനു് മനുഷ്യമസ്തിഷ്കത്തിൻെറ അംഗീകാരം ലഭിയ്ക്കുവാൻ പത്തുപതിനഞ്ചു നൂററാണ്ടുകൾകൂടി കടന്നുപോകേണ്ടിവന്നു! വിപ്ലവാത്മകങ്ങളായ നൂതനാശയങ്ങൾക്കു് ഒരു പ്രായോഗികരൂപം സംസിദ്ധമായതു് ഇററലിയിലെ ചില ശാസ്ത്രജ്ഞന്മാരുടെ ബലിഷ്ഠഹസ്തങ്ങൾ വഴിയാണു്. നിരങ്കുശരായ അവരുടെ അപ്രതിഹതമായ ശാസ്ത്രതൃഷ്ണയുടെ ചില ബഹിൎസ്ഫുരണങ്ങളായി മാത്രമേ നമുക്കവയെ വ്യാഖ്യാനിച്ചുകൂടു. അവരിൽ പ്രധാനി കോപ്പർനീക്കസ് (1473-1543) എന്ന ധീരാത്മാവാണു്. പ്രകൃത്യാ ശാന്തശീലനും വിദ്വന്മണിയുമായ ഈ വൈദികൻ, ഗ്രഹസ്ഥിതികൾ നിരീക്ഷണം ചെയ്യുകയും അവയുടെ ചലനങ്ങളെ നിയന്ത്രിക്കുന്നതു് ലഘുതരമായ ചില നിയമങ്ങളായേയ്ക്കാമെന്നു് മനസ്സിലാക്കുകയും ചെയ്തു. സൗന്ദര്യമൂർത്തിയും ആനന്ദസ്വരൂപനുമായ ലോകശില്പിയുടെ സൗന്ദര്യബോധത്തിലും കലാമർമ്മജ്ഞതയിലും ഉള്ളലിഞ്ഞു വിശ്വസിയ്ക്കുന്ന ഒരാൾക്കു ലോകഘടനയുടെ അനിശ്ചിതാവസ്ഥയും ഒരാസൂത്രണമററ വിഷമാത്മകതയും കേവലം അസുഖകരവും കൃച്ഛ്രവേദ്യവുമായി തോന്നിയതിൽ അത്ഭുതമില്ലല്ലൊ. സൂര്യൻ ഉറച്ചുനിൽക്കുകയും അതിനു് ചുററും ഇതരഗ്രഹങ്ങൾ ഭ്രമണം ചെയ്യുകയുമായി വിഭാവനംചെയ്യുന്നതു് കൂടുതൽ സുന്ദരവും യുക്തിയുക്തവും ആശ്വാസകരവുമായി അദ്ദേഹത്തിനനുഭവപ്പെട്ടു. ഈ ആശയത്തെ തുടൎന്നാണു തേജോഗോളങ്ങൾക്കു ചില ക്രമവും പരിപാടിയുംഅംഗീകരിച്ചുകിട്ടിയതു്. എന്നാൽ ചില പ്രതിബന്ധങ്ങൾ അത്തരം സംരംഭങ്ങളുടെ കൈയ്ക്കു വിലങ്ങുവെച്ചു. വിപ്ലവാത്മകമായ ഇത്തരം വ്യതിയാനത്തിൽ നിരീശ്വരവാദത്തിൻെറ കണിക കണ്ടേയ്ക്കുമോ എന്നു് അന്നത്തെ മതാധികൃതന്മാർ സംശയിക്കുവാൻതുടങ്ങി. അതിനാൽ ഭയചകിതനായാണു കോപ്പർനീക്കസ് തൻെറ സ്വതന്ത്രാഭിപ്രായം തുറന്നുപറയാൻ സാഹസപ്പെട്ടതു്. മരണംവരെ തൻെറ ഗ്രന്ഥംപ്രസിദ്ധീകരിക്കാൻ അദ്ദേഹത്തിനു ധൈര്യംവന്നില്ല. എങ്കിലും തൻെറ ഗ്രന്ഥത്തിൻെറ അച്ചടിപ്രതിയൊന്നുകണ്ടു 'കണ്ണടയു'വാൻഅദ്ദേഹത്തിനു സാധിച്ചുവെന്നു പറയപ്പെടുന്നു.

താളലയമായ ചിന്താഗതി മുന്നോട്ടുപോകയും ഗവേഷണങ്ങൾ തുടൎച്ചയായി നടക്കുകയും ചെയ്തതോടുകൂടി കോപ്പർനീക്കസിൻെറ നൂതനാശയങ്ങളുടെ ന്യായനില ഏവൎക്കും മനസ്സിലായി. പല വിവാദങ്ങൾക്കും വഴിവെട്ടിയ ആ സിദ്ധാന്തത്തിനു പരീക്ഷണപരമായ തെളിവു് ദൂരദർശിനി നിൎമ്മിച്ച ഗലീലിയോ (1564-1642) വിനും നൽവാൻ കഴിഞ്ഞില്ല. ഗലീലിയോ കോപ്പർനീക്കസിൻെറ വാദഗതിയിൽ ആത്മാർത്ഥമായി വിശ്വാസമുള്ളവനും അതു തെളിയിക്കുവാൻ അത്യദ്ധ്വാനംചെയ്ത മാന്യദേഹവുമായിരുന്നു. എങ്കിലും അദ്ദേഹത്തിനതിൽ വിജയം കൈവരിക്കാൻ കഴിഞ്ഞില്ലെന്നുമാത്രം. 1838-ൽ ബെസ്സൽ, നക്ഷത്രങ്ങളുടെ ചലനമളക്കുവാൻ ഇടയായതിനുശേഷമാണു കോപ്പർനീക്കസിൻെറ സിദ്ധാന്തത്തിനു അനിഷേദ്ധ്യവും പരീക്ഷണപരവുമായ തെളിവു സംജാതമായതു്. അതിനുശേഷം ഭൂഭ്രമണത്തിൻെറ തത്വാധിഷ്ഠിതസ്വഭാവത്തെ ആരും ചോദ്യംചെയ്കയുണ്ടായില്ല.

ഇങ്ങിനെ സൂര്യനുചുററുമായി ഭൂമിയും ഇതരഗ്രഹങ്ങളും പ്രദക്ഷിണംചെയ്യുന്ന ചിത്രത്തിനു ശാസ്ത്രജ്ഞരുടെ മനോമുകുരത്തിൽ സ്ഥിരപ്രതിഷ്ഠലഭിച്ചു. എന്നാൽ പ്രദക്ഷിണസമ്പ്രദായത്തെപ്പററിയായി പിന്നെത്തെ വാദകോലാഹലം. ഗതിമാർഗം വൃത്താകൃതിയിലായിരിക്കണമെന്നാണു സാർവ്വത്രികമായ അഭിപ്രായമെങ്കിലും പ്രായോഗികപരീക്ഷണങ്ങൾ അല്പം വ്യത്യസ്തമായ അനുമാനങ്ങളിലേയ്ക്കാണു ശാസ്ത്രകാരന്മാരെ ഉന്തിനീക്കിയിരുന്നതു് ഗ്രഹങ്ങളുടെ സ്ഥാനം സൂര്യനെ അപേക്ഷിച്ചു കൂടുതൽകുറവിനു വിധേയമായി കണ്ടുതുടങ്ങി. ഗ്രഹങ്ങളുടെ പ്രദക്ഷിണവഴി വൃത്തരൂപത്തിലാണെന്ന തത്വം എത്രതന്നെ ആകർഷകമായിരുന്നാലും പരീക്ഷണയാഥാർത്ഥ്യവുമായി പൊരുത്തമില്ലാതെയാണു ഏതദ്വിഷയത്തിൽ പ്രയത്നിച്ചവൎക്കു് അനുഭവപ്പെട്ടതു്. തന്നിമിത്തം പ്രസ്തുത ആശയത്തെ വലിച്ചെറിഞ്ഞു് മാർഗം അണ്ഡാകൃതിയിലായിരിക്കുമെന്നു ഒരു ശാസ്ത്രജ്ഞൻ സധൈര്യം അഭിപ്രായപ്പെട്ടു. സൂര്യനു ചുററും ഗ്രഹങ്ങളുടെ ഗതിവേഗം തുല്യമല്ലെങ്കിലും സൂര്യനിൽനിന്നു ഓരോ ഗ്രഹത്തിലേയ്ക്കും ഒരു ഋജുരേഖ സങ്കല്പിക്കുകയാണെങ്കിൽ ആ രേഖ തുല്യസമയത്തിൽ തുല്യമായ സ്ഥലവിസ്തൃതിയെയാണു തരണം ചെയ്യുകയെന്ന അതിപ്രധാനമായ നിയമം ആവിർഭവിച്ചു. തന്നിമിത്തം സൂര്യനോടടുക്കുന്ന ഗ്രഹങ്ങളുടെ പ്രസ്തുത സങ്കല്പരേഖ, തുലോം ഹ്രസ്വമാകയാൽ, തുല്യസ്ഥലവ്യാപ്തിയെ തരണംചെയ്യേണ്ടതിനായി കൂടുതൽ വേഗതയോടെ പ്രയാണംചെയ്യേണ്ടിവരുമെന്നു സിദ്ധമാകുന്നു. ഈ രണ്ടുനിയമങ്ങൾക്കുംപുറമെ കെപ്ലർ (Keplar) മറെറാരു നിയമംകൂടി ക്രോഡീകരിച്ചുചേർത്തു. ഗ്രഹങ്ങളുടെ ഗതിവേഗം സൂര്യനിൽനിന്നുമുള്ള അകലത്തിൻെറ വൎഗ്ഗരാശിയുമായി വിഷമാനുപാതികമായാണു് (Velocity inversely proportional to the square of the distance from the sun) ബന്ധപ്പെട്ടുകിടക്കുന്നതെന്നുകൂടി അദ്ദേഹം കേവലം പരീക്ഷണഫലങ്ങളെ അധിഷ്ഠാനമാക്കി പ്രസ്താവിക്കയുണ്ടായി.

കെപ്ലരുടെ ഈ ഗ്രഹചലനനിയമങ്ങൾക്കു (Keplar's laws of Planetary Motion) ഗണിതശാസ്ത്രത്തിൻെറ പിന്നുറപ്പുകൊടുത്തതു ലോകോത്തര മഹാശാസ്ത്രജ്ഞനായ സർ ഐസക്ക് ന്യൂട്ടനാണു്. കെപ്ലർ കാലയവനികയ്ക്കുള്ളിൽ തിരോധാനം ചെയ്ത ഒരു വ്യാഴവട്ടക്കാലത്തിനുശേഷമാണു ആംഗ്ലേയശാസ്ത്രജ്ഞനായ ന്യൂട്ടൺ ജനിച്ചതു് കെപ്ലരുടെ സമകാലികനായ ഗലീലിയോതന്നെ വസ്തുക്കൾ മേല്പോട്ടെറിഞ്ഞാലും കീഴ്പോട്ടു പോരുന്നതിൻെറ രഹസ്യത്തെപ്പററി അവഗാഢമായി ചിന്തിച്ചിരുന്നു. അതിപ്രധാനമായ ആ പരിവൎത്തനഘട്ടത്തിൽ ജനിച്ച ന്യൂട്ടൺ കെപ്ലരുടെ സിദ്ധാന്തങ്ങളും ഗലീലിയോ ഉൽഘോഷിച്ച നൂതനാശയങ്ങളും കൂട്ടിച്ചേർത്തു്, തൻെറ ആകർഷണനിയമം (Law of gravitation) ക്രോഡീകരിച്ചു. അഖിലബ്രഹ്മാണ്ഡത്തിലെ സകല വസ്തുക്കളും പരസ്പരം ആകർഷിക്കുന്നുവെന്നും ആ ആകർഷണശക്തി, വസ്തുക്കൾതമ്മിലുള്ള അകലത്തിൻെറ വർഗ്ഗരാശി (Square of the distance)യുമായിവിഷമാനുപാതനില (Inversely proportional)യിലാണു ബന്ധപ്പെട്ടിരിക്കുന്നതെന്നും ന്യൂട്ടൺ തൻെറ ആകർഷണനിയമത്തെ നിൎവചിച്ചുപന്യസിച്ചു. എങ്കിലും സൂര്യനു ചുററും ഭൂമിയും ഭൂമിക്കു ചുററും ചന്ദ്രനും പ്രദക്ഷിണംചെയ്യുന്നുവെന്നു ഉപപാദിക്കാൻ ന്യൂട്ടൺ തൻെറ പരീക്ഷണങ്ങളെ ഉപയോഗിച്ചില്ല.

എന്നുമാത്രമല്ല, പ്രകൃത്യാ വിനയശീലനായ അദ്ദേഹം തൻെറ പരീക്ഷണഫലങ്ങളെ ലോകസാമാന്യത്തിൻെറ ദൃഷ്ടിയിൽപെടുത്തുന്ന കാര്യത്തിൽ ഔൽസുക്യംപ്രദർശിപ്പിച്ചതേയില്ല. ഭാഗ്യവശാൽ തൻെറ അനുമാനങ്ങളെ എഡ്മൺഹാലി എന്ന ആപ്തമിത്രത്തെ അദ്ദേഹം കൂടക്കൂടെ അറിയിച്ചിരുന്നുവത്രെ. തന്നിമിത്തം ലോകത്തിനു് ആ മഹാസേവനങ്ങളുടെ അനർഘഫലങ്ങൾ നഷ്ടമായില്ല.

എഡ്മൺഹാലിയുടെ അക്ഷീണപരിശ്രമംവഴയാണു് ലോകം വാൽനക്ഷത്രത്തെക്കുറിച്ചു് പലതും ഗ്രഹിച്ചതു്. അവയെക്കുറിച്ചുള്ള പരമാർത്ഥങ്ങളറിവാൻ അദ്ദേഹം സ്വീകരിച്ച മാൎഗ്ഗം സ്ഥിതിവിവരക്കണക്കുകളെ അവലംബമാക്കി (Statistically) യുള്ളതായിരുന്നു. 1531, 1607, 1682 എന്നി വർഷങ്ങളിൽ വാൽനക്ഷത്രം പ്രത്യക്ഷമായെന്നു കാണുകയാൽ അതിൽനന്നും ധൂമകേതു ആവിർഭവിക്കുന്നതു് ഏതാണ്ടെഴുപത്തഞ്ചുവർഷങ്ങൾ ഇടവിട്ടാണെന്നു് അദ്ദേഹം അനുമാനിച്ചു. അതിനാൽ 1758-ൽ ആ അശുഭഗ്രഹം വീണ്ടും പ്രത്യക്ഷമാകുമെന്നുകൂടി അദ്ദേഹം ദീർഘദർശനം ചെയ്തു. എങ്കിലും ആ നിർഭാഗസൂചകമായ ഗ്രഹത്തെ കണ്ടു 'കൺകുളുപ്പിയ്ക്കാനുള്ള ഭാഗ്യം അദ്ദേഹത്തിനുണ്ടായില്ല. കൂടാതെ 1835-ലും 1910-ലും വാൽനക്ഷത്രമുദിച്ചിട്ടുണ്ടെന്നുകൂടി ഇവിടെ പ്രത്യേകം പ്രസ്താവ്യമാണു്. ഇത്തരം അതിപ്രധാനതത്വങ്ങൾ ഊഹിച്ചെടുക്കാനദ്ദേഹത്തെ ഗണിതശാസ്ത്രപരമായി സഹായിച്ചതു് ന്യൂട്ടൻെറ ആകർഷണതത്വത്തിൻെറ പിന്തുണയാണെന്നുള്ളതു് അനൎത്ഥസിദ്ധമാണു്. അധികം താമസിയാതെ, വാൽനക്ഷത്രങ്ങളും സൗരമണ്ഡലത്തിലെ അംഗങ്ങളാണെന്നും അല്ലാതെ മാനവചരിത്രത്തിൽ വിനാശത്തിൻെറ വിത്തുപാകാൻ മാത്രം എത്തിനോക്കുന്ന അശുഭരാശികളല്ല എന്നും അദ്ദേഹം യുക്തിയുക്തം സമർത്ഥിച്ചു.

ആകർഷണതത്വത്തിൻെറ അത്യാകർഷകമായ സന്താനം ഗണിതശാസ്ത്രപരമായ പരിഗണനകൾമൂലം ലവറിയർ എന്ന മാന്യനു് 1846-ൽ നെപ്ട്യൂൺ എന്ന ഗ്രഹത്തെ കണ്ടുപിടിക്കാൻ കഴിഞ്ഞതാണു്. ഒരു ഗ്രഹനായകൻെറ നിയമങ്ങളുടെ ആജ്ഞാശക്തി ഗ്രഹഭിത്തികൾക്കുള്ളിൽ മാത്രമാണെങ്കൽ, രാജകീയനിയമത്തിൻെറ പ്രവൎത്തനമേഖല തൻെറ രാജ്യപരിധിയ്ക്കുള്ളൽ മാത്രമാണെങ്കിൽ; ന്യൂട്ടൻെറ ആകർഷണനിയമം സൂര്യമണ്ഡലത്തിലെന്നല്ല, വിദൂരസ്ഥമായ അഖിലബ്രഹ്മാണ്ഡനക്ഷത്രവ്യൂഹം മുതൽ പരമാണുക്കളുടെ പരിമിതമായ സൂക്ഷ്മാന്തരാളംവരെ ഒന്നുപോലെ വകവെച്ചുകൊടുക്കേണ്ട ഒരു സാർവ്വത്രികനിയമമാണു! നാനാത്വത്തിൻെറ മറവിലുള്ള ഏകത്വത്തിൻെറ സുന്ദരമായ അടിയൊഴുക്കിനെ കരതലാമലകംപോലെ എടുത്തുകാണിയ്ക്കുന്ന ആ പ്രപഞ്ചനിയമം ക്രോഡീകരിച്ച മഹാപണ്ഡിതൻെറ വിനയഭാവവും അതുപോലെ വിപുലവും അചഞ്ചലവുമായരുന്നു. അപാരമായ വിജ്ഞാനാംബുധിയുടെ തീരപ്രദേശങ്ങളിൽനിന്നു വെറും കക്കകൾ പെറുക്കിക്കളിക്കുന്ന ഒരു ചെറുബാലൻമാത്രമാണു താനെന്നു ആ പണ്ഡിതവരേണ്യൻ ഒരിക്കൽ തൻെറ പ്രയത്നങ്ങളെ ചിത്രീകരിക്കയുണ്ടായി. ശാസ്ത്രശിശുവെ പൗരോഹിത്യത്തിൻെറ കെട്ടുപാടുകളിൽനിന്നും പൗരാണികത്വത്തിൻെറ യക്ഷിക്കഥകളിൽനിന്നും രക്ഷിച്ചു കേവലം നിരീക്ഷണപരീക്ഷണാദികളിൽ അടിയിരുത്തിയ ലോകശാസ്ത്രജ്ഞന്മാരിൽ പ്രഥമഗണനീയൻ ന്യൂട്ടനാണെന്നു നിസ്സന്ദേഹം പറയാം.

## II

ഉദ്ദേശം 1687-ലാണെന്നു തോന്നുന്നു ന്യൂട്ടൻെറ സിദ്ധാന്തങ്ങൾ പ്രസിദ്ധീകൃതമായതു്. പിന്നീടു ഒരൊന്നരനൂററാണ്ടുകാലത്തേക്കു അദ്ദേഹത്തിൻെറ ആകർഷണനിയമമാണു ശാസ്ത്രലോകത്തിൽ പ്രാമാണികത്വം വഹിച്ചിരുന്നതു്. അക്കാലത്തു ഭൗതികവൈജ്ഞാനികത്തിൻെറ വിദ്യുച്ഛക്തിശാഖ പൊടിച്ചുവളൎന്നിട്ടില്ലായിരുന്നു. വൈദ്യുതീകൃതമായ രണ്ടുവസ്തുക്കൾതമ്മിലുള്ള ആകർഷണം ന്യൂട്ട

(ശേഷം 10-ാം പേജിൽ)

# ഗ്രാമീണകലാലയങ്ങൾ

വൈയ്ക്കം എൻ. ഗോപാലകൃഷ്ണൻനായർ ബി. എസ്സ്സി.

ഒരു രാജ്യത്തിന്റെ ഐശ്വര്യത്തിനും പരിഷ്കാരാഭിവൃദ്ധിക്കും മാനദണ്ഡമായി കണക്കാക്കേണ്ടതു് അവിടെയുള്ള നഗരങ്ങളിലെ ജനസംഖ്യയോ 'അംബരചുംബിക'ളുടെ എണ്ണമോ അല്ലെന്നും പ്രത്യുത ആ രാജ്യത്തെ ഗ്രാമങ്ങളുടെ അവസ്ഥയാണെന്നും ഉള്ളതു് എല്ലാവരും സമ്മതിക്കുന്ന ഒരു പരമാർത്ഥമാണ്. ഭൗതികപരിഷ്കാരത്തിന്റെ പുരോഗതിയോടുകൂടി ഗ്രാമീണസംസ്കാരം നാശോന്മുഖമായി വരികയാണെല്ലാം ലോകത്തിലുള്ള സകലചിന്തകന്മാരുടേയും മസ്തിഷ്കമണ്ഡലത്തെ തപിപ്പിക്കുന്ന ഒരു വാസ്തവമാണിതു്. എന്നാൽ പരിതാപകരമായ ഈ അവസ്ഥയ്ക്കു പ്രായോഗികമായ ഒരു പ്രതിവിധി നിർദ്ദേശിക്കുകയെന്നുള്ളതു് ഏററവും വൈഷമ്യമേറിയ ഒരു സംഗതിതന്നെ. ജനസംഖ്യയുടെ അമിതമായ വർദ്ധനവും ജീവിതമത്സരത്തിന്റെ തീക്ഷ്ണതയും ഗ്രാമങ്ങളിൽനിന്നും, യാന്ത്രികമായ ഒരു സംസ്കാരം നിലവിലിരിക്കുന്ന നഗരങ്ങളിലേയ്ക്കു്, സഹസ്രക്കണക്കിനു ജനങ്ങളെ ആകർഷിച്ചുകൊണ്ടിരിക്കുന്നു. നിർമ്മലവും പാവനവുമായ ഗ്രാമീണാന്തരീക്ഷം [illegible]ലക്ഷങ്ങളുടെ ചുട്ടുവീർപ്പിനാൽ മലീമസമായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിൽ ചിന്തകന്മാരെല്ലാം ഗ്രാമീണപുനരുദ്ധാരണം എന്ന മന്ത്രജപത്തിൽ ഏർപ്പെട്ടിരിക്കുന്നതിൽ അത്ഭുതത്തിനവകാശമില്ല. ഗ്രാമജീവിതവും നഗരജീവിതവും തമ്മിലുള്ള അന്തരം ദിനംതോറും എന്നുവേണ്ട വിനാഴികതോറും വർദ്ധിച്ചുവരികയാണ് ചെയ്യുന്നതു്. നഗരങ്ങളും ഗ്രാമങ്ങളും തമ്മിൽ സുദൃഢമായ ഒരു ബന്ധം സംസ്ഥാപനം സമീപഭാവിയിൽ സാധിക്കാത്തപക്ഷം അതു ദേശീയജീവിതത്തിന്റെ ജീവചൈതന്യത്തെത്തന്നെ നശിപ്പിച്ചുകളയും. നമ്മുടെ ഭാരതം പ്രധാനമായി ഒരു കർഷകരാജ്യമാണ്. ആ സ്ഥിതിക്കു ഗ്രാമങ്ങളുടെ പുനരുദ്ധാരണത്തിനു അന്യരാജ്യങ്ങൾ ചെയ്യുന്ന പരിശ്രമങ്ങൾ എന്തെല്ലാമാണെന്നറിയുകയും നമ്മുടെ സംസ്കാരത്തിനും ദേശസ്ഥിതിക്കും അനുഗുണമായ രീതിയിൽ അവയ്ക്കു നിറഭേദം കൊടുത്തു പ്രയോഗത്തിൽ വരുത്തുകയും ചെയ്യേണ്ടതു് ഇന്നത്തെ പരിതഃസ്ഥിതിയിൽ ഏററവും അത്യാവശ്യമായിട്ടുള്ളതാകുന്നു.

ഇംഗ്ലണ്ടിൽ ഈ വിഷയത്തെക്കുറിച്ചു ചിന്തകന്മാർ ഗാഢമായ ആലോചന ചെയ്തുതുടങ്ങിയിട്ടു ഏതാനും സംവത്സരങ്ങളായി. അവരുടെ ശ്രമഫലമായി അവർ ഒരുപോംവഴി കണ്ടുപിടിക്കുകയും അതു് ഏതാണ്ടൊക്കെ പ്രയോഗത്തിൽ കൊണ്ടുവരികയും ചെയ്തിട്ടുണ്ട്. യുദ്ധവും തൻമൂലമുള്ള വിഷമതകളും കാരണം പൂർണ്ണമായ ഫലപ്രാപ്തിയിൽ എത്തിയിട്ടില്ലെങ്കിലും അനുകരണീയവും പ്രായോഗികവുമായ ഒരു പരിപാടിയാണ് അതെന്നുള്ളതു് നിസ്തർക്കമാണ്.

1925-ഫെബ്രുവരി മാസത്തിൽ കേംബ്രിഡ്ജ്ഷയർ പ്രാദേശികസമിതിയുടെ ആഭിമുഖ്യത്തിൽ മി. ഹെൻറി മോറീസ്, ഗ്രാമങ്ങൾക്കു വിദ്യാഭ്യാസപരവും സാമുദായികവുമായ സൗകര്യങ്ങൾ പ്രദാനംചെയ്യുന്നതിനെപ്പററി ഒരു മെമ്മോറാണ്ടം എഴുതി സമർപ്പിക്കുകയുണ്ടായി. ഇന്നത്തെ ഗ്രാമജീവിതത്തിന്റെ അധഃപതനത്തിനു ഹേതുഭൂതമായ കാര്യങ്ങളെക്കുറിച്ചു മി. മോറീസ് ദീർഘദൃഷ്ടിയോടുകൂടി അതിൽ ചർച്ചചെയ്തിട്ടുണ്ട്. ഒരു രാഷ്ട്രത്തിന്റെ സംസ്കാരം അഭംഗുരമായി നിലനിന്നുപോകണമെങ്കിൽ അതു് ഗ്രാമീണവും നാഗരികവുമായ സംസ്കാരങ്ങളുടെ സമ്മിളിതമായ ഒരു രൂപത്തിൽ അധിഷ്ഠിതമായിരിക്കണമെന്നു് അദ്ദേഹം ശക്തിയായി ഉൽബോധിപ്പിക്കുന്നു. ഗ്രാമീണരുടെ ഇടയിൽ ഐക്യബോധവും സ്വാശ്രയശീലവും തങ്ങളുടെ സംസ്കാരത്തിലഭിമാനവും കൈവരുത്തുകയെന്നുള്ളതാണ് പ്രഥമമായ കർത്തവ്യം. ഗ്രാമങ്ങളിൽ ഇന്നും പഴയ സുവർണ്ണകാലത്തെ ആചാരങ്ങളുടേയും സംസ്കാരത്തിന്റേയും അവശിഷ്ടങ്ങൾ അങ്ങിങ്ങുണ്ട്. അവ അതിവേഗത്തിൽ ദ്രവിച്ചുപോകുകയാണെന്നേയുള്ളു. തീരെ നശിച്ചുപോകുന്നതിനുമുമ്പ് അവയ്ക്കു ഒരു പുനരുജ്ജീവനം കൊടുക്കേണ്ടതു് എത്രയും അത്യാവശ്യമാണ്. അതിനു് ഏററവും പററിയ സിദ്ധൗഷധം ഓരോ ദേശത്തിന്റെയും പ്രത്യേകതകളും സംസ്കാരവും യോജിച്ച ഒരു വിദ്യാഭ്യാസരീതി അതതു ദേശങ്ങളിൽ നടപ്പാക്കുകയാണ്.

മോറീസിന്റെ നിശിതബുദ്ധിയിൽനിന്നും ഉൽഭൂതമായ ആ സൃഷ്ടിപരിപാടി നാട്ടിൻപുറങ്ങളെല്ലാം ഗ്രാമീണകലാലയങ്ങൾ സ്ഥാപിക്കുകയെന്നുള്ളതാകുന്നു. ഇന്നത്തെ സ്ഥിതിക്കു ആവശ്യമായിട്ടുള്ളതു നഗരങ്ങളിൽനിന്നും സ്വതന്ത്രമായ ഒരു സാമുദായികജീവിതം ഗ്രാമങ്ങൾക്കു നൽകുകയാണ്. ഓരോ ഗ്രാമത്തിനും സ്വന്തംകാലിൽ നിൽക്കാവുന്ന ഒരു കാലമുണ്ടായിരുന്നു. എന്നാൽ ആ കാലം ഇങ്ങു നിവർത്തവണ്ണം പൊയ്പ്പോയി. അതുകൊണ്ടു അടുത്തടുത്തു കിടക്കുന്ന അനേകംഗ്രാമങ്ങൾ ഒന്നുചേർന്നു സാമുദായികവും സംസ്കാരപരവുമായ ഒരു സംഘടകമായി തീരണം. ഇതു അവിടെയുള്ള വിദ്യാഭ്യാസസ്ഥാപനങ്ങളെ കേന്ദ്രീകരിച്ചായിരിക്കുകയും വേണം. മോറീസിന്റെ അഭിപ്രായപ്രകാരമുള്ള ഗ്രാമീണകലാലയങ്ങളുടെ പ്രവർത്തനരീതി എന്താണെന്നു സംഗ്രഹമായി പ്രസ്താവിക്കാം. ഗ്രാമങ്ങളുടെ സാമുദായികവും സാംസ്കാരികവുമായ സ്വാതന്ത്ര്യനിലനിൽപ്പിനെ ലക്ഷീകരിച്ചുകൊണ്ടുള്ള ഈ പ്രസ്ഥാനം ആദ്യമായി ആവശ്യപ്പെടുന്നതു് പ്രാഥമികവിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ള ബാലികാബാലന്മാരുടെ ഉപയോഗത്തിനായി ഒരു വിദ്യാലയമാണ്. പൊതുവേ ഈ കലാലയങ്ങളിൽ ബാലികാബാലന്മാർക്കു മാത്രമല്ല പ്രായമായിട്ടുള്ളവർക്കും വിദ്യാഭ്യാസം നൽകുന്നതിനുള്ള സൗകര്യങ്ങൾ ധാരാളമായിട്ടുണ്ട്. വിദ്യാഭ്യാസരീതി കേവലം സാഹിത്യപരമായിട്ടുള്ളതല്ല. ഗാർഹികവും കാർഷികവുമായ വിഷയങ്ങളിൽ വേണ്ട ബോധനം അവിടെ നൽകപ്പെടുന്നു. കൂടാതെ ആരോഗ്യപരിപാലനനിയമങ്ങളെല്ലാം ജനങ്ങൾക്കു ശരിയായ ശിക്ഷണം പ്രദാനംചെയ്യുന്നുണ്ട്. ഒരു പൊതുവായനശാലയും ഗ്രന്ഥശാലയും കായികവിനോദത്തിനുള്ള ഒരു പൊതുസ്ഥലവും ഓരോ വിദ്യാലയത്തിന്റേയും അവിഭാജ്യഘടകങ്ങളാണ്. ഒരു ഗർഭശുശ്രൂഷാമന്ദിരവും ശിശുമന്ദിരവും അതാതുനാട്ടിൽ നടപ്പുള്ള കൈത്തൊഴിലുകളിൽ വേണ്ട പരിശീലനം നൽകുന്നതിനുള്ള ഒരു സ്ഥാപനവും ഇതിന്റെ പരിധിയിൽ ഉൾപ്പെടുന്നു. ആതുരന്മാർക്കു വൈദ്യസഹായം നൽകുന്നതിനും ഗ്രാമവാസികൾക്കു പൊതുവേ ഗുണകരമായ കാര്യങ്ങളെപ്പററി ആലോചിച്ചു പദ്ധതികൾ നടപ്പാക്കുന്നതിനും വേണ്ട സകല ഏർപ്പാടുകളും ഉണ്ട്. സർവോപരി ബാലികാബാലന്മാരെ അവരുടെ വാസനയനുസരിച്ചു ഓരോ ഗ്രാമോദ്ധാരണജോലികളിൽ ഏർപ്പെടുത്തുന്നതിനുള്ള ഒരു ഉദ്യോഗകാര്യാലയവും ഇതിനോടു അനുബന്ധിച്ചുണ്ട്. ഈ കലാലയങ്ങളുടെ ഒരു പ്രത്യേക സ്വഭാവം, അവ സ്ഥാപിച്ചിട്ടുള്ളതു് പ്രകൃതിരമണീയമായ പരിസരങ്ങളിലാണെന്നുള്ളതാണ്. കെട്ടിടങ്ങളും, ഗ്രാമങ്ങളുടെ അന്തസ്സിനെ നിലനിർത്തുന്നവിധത്തിൽ മനോഹരങ്ങളും ഗംഭീരങ്ങളുമത്രെ.

ഇങ്ങനെ ഗ്രാമജീവിതത്തിന്റെ വിവിധവശങ്ങളെയും സ്പർശിക്കുന്ന ഈ ഗ്രാമീണകലാലയങ്ങൾ ഗ്രാമങ്ങളുടെ ആത്മചൈതന്യത്തെ അഭംഗുരമായി നിലനിർത്തുന്നതിനു ഉപകരിക്കുമെന്നുള്ളതിൽ സന്ദേഹത്തിനവകാശമില്ല. യഥാർത്ഥമായ ഗ്രാമീണസംസ്കാരത്തിന്റെ കലവറകളായി ഇവ നിലകൊള്ളുന്നു. സുസ്ഥിരമായ ഒരു അധിഷ്ഠാനത്തിന്മേൽ പ്രതിഷ്ഠിതമായതുകൊണ്ടു ഗ്രാമീണസംസ്കാരത്തെ അതിന്റെ നാശോന്മുഖമായ പ്രയാണത്തിൽനിന്നും പിൻതിരിപ്പിക്കുന്നതിനും സുന്ദരമായ ഒരു പാതയിൽക്കൂടി നയിക്കുന്നതിനും ഈ കലാലയങ്ങൾക്കു സാധിക്കും. ആത്മാഭിമാനവും സ്വാതന്ത്ര്യബോധവുമുള്ള പൗരന്മാരെ സൃഷ്ടിക്കുന്നതോടുകൂടി പ്രായോഗികവിദ്യാഭ്യാസത്തിനും ഇതു ധാരാളം സൗകര്യം പ്രദാനം ചെയ്യുന്നു.

ഗാഢമായ പരിചിന്തനത്തിനുശേഷം കേംബ്രിഡ്ജ്ഷയർ പ്രാദേശികസമിതി ഈ പരിപാടി അംഗീകരിച്ചതിന്റെ ഫലമായി, കേംബ്രിഡ്ജ് സർവ്വകലാശാലയിൽനിന്നും ഉദ്ദേശം ഏഴുമൈൽ അകലെ സ്ഥിതിചെയ്യുന്ന സാസ്റ്റൻ എന്ന ഗ്രാമത്തിൽ ഈ പദ്ധതി പരീക്ഷിച്ചുനോക്കുന്നതിനു അവർ തീരുമാനിച്ചു. 1927 ഒക്ടോബർ 13-ാം തീയതിയാണ് ഈ സുപ്രധാനമായ തീരുമാനം ചെയ്തതു്. സാസ്റ്റന്റെ സമീപം സ്ഥിതിചെയ്യുന്ന മററു എട്ടു ഗ്രാമങ്ങളെക്കൂടിച്ചേർത്തു് ഒരു ഗ്രാമസംഘടനയുണ്ടാക്കുകയും ഈ ഒൻപതു ഗ്രാമങ്ങളുടെ ആവശ്യം നിറവേററത്തക്കവിധത്തിലുള്ള ഒരു ഗ്രാമീണകലാലയം തുടങ്ങുന്നതിനുള്ള പദ്ധതി രൂപവൽക്കരിക്കുകയും ചെയ്തു. പല ഉദാരമതികളുടേയും പ്രോത്സാഹനങ്ങൾ സമിതിയെ ഈ കാര്യത്തിൽ സഹായിച്ചിട്ടുണ്ട്. 1930-ൽ പ്രസ്തുത കലാലയത്തിന്റെ ഔപചാരികമായ ഉൽഘാടനം വെയിൽസ് രാജകുമാരൻ നിർവ്വഹിക്കുകയുണ്ടായി. ഇതുപോലെയുള്ള പത്തു കലാലയങ്ങൾകൂടി കേംബ്രിഡ്ജ് ഷയറിന്റെ വിവിധഭാഗങ്ങളിലായി ഉണ്ടാക്കണമെന്നുള്ളതായിരുന്നു ഭാരവാഹികളുടെ ആഗ്രഹം. എന്നാൽ ഇതുവരെ മററു മൂന്നെണ്ണംകൂടി മാത്രമേ തുടങ്ങുവാൻ സാധിച്ചിട്ടുള്ളു. രണ്ടാമത്തേതായ ബോട്ടിഷാം ഗ്രാമീണകലാലയം 1937-ൽ സമാരംഭിച്ചു. 1938-ൽ ലിൻടൻ കലാലയവും അടുത്തവർഷത്തിൽ ഇംപിങ്ടൻ കലാലയവും ഉൽഘാടനംചെയ്യപ്പെട്ടു.

മഹായുദ്ധം ഈ കലാലയങ്ങളുടെ സ്വച്ഛന്ദമായ പുരോഗമനത്തിനു പല പ്രതിബന്ധങ്ങളും ഉണ്ടാക്കിയിട്ടുണ്ടെങ്കിലും അവയുടെ ആദർശത്തിൽനിന്നും അവ അശേഷം വ്യതിചലിച്ചിട്ടില്ല. തദ്ദേശവാസികളുടെ സർവ്വതോമുഖമായ പുരോഗമനത്തിനു അവ ചെയ്തിട്ടുള്ളതും ചെയ്തുവരുന്നതുമായ സേവനങ്ങൾ സ്തുത്യർഹങ്ങളാണ്.

മോറീസിന്റെ പ്രസ്തുത പരിപാടി ഇംഗ്ലണ്ടിലെ ഗ്രാമങ്ങളുടെ ആവശ്യത്തെ പുരസ്കരിച്ചുകൊണ്ടുള്ളതാണെങ്കിലും മററു രാജ്യങ്ങൾക്കും ഉപയോഗപ്രദവും അനുകരണീയവും ആയ പലതും അതിൽ അന്തർഭവിച്ചിട്ടുണ്ട്. ഏഴുലക്ഷം ഗ്രാമങ്ങളെ ഉൾക്കൊള്ളുന്ന ഭാരതത്തിൽ ഇംവിധത്തിലുള്ള ഗ്രാമീണകലാലയങ്ങളുടെ ആവശ്യം എത്രമാത്രമുണ്ടെന്നുള്ളതു സ്പഷ്ടമാണ്. തിരുവിതാംകൂർഗവൺമെൻറു ഈയിടെ സമാരംഭിച്ചിട്ടുള്ള, വിദ്യാഭ്യാസപരമായ സിനിമാപ്രദർശനസമ്പ്രദായം ഗ്രാമങ്ങളിലേയ്ക്കുകൂടി വ്യാപിപ്പിക്കുകയും അങ്ങനെ അജ്ഞരായ ഗ്രാമീണരുടെ ഇടയിൽ വിജ്ഞാനത്തിന്റെ നേരിയ പ്രകാശമെങ്കിലും വീശുന്നതിനു യത്നിക്കുകയും ചെയ്യേണ്ടതു് എത്രയും അത്യാവശ്യമാണ്. അതാതുനാട്ടിലെ പാരമ്പര്യത്തിനും സ്ഥിതിവിശേഷങ്ങൾക്കും യോജിച്ചവിധത്തിൽ ആ നാട്ടിലുള്ളവർക്കു വിജ്ഞാനവിതരണം ചെയ്യുകയും തദ്ദേശീയരുടെ സർവ്വതോമുഖമായ പുരോഗമനത്തെ ലക്ഷ്യമാക്കി പ്രവർത്തിക്കുകയും ചെയ്യുന്ന ഒരു ലക്ഷ്യത്തോടുകൂടി ഗ്രാമീണകലാലയങ്ങൾ ഈ ഭാരതത്തിലുണ്ടായാൽ അജ്ഞരായ അനേകംകോടി ഭാരതീയരെ വിജ്ഞാനപൂർണ്ണരാക്കിത്തീർക്കുന്നതിനും അമൂല്യമായ ഭാരതീയസംസ്കാരം നാശമാകാതെ പൂർവ്വാധികം പ്രശോഭിക്കുന്നതിനും അതു ഉപകരിക്കും. കൂടാതെ ഭാവിപൗരന്മാർക്കു പ്രാദേശികസ്വയംഭരണവിഷയത്തിൽ വേണ്ടത്ര അറിവും പരിചയവും ഉണ്ടാക്കിക്കൊടുക്കുവാനും ഇതു പര്യാപ്തമാണ്. ഏതായാലും കാലാന്തരത്തിൽ ഗ്രാമങ്ങൾ നഗരങ്ങളുടെ കേവലം ആശ്രിതസ്ഥാനത്തു വരുന്നതിൽനിന്നും അവയെ തടയുന്നതിനു് ഇത്തരത്തിലുള്ള ഗ്രാമീണസംസ്കാരകേന്ദ്രങ്ങളായ കലാലയങ്ങൾക്കേ കഴിയൂ. ഭാരതത്തിലെ വിദ്യാഭ്യാസനവീകരണത്തിനു ശ്രമിക്കുന്നവർ ഈ പരിപാടിക്കു് അതർഹിക്കുന്ന പ്രാധാന്യം കൊടുക്കുമെങ്കിൽ ശ്രേയസ്കരമായിരിക്കും.

തിരുവിതാംകൂറിനെ സംബന്ധിച്ചിടത്തോളം ഈ അടുത്തകാലത്തു നാട്ടിന്റെ പലഭാഗങ്ങളിലും ആരംഭിച്ചിട്ടുള്ള 'വില്ലേജുയൂണിയൻ' പ്രസ്ഥാനം മുൻപറഞ്ഞ ആദർശങ്ങളിൽ ചിലതിനെ മുൻനിർത്തിയാണ് രൂപവൽകൃതമായിട്ടുള്ളതെന്നു കാണാം. എന്നാൽ ഒരു വിദ്യാഭ്യാസസ്ഥാപനത്തെ കേന്ദ്രീകരിച്ചുകൊണ്ടുള്ളതാണെങ്കിൽമാത്രമേ സ്ഥായിയായ ഗുണത്തെ പ്രദാനംചെയ്യുന്നതിനു പര്യാപ്തമാകയുള്ളു എന്നാണ് ചിന്തകന്മാരുടെ അഭിപ്രായം. അതുകൊണ്ടു പ്രസ്തുത സഹകരണസംഘടനകളുടെ പ്രവർത്തനപരിധി അല്പംകൂടെ വിസ്തൃതമാക്കുകയും ഒരു വിദ്യാഭ്യാസസ്ഥാപനത്തെ കേന്ദ്രീകരിച്ചു അവയുടെ പ്രവർത്തനങ്ങൾ നടക്കുകയും ചെയ്താൽ ശാശ്വതമായ ഗുണത്തെ പ്രദാനംചെയ്യും. വിദ്യാഭ്യാസപരിഷ്കരണപദ്ധതി നടപ്പിലാകാൻപോകുന്ന ഈ അവസരത്തിൽ അതിനു കൂടുതൽ സൗകര്യവുമുണ്ടല്ലോ.

ഗൃഹനായികയ്ക്കു്

"കല്പകാ സ്പെഷ്യൽ–
ബാർ സോപ്പ്"

ഒരു സമ്മാനമായി കിട്ടുമ്പോൾ അത്യധികം സന്തോഷിക്കുന്നു. അതു് അവളുടെ ജോലിയെ കുറയ്ക്കുകയും, മുണ്ടുകൾക്കു് നല്ല വെണ്മ നൽകുകയും ചെയ്യുന്നു.

KALPAKA OIL MILLS LIMITED,
EDACOCHI.

No. 2.

## സാഹിത്യത്തിലൂടെ സർവ്വസമുദായമൈത്രി

(7-ാം പേജിൽനിന്നു തുടർച്ച)

വിദ്യായും കണ്ട കണ്ണുകളല്ലേ? ഈയവസരത്തിൽ — സമുദായവാദിയാണ് ഈയുള്ളവനെന്നു ചിലർ പഴിച്ചേക്കാം — ഞാൻ സമത്വവാദിയാണ്. ഒരു സംഭവം സ്മരണയിൽവരുന്നു. എന്റെ ഒരു സാഹിത്യസുഹൃത്തു ഒരുകോവിലകത്തെ തമ്പുരാൻ കവിയ്ക്കു സ്വഗ്രന്ഥം തിരുമുൽക്കാഴ്ചവച്ചു. ശൂദ്രന്റെ കൃതിയിൽനിന്നു സേവ്യമായ പദ്യം തെങ്ങിൻകുലയിൽനിന്നു കള്ളെന്നപോലെ പുറപ്പെടുന്നു എന്ന അഭിപ്രായം [illegible]കൊടുത്തു. ആശാന്റെ ചിതയിൽ ചിലർ ചരൽ പെറുക്കി പെറുക്കി എറിയാൻ[illegible]പോൽ.....

## ശാസ്ത്രചരിത്രത്തിലേയ്ക്കു് ഒരു നോട്ടം

(8-ാം പേജിൽനിന്നു തുടർച്ച)

ന്റെ ആകർഷണനിയമത്തെ ആധാരമാക്കിയാണെന്നു കൂളം എന്ന ശാസ്ത്രജ്ഞൻ (1736-1806) കണ്ടുപിടിച്ചുകഴിഞ്ഞിരുന്നു. ഇവയെല്ലാം ന്യൂട്ടന്റെ നിയമത്തെ പുരസ്കരിച്ചു ആകസ്മികമായാണു പ്രവർത്തിച്ചുവരുന്നതെന്ന പ്രബലമായ ഒരഭിപ്രായം ശാസ്ത്രജ്ഞവൃത്തങ്ങളിൽ സ്ഥലം പിടിക്കുവാനിടയായി.

ഏതാണ്ടു 1819-20-ലെ ഹേമന്തകാലത്തായിരുന്നുവെന്നു തോന്നുന്നു, കോപ്പൻഹേഗൻ സർവ്വകലാശാലയിലെ പ്രഫസ്സറായ ഹേൺസ് ക്രസ്ത്യൻ ഓർസ്റ്റഡ (1777-1851) ഒരു പ്രസംഗമദ്ധ്യേ ചില പരീക്ഷണഫലങ്ങൾ ജിജ്ഞാസാഭരിതരായ തന്റെ പ്രേക്ഷകർക്കു പ്രദർശിപ്പിച്ചുകൊടുക്കുകയുണ്ടായതു്. അതിനിടയിൽ ഒരു വൈദ്യുതകോശ (Electric cell)ത്തിനു സമീപം വച്ചിരുന്ന കാന്തസൂചി അസാധാരണമായ ചില ചലനങ്ങൾക്കു വിധേയമായി കണ്ടു. കാന്തസൂചിക്കു പരി ഒരു കമ്പിമാർഗ്ഗം സൂചിയെ അപേക്ഷിച്ചു നെടുനീളത്തിലുള്ള വൈദ്യുതം പ്രവഹിക്കുമ്പോൾമാത്രമേ ഈ ഗുണം പ്രത്യക്ഷമാകയുള്ളു. കമ്പി വിലങ്ങനെ പിടിച്ചാൽ സൂചിക്കു ചലനമോ സ്ഥിതിഭേദമോ ഉണ്ടാകുന്നില്ല. പ്രാസംഗികരും സാമാജികരും ഒന്നുപോലെ അത്ഭുതപരതന്ത്രരായി നിന്നുപോയി. ഇതുവരെ ലോകത്തിന്നു വെളിപ്പെടാത്ത ഒരു പുതിയ ശക്തിവിശേഷമാണു് അന്നു് ഉദ്ദേഹത്തിനു പരിചയപ്പെട്ടതു.

ഈ പരീക്ഷണഫലങ്ങൾ ബ്രിട്ടനിലെ രാജകീയസ്ഥാപനത്തിൽ (Royal Institute) പ്രവർത്തിച്ചിരുന്ന ഒരനുഗൃഹീതയുവാവിന്റെ ചിന്താഗതിയെ ഉണർത്തിവിട്ടു. മിക്കേൽഫാറഡേ (1791 1867) ഒരു കൊല്ലന്റെ പുത്രനായാണു ജനിച്ചതെങ്കിലും ഒരു പുസ്തകംകെട്ടുന്നവന്റെ കീഴിൽ ജോലിയഭ്യസിച്ചിരുന്നവനായാണു കാലയാപനം കഴിച്ചതു്. പല പുസ്തകങ്ങളുമായി അടുത്തിടപഴകാൻ സംഗതിവന്നതിനാൽ അദ്ദേഹത്തിന്റെ നൈസർഗ്ഗികമായ നിരീക്ഷണത്വരയ്ക്കു അനുകൂലമായ സാഹചര്യം സംസൃഷ്ടമായിത്തീർന്നു. ചുരുക്കിപ്പറഞ്ഞാൽ അന്നത്തെ പ്രസിദ്ധശാസ്ത്രജ്ഞനായ സർ ഹംഫ്രീഡേവിയുടെ ദൃഷ്ടിയിൽപെട്ട ഈ യുവാവു് അദ്ദേഹത്തിന്റെ ശുപാർശയനുസരിച്ചു രാജകീയസ്ഥാപനത്തിലെ ഗവേഷണവകുപ്പിൽ നിയമിതനായി. ചൊടിയും ചുറുചുറുക്കുമുള്ള ഫാറഡേ അധികൃതന്മാരുടെ കണ്ണിലുണ്ണിയായി ഉയർന്നുയർന്നു ആ സ്ഥാപനത്തിന്റെ തലവൻതന്നെ ആയിത്തീർന്നു. പ്രവഹിക്കുന്ന വൈദ്യുതത്തിനു കാന്തസൂചിയെ തിരിക്കാനുള്ള പ്രത്യേകഗുണമുണ്ടെന്ന ഓർസ്റ്റഡിന്റെ തത്വത്തിന്നൊരു പ്രതിലോമസിദ്ധാന്തമെന്നപോലെ, ഒരു കമ്പിയുടെ പരിസരങ്ങളിൽ ഒരു കാന്തസൂചി തിരിക്കുന്നതായാൽ ആ കമ്പിയിൽ വൈദ്യുതപ്രവാഹം ഉളവാകുമെന്നു ഫാറഡേ ഉൽഘോഷിച്ചു. കൂടാതെ 1831 ആഗസ്റ്റു് ഇരുപത്തൊമ്പതാംതീയതിയാണെന്നു തോന്നുന്നു, അദ്ദേഹം ഈ തത്വത്തെ ബഹുജനസമക്ഷം പ്രദർശനംമൂലം വിശദീകരിക്കുകയും ചില നൂതനപരിഷ്കാരങ്ങൾ നിർദ്ദേശിക്കുകയുംചെയ്തതു്. ഒരുകമ്പിവലയത്തിന്റെ അരികിൽ ഒരു കാന്തശകലം കൊണ്ടുവന്നാൽ ആ കമ്പിയിൽ ഒരു വൈദ്യുതപ്രവാഹം നിർമ്മിക്കപ്പെടുകയും ആ കാന്തം നീക്കംചെയ്യുമ്പോൾ എതിർവശത്തേക്കു ക്ഷണികമായൊരു പ്രവാഹം വീണ്ടും പ്രവർത്തിക്കുകയും ചെയ്യുന്നതായി അദ്ദേഹം അചിരേണ ലോകത്തെ ബോദ്ധ്യപ്പെടുത്തി. ഈ പ്രേരിതപ്രവാഹം (Induced current) ഉണ്ടാകുവാൻ ഒരു കാന്തശകലം കൊണ്ടുവരുന്നതിനുപകരം അടുത്തു വൈദ്യുതവാഹിയായ മറ്റൊരു കമ്പി ചലിപ്പിച്ചാലും മതിയെന്നു കണ്ടുപിടിക്കാനും അദ്ദേഹത്തിനു അധികമായ കാലതാമസം വേണ്ടിവന്നില്ല.

ഇത്തരം പരീക്ഷണഫലങ്ങൾ ലോകരെ അത്ഭുതപ്പെടുത്തുകയും അത്ഭുതകരമായ പ്രകൃതിയുടെ അജ്ഞാതവശങ്ങളിലേക്കു ശാസ്ത്രജ്ഞദൃഷ്ടികളെ തിരിച്ചുവിടുകയും ചെയ്തു. ഈ അനുഭവങ്ങൾ ന്യൂട്ടന്റെ വിദൂരപ്രവർത്തനനിയമത്തിന്റെ നാരായവേരൊന്നു കുലുക്കുവാൻ പര്യാപ്തമായി. ഫാറഡേയുടെ അഭിപ്രായമനുസരിച്ചു വൈദ്യുതപ്രവർത്തനം നടക്കുന്നതു വക്രരേഖാമാർഗ്ഗമായാണു്. അവയ്ക്കു് അദ്ദേഹം ശക്തിരേഖകൾ (lines of force) എന്നാണു നാമകരണംചെയ്തതു്. വൈദ്യുതീകൃതമായ ഏതൊരു വസ്തുവിനു ചുറ്റും അത്തരം ശക്തിരേഖകൾ വ്യാപിച്ചു കിടക്കുന്നതായി അദ്ദേഹം ചിത്രണംചെയ്യുന്നു. അതിനാൽ വൈദ്യുതം പ്രവഹിക്കുന്നതു കമ്പിയിൽമാത്രമാണെങ്കിലും അതിന്റെ പ്രവർത്തനം പ്രധാനമായുള്ളതു പരിസരങ്ങളിലാണെന്നു വന്നുകൂടി. ന്യൂട്ടന്റെ ആശയങ്ങളെ അല്പം ഭേദപ്പെടുത്തിയിട്ടുണ്ടെങ്കിലും ഫാറഡേയുടെ ആ അന്യാദൃശമായ ചിന്താസരണിയിലൂടെയാണു ഇന്നത്തെ ദൂരശ്രവണിയും കമ്പിത്തപാലേപ്പാടും ലോകത്തിനു ലഭിച്ചതു്.

ഒരു വൈദ്യുതകണം നിശ്ചലാവസ്ഥയിലിരിക്കുമ്പോൾ അഭേദ്യമായതിനു ചുറ്റും ഒരു വൈദ്യുതമണ്ഡലമുണ്ടു്; അതു ചലിക്കാൻ തുടങ്ങുമ്പോൾ പരിസരങ്ങളിൽ ഒരു വൈദ്യുതമണ്ഡലവും അതോടൊപ്പം ഒരു കാന്തമണ്ഡലവും (electric and magnetic fields) വ്യാപിച്ചിരിക്കുമെന്നത്രേ ഫാറഡേ സിദ്ധാന്തിക്കുന്നതു്. അത്തരം വൈദ്യുതശക്തിയും കാന്തശക്തിയും കലർന്ന വിദ്യുൽകാന്തമണ്ഡലം (electro magnetic field) മുഖ്യ വിഭാവനംചെയ്യുവാൻ വിഷമംതോന്നുന്നു. എന്നാൽ ഫാറഡേയ്ക്കു അതു എഴുതുന്ന പേനപോലെ യഥാർത്ഥവും പ്രത്യക്ഷവുമായി അനുഭവപ്പെട്ടിരുന്നുവെന്നു പറയുമ്പോൾ ഭാവനാസമ്പന്നനും കുശാഗ്രമതിയുമായ ഫാറഡേയുടെ ശാസ്ത്രജ്ഞാനത്തിനുള്ള അഭിരുചിയും അഭിവാഞ്ഛയും നമുക്കൂഹിക്കാമല്ലോ.

കേവലം ഭാവനാമുകുരത്തിൽമാത്രം കണ്ടിരുന്ന അത്തരം ആശയങ്ങൾക്കു ഗണിതശാസ്ത്രപരമായ ചൈതന്യവും സ്ഥാനവും നൽകിയതു ക്ലാർക്ക് മാക്സ്വൽ (1831-1879) എന്ന വിശ്വവിശ്രുതശാസ്ത്രജ്ഞനാണു്. ഗണിതശാസ്ത്രജ്ഞന്മാരെ അമ്പരപ്പിച്ച ഫാറഡേയുടെ ചിന്താഗതിയ്ക്കുമേൽ യുക്തിയുടെയും ഉറച്ച ഗണിതത്തിന്റെയും വെളിച്ചം പതിപ്പിച്ച മാക്സ്വൽ നോട്ടു ലോകത്തിന്റെ കടപ്പാടു് ഇതുമാത്രമാണെന്നു് തിട്ടപ്പെടുത്തുക ദുഷ്കരമാണു്. കാന്തപരവും വൈദ്യുതപരവുമായ ചലനങ്ങൾ പ്രയാണം ചെയ്യുന്നതിനു് സ്ഥലവ്യാപ്തി അത്യന്താപേക്ഷിതമാണെന്നും കാന്തീകരണത്തിലും വൈദ്യുതീകരണത്തിലുമുള്ള ഏറ്റക്കുറച്ചിൽ പരിസരങ്ങളിലെ കാന്തവൈദ്യുതമണ്ഡലത്തിലും താദൃശമായ മാറ്റങ്ങൾ ചെലുത്തുമെന്നുമുള്ള ഫാറഡേയുടെ സിദ്ധാന്തത്തോടു മാക്സ്വൽ തികച്ചും യോജിച്ചു. വെളിച്ചം തരംഗരൂപത്തിൽ സഞ്ചരിക്കുന്നുവെന്നു വിഭാവനം ചെയ്തവാറു നിർദ്ദേശിച്ച ഈതർ (Ether) എന്ന സർവ്വവ്യാപിയായ സങ്കല്പവസ്തു ശാസ്ത്രലോകത്തിനു് അക്കാലത്തു് സുപരിചിതമായിത്തീർന്നിരുന്നു. കാന്തീകൃതമോ

(ശേഷം 15-ാം പേജിൽ)


## റേഷനിങ്ങില്ല

അരിക്കും നെല്ലിനും, മററു ഭക്ഷണസാധനങ്ങൾക്കും, വസ്ത്രങ്ങൾക്കും റേഷൻ ഉണ്ടു്. എന്നാൽ ഉറപ്പും ഭംഗിയും ലാഭവും മേന്മയും തികഞ്ഞ ആഭരണങ്ങൾക്കു റേഷനില്ല.

പ്രഭാത് റോൾഡ് ഗോൾഡ് ഇൻഡസ്ട്രീസ്, Ollur A. O (Cochin State) Thalore P. O. ക്കു് എഴുതിയാൽമതി.

ഏജൻറന്മാരെ ആവശ്യമുണ്ടു്.

ഏജൻസി വ്യവസ്ഥകൾക്കും ക്യാററലോഗിനും അപേക്ഷിക്കുക.


# ആരോഗ്യവും ബ്രഹ്മചര്യവും

(കെ. പി. ശങ്കരപ്പിള്ള എം. എ., പി. എച്ച് ഡി., എസ് സി.)

ചങ്ങനാശ്ശേരിയിൽവച്ചു് 40-ാമതു് എസ്. എൻ. ഡി. പി. വാർഷികസമ്മേളനത്തോടു് അനുബന്ധിച്ചു നടന്ന ആരോഗ്യസമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ചുകൊണ്ടു് ഡോ: ആയുർവേദകോളേജു പ്രിൻസിപ്പൽ ശ്രീ. കെ. പി. ശങ്കരപ്പിള്ള അവർകൾ എം. ഏ., പി. എച്ച് ഡി., എസ് സി ചെയ്ത പ്രസംഗത്തിലെ ചില ഭാഗങ്ങൾ:—

മനസ്സിനും ശരീരത്തിനും തമ്മിലുള്ള അഭേദ്യമായ ബന്ധംനിമിത്തം രണ്ടിനേയും സുഖസ്ഥിതിയിൽ വച്ചാൽ അല്ലാതെ ആരോഗ്യസംരക്ഷണം സാധ്യമല്ലെന്നാണു് അഭിജ്ഞന്മാരുടെ അഭിപ്രായം. അതിൽതന്നെ മനസ്സിനെ സംബന്ധിച്ച കാര്യങ്ങൾക്കു കായികങ്ങളായവയെക്കാൾ പ്രാധാന്യവും കല്പിച്ചിട്ടുണ്ടു്. ശുദ്ധജലം, പുഷ്ടികരമായ ആഹാരം, വ്യായാമം, സത്യം, ദയ, സന്മാർഗ്ഗനിഷ്ഠ, ഈശ്വരഭക്തി മുതലായവ കായികവും മാനസികവുമായ ആരോഗ്യസാധകങ്ങളാണു്.

പന്ത്രണ്ടോ, പതിന്നാലോ വയസ്സു് കഴിയുമ്പോഴേക്കും അതുവരെ സമർത്ഥന്മാരായിരുന്ന പല വിദ്യാർത്ഥികൾക്കും അഗ്നിമാന്ദ്യം, ഗ്രഹണി, നേത്രരോഗം, പീനസം, ഓർമ്മക്കുറവു മുതലായ പല രോഗങ്ങൾ പിടിപെട്ടുവരുന്നതായി ചികിത്സകന്മാർക്കും രക്ഷകർത്താക്കൾക്കും അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ ഭയങ്കരരോഗങ്ങൾക്കു കാരണം കുട്ടികളുടെ ഇടയിൽ ഇരിക്കുന്ന അബ്രഹ്മചര്യമാണെന്നു അഭിജ്ഞന്മാർ മനസ്സിലാക്കിയിട്ടുണ്ടു്. കുട്ടികളുടെ ചില ദുർവൃത്തികൾ കണ്ടുപിടിച്ചു് ആരംഭത്തിൽതന്നെ അവരെ ഗുണദോഷിക്കുന്നപക്ഷം അവരുടെ ഭാവി നന്നായിവരുമെന്നുള്ളതിനു് യാതൊരു സംശയവുമില്ല. ബ്രഹ്മചര്യം ഇല്ലാത്തവർക്കു ബുദ്ധിയും ഇന്ദ്രിയങ്ങളും ധാരണാശക്തിയും നശിക്കുമെന്നു ശാസ്ത്രവചനം ഉണ്ടു്.

“അബ്രഹ്മചാരിണാം പുംസാം
ബുദ്ധീന്ദ്രിയവിനാശനം
കുലാഗ്രതന്ദ്രിവൃത്താ ഖേ
മേധാനാശശ്ച ജായതേ”

ഏതൊരു ദിവ്യപുരുഷന്റെ നാമധേയത്തിലാണോ എസ്. എൻ. ഡി. പി. യോഗം സ്ഥാപിതമായിരിക്കുന്നതു്, ആ മഹാത്മാവിന്റെ സന്നിധിയിൽനിന്നാണു് ഈ പദ്യം ആദ്യമായി ഞാൻ കേട്ടതു്. കൊല്ലവർഷം 90-92 നു് ഇടയ്ക്കു സ്വാമികൾ ആലുവായിൽ വിശ്രമിച്ചുകൊണ്ടിരുന്നപ്പോൾ പലപ്പോഴും ഞാൻ അദ്ദേഹത്തെ കണ്ടിട്ടുണ്ടു്. ഒരു സായാഹ്നത്തിൽ സംസ്കൃതസ്കൂളിനു് അടുത്തുള്ള മൈതാനത്തുവച്ചു ഒരു അദ്ധ്യാപകനായ എന്നോടു കുട്ടികൾ ബ്രഹ്മചര്യത്തിൽ നിഷ്ഠയുള്ളവരായിരിക്കത്തക്കവണ്ണം അവരെ വിദ്യാഭ്യാസം ചെയ്യിക്കണമെന്നു് സ്വാമി ഉപദേശിക്കയും സംഭാഷണമദ്ധ്യേ ഈ ശ്ലോകം ചൊല്ലുകയുമാണുണ്ടായതു്. അനേകകാലം പലതരം പാഠശാലകളിൽ ജോലിനോക്കിയിരുന്ന എനിക്കു് അബ്രഹ്മചര്യമാകുന്ന ആ പഥത്തിൽസഞ്ചരിച്ചുകൊണ്ടിരുന്ന വളരെ കുട്ടികളെ കണ്ടുപിടിച്ചു് ഗുണദോഷിച്ചു് ശരിപ്പെടുത്തുവാൻ സാധിച്ചിട്ടുണ്ടു്.

അബ്രഹ്മചര്യത്തിന്റെ ആധിക്യം നിമിത്തം പിന്നീടു ദാമ്പത്യബന്ധത്തിൽ ഏർപ്പെട്ടശേഷം നരകസദൃശങ്ങളായ ദുരിതങ്ങളനുഭവിക്കുന്ന അനേകം ചെറുപ്പക്കാർ നമ്മുടെ നാട്ടിൽതന്നെയുണ്ടു്.

ആൺകുട്ടികളെപ്പോലെതന്നെ പെൺകുട്ടികളും ബ്രഹ്മചര്യത്തിൽ നിഷ്ഠയുള്ളവരായിരിക്കേണ്ടതാണു്. ആർത്തവകാലത്തെ ചര്യാക്രമങ്ങൾ ശരിയായി അനുഷ്ഠിക്കായ്കനിമിത്തം ചെറുപ്പക്കാരായ സ്ത്രീകളിൽ പലരും അസ്ഥിസ്രാവം മുതലായ ഭയങ്കരരോഗങ്ങൾക്കു അധീനരായി കാണപ്പെടുന്നു. ആർത്തവം തുടങ്ങുന്ന ദിവസംതന്നെ ചെറുപ്പക്കാരികളിൽ പലരും ശുചിത്വത്തിനുവേണ്ടി കുളിക്കുന്നതുകൊണ്ടു് ശരിയായ രക്തശുദ്ധി ഇല്ലാതാകയും അതു കാരണം ഉള്ളിൽ തങ്ങിനിന്നു പല രോഗങ്ങൾക്കു കാരണമാവുകയും ചെയ്യുന്നു.

പാഠശാലകളിൽ പഠിക്കുന്ന വിദ്യാർത്ഥിനികളിൽ പലരും ഡ്രസ്സിന്റെ ഭംഗിക്കുമററുമായി രക്തവും വായുവും യഥേഷ്ടം സഞ്ചരിക്കുവാൻ പാടില്ലാത്തവിധത്തിൽ അംഗങ്ങളും വരിഞ്ഞുമുറുക്കി വസ്ത്രധാരണം ചെയ്യുവരാറുണ്ടു്. ഈ രീതി പരിഹരിക്കപ്പെടണം.

ആൺകുട്ടികളും പെൺകുട്ടികളും ഒരുമിച്ചിരുന്നു അദ്ധ്യയനം നടത്തുന്നതു അഭിലഷണീയമല്ല. കാപ്പിക്കടകളും ഇപ്പോൾ മദ്യശാലകളും ആയ തീർന്നിട്ടുണ്ടെന്നും, അല്പം സ്ഥിതിയും നിലയും ഉള്ളവർക്കുവേണ്ടി സോഡാക്കുപ്പികളിൽ മദ്യംനിറച്ചുകൊടുക്കാറുണ്ടെന്നും മററും പറയപ്പെടുന്നു.

മുറിവേററു മരിച്ചവരായി കാണപ്പെട്ടുന്ന പടയാളികളുടെ ശരീരത്തിൽ രക്തവും വായുവും കലർത്തി പുനർജീവൻ നൽകുന്നതിനു രണ്ടു റഷ്യൻ ഡാക്ടറന്മാർ പരീക്ഷണം നടത്തി. 51 പേരെ ചികിത്സിച്ചതിൽ 49 പേരും സുഖംപ്രാപിച്ചതായി കാണപ്പെട്ടു. ബ്രിട്ടീഷ് ഡാക്ടറന്മാർ ഇതിൽ വലിയ താല്പര്യം പ്രകടിപ്പിക്കുകയും കൂടുതൽ വിവരങ്ങൾ പ്രതീക്ഷിക്കുകയും ചെയ്യുന്നു.

ജാതിക്കായ്, ഗ്രാമ്പൂവ്, ജാതിപത്രി, കുങ്കുമപ്പൂവ്, ഏലത്തരി, ശുദ്ധിചെയ്ത കറപ്പു് ഇവ ഓരോ കഴഞ്ചു് പച്ചക്കർപ്പൂരം കാൽകഴഞ്ചു് ഇവ വെററിലനീററിൽ അരച്ചു് ചണംപയറിന്റെ വലിപ്പത്തിൽ ഉരുട്ടി നിഴലിൽ ഉണക്കി ഓരോ വെററിലയിൽ പൊതിഞ്ഞു് ദിവസംതോറും രണ്ടോ മൂന്നോ പ്രാവശ്യം സേവിച്ചാൽ കാലക്രമേണ അബ്രഹ്മചര്യംകൊണ്ടുണ്ടായ രോഗങ്ങൾ എല്ലാം ശമിക്കും. സ്ത്രീവർഗ്ഗത്തെ ആകമാനം ക്ഷീണിപ്പിച്ചുകൊണ്ടിരിക്കുന്ന ആർത്തവസംബന്ധമായ രോഗങ്ങൾക്കും അസ്ഥിസ്രാവത്തിനും പൂർണ്ണശമനം കിട്ടുന്നതിനും “ചന്ദ്രപ്രഭാഗുളിക” തുടച്ചയായി കുറേക്കാലം സേവിക്കേണ്ടതാണു്. അതിന്റെ യോഗം സുപ്രസിദ്ധമാകയാൽ ഇവിടെ പ്രസ്താവിക്കുന്നില്ല.

—o—

# * "അറിഞ്ഞുകൂടാ"

(യു. പി. കുക്കിലയാ, എം. ഏ., ബി. എൽ.)

ഒരു നല്ല സായംകാലം ഞാനും എൻെറ കൊച്ചുകുട്ടിയുമായി കടപ്പുറത്തു കാററുകൊണ്ടു നടക്കുകയായിരുന്നു. അന്നത്തെ തണുത്ത കാററിലും പ്രകൃതിസൗന്ദര്യത്തിലും പരിപൂർണ്ണ നിമഗ്നനായിരുന്ന എന്നോട്, ഇടവിടാതെ ഒരു നൂറുകൂട്ടം കാര്യങ്ങൾ ചോദിച്ചിട്ടും നാക്കിനു സ്വല്പംപോലും വിശ്രമം നൽകുവാൻ മനസ്സില്ലാത്ത ആ കുട്ടി ചോദിക്കുകയാണ്. 'ഈ തിരയെല്ലാം എവിടുന്നാണു വരുക?' അതുകൊണ്ടായില്ല. തുടന്നു ഒരു ചോദ്യപരമ്പര 'എന്തിനാണിവ ഇത്ര ധൃതിയായി ഇങ്ങനെ വന്നുകൊണ്ടിരിക്കുന്നത്? ശ്രീപത്മനാഭൻെറയും പൊന്നുതമ്പുരാൻെറയും ആറാട്ടെഴുന്നള്ളത്തു കാണുന്നതിനാണോ? അങ്ങനെയാണെങ്കിൽ എന്നും വരുന്നതെന്തിനു്? ഇങ്ങോട്ടു കടക്കാത്തതെന്തു്? അതിൻെറ വഴിയിൽ ആരെങ്കിലും വേലികെട്ടിയിട്ടുണ്ടോ?'

പലവിധ ചിന്താപരമ്പരകളിൽ നിന്നു നിർബന്ധപൂർവ്വം ഈ പ്രശ്നാവലിക്കു മറുപടിപറവാനായി വലിച്ചിഴക്കപ്പെട്ട ഞാൻ എൻെറ പ്രകൃതിവിജ്ഞാനത്തിൻെറ ഒരു ലളിതപ്രകടനം ഈ കുട്ടിയുടെ മുമ്പിൽ വൃഥാ നടത്തി. പക്ഷേ, മണലിനിടയിൽ നുഴഞ്ഞുകയറിക്കൊണ്ടിരിക്കുന്ന ചെറു പ്രാണികളെ കണ്ടുപിടിക്കുന്നതു കൂടുതൽ രസാവഹമായിത്തോന്നിയിരുന്ന കുട്ടിയുണ്ടോ അതു വല്ലതും ശ്രദ്ധിക്കുന്നു! ഒടുവിൽ എൻെറ സമാധാനം തീരെ രസിക്കാത്തവനേപ്പോലെ നടിച്ചുകൊണ്ടു അയാൾ പറകയാണ്. 'മറുകരയിൽ ആരോ ഒരാൾ ഇരിക്കുന്നുണ്ടു്. അയാൾ എളുപ്പം ചെല്ലണമെന്നു പറഞ്ഞു ഈ തിരകളെ കളിക്കാൻ അയച്ചിരിക്കുകയായിരിക്കും. ഉടൻ ചെന്നില്ലെങ്കിൽ അയാൾ അടിക്കും. അതല്ലേ അവളുത തിടുക്കത്തിൽ തിരിച്ചുപോകുന്നതു്?'

ഈ വിഷയത്തേപ്പററി കുട്ടിക്കുള്ള അറിവിനേക്കാൾ ഒട്ടും മേലേതല്ല വലിയവരെന്നു ഭാവിക്കുന്ന നമുക്കു പ്രാപഞ്ചികരഹസ്യങ്ങളെപ്പററിയുള്ള അറിവും. എൻെറ കാര്യം പറകയാണെങ്കിൽ അനുദിനജീവിതത്തിൽ കണ്ടെത്തുന്ന അസംഖ്യം കാര്യങ്ങളിൽ അസഹനീയമായ അറിവില്ലായ്മയാണു എനിക്കനുഭവപ്പെടുന്നതു്. പ്രകൃതിയിൽപെട്ട പലതിനേപ്പററിയും ആക്കും വിവരമില്ലാതിരിക്കുന്നതായിട്ടാണു നാം കാണാറുള്ളതു്. വാസ്തവം പറയുന്നപക്ഷം, സത്യധർമ്മാദികളുടെ സുസ്ഥിതിയെപ്പററിപ്പോലും പലപ്പോഴും ഞാൻ സംശയാലുവായിപ്പോയിട്ടുണ്ടു്. ജനിച്ചതിൽപിന്നെ കള്ളമല്ലാതെ പറഞ്ഞിട്ടില്ലാത്ത ചിലർ പരമസുഖമായി ജീവിക്കുന്നു; അസത്യഭീരുക്കൾ എന്നു ദൃഢമായി വിശ്വസിക്കാവുന്ന മററു ചില പച്ചപ്പരമാർത്ഥികൾ, അതേസമയം, ജീവിതപരാജയത്തിൻെറ ബലിപീഠത്തിൽ നിഷ്കരുണം അർപ്പിക്കപ്പെടുന്നു. ഇതു എന്തുകൊണ്ടുണ്ടാകുന്നു? ഒരുപോലെ അപ്പുറത്തും ഇപ്പുറത്തും ഓരോകുട്ടികൾ ജനിക്കുന്നു. ഒരുവനു ഭിക്ഷതെണ്ടിവേണം കാലംകഴിക്കുവാൻ. അവൻെറ ഒപ്പംമാത്രം ജീവിതവ്യാപാരങ്ങളുമായി ബന്ധമുള്ള മററവനാകട്ടെ, ഒരു കുബേരകുമാരൻ. രണ്ടു പേരുടേയും സുഖസൗകര്യാദികളിൽ എന്തൊരു അന്തരമാണു കാണുന്നതു്! ഇതിനു കാരണമെന്താണ്?

ഒരെത്തുംപിടിയുംകിട്ടാത്ത ഈവക പ്രപഞ്ചരഹസ്യപ്രശ്നങ്ങൾക്കുആരുണ്ടു് ഒരു തൃപ്തികരമായ സമാധാനംനൽകുവാൻ? എനിക്കറിഞ്ഞുകൂടാ — അതാണെൻെറശരിയായ ഉത്തരം.

എന്നാൽ ഞാൻ ഈ പ്രപഞ്ചത്തെ പൂർണ്ണമായി ഇഷ്ടപ്പെടുന്നു അതെ, അജ്ഞതയിലും അപൂർണ്ണതയിലും അതുപോലെതന്നെ അസഹനീയമായ യുക്തിഹീനതയിലും മുഴുകിക്കിടക്കുന്ന ഈ പ്രപഞ്ചത്തിൻെറ ചേതോഹാരിതയിൽ ഞാൻ എപ്പോഴും വിശ്വാസമർപ്പിക്കാറുണ്ടു്. അതിൽനിന്നു അല്പംപോലും അകലുന്നതിനു ആഗ്രഹിക്കാതെ ഇരിക്കുകയും ചെയ്യുന്നു. ഇതിൻെറ കാരണം എന്താണ്? ഈ അസംഗതപ്രതിപത്തിയുടെ ഉല്പത്തി എവിടെനിന്നാണ്?

ഇവിടെ മാത്രമാണു എനിക്കു വെളിച്ചത്തിൻെറ അല്പമായ ഒരു തലോടൽ ലഭിച്ചിട്ടുള്ളതു്. യാന്ത്രികമായ ഈ പ്രപഞ്ചത്തെ നിത്യം കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്ന ഉത്തുംഗമായ എന്തോ ഒന്നു എവിടെയോ ഉണ്ടു് എന്നു ഞാൻ അകാരണമായി വിശ്വസിക്കുന്നു. യുക്തിവാദത്തിൻെറ കൈകളുടെ യാതൊരു താങ്ങോടുംകൂടിയല്ല ഞാൻ അങ്ങനെ വിശ്വസിക്കുന്നതു്. എന്നാൽ അടിക്കടിയുണ്ടായ അനവധി അനുഭവങ്ങൾമൂലം ആ വിശ്വാസവുമായി വേർപിരിയുവാൻ എനിക്കു തീരെ വയ്യാതെയായി. എൻെറ ഇന്നത്തെ നില ഇതാണ്. പ്രപഞ്ചത്തെ സമഗ്രമായി ഗ്രസിച്ചുകൊണ്ടിരിക്കുന്നതും സർവ്വശക്തവുംആയ ഒരു ശക്തിയുണ്ടു്. അതുണ്ടു എന്നുള്ള വിശ്വാസം എങ്ങനെയെങ്കിലും ഉണ്ടായിക്കഴിഞ്ഞാൽ മതി അതിനനുഗുണങ്ങളായ അനുഭവങ്ങൾ ആർക്കും ഉണ്ടാകുവാൻ. അത്തരം അനുഭവങ്ങൾക്കു മുമ്പു വിശ്വാസം വിസ്തൃതമായിത്തന്നെ വ്യാപിച്ചേ മതിയാകൂ. ഈവക കാര്യങ്ങളിൽ നമുക്കു സഹായത്തിനെത്തുന്ന യുക്തിവാദം അതിൻെറ ശവമഞ്ചം വിട്ടെഴുന്നേൽക്കുവാൻ സത്യത്തിൽ അശക്തമാണ്. അതുകൊണ്ടു അഹേതുകമായ വിശ്വാസലബ്ധി ഉള്ളവനാണു അനുഗ്രഹിക്കപ്പെട്ടവൻ.

വിശ്വാസസമ്പാദനത്തിനുവേണ്ടി എൻെറമുമ്പിൽ നാളതുവരെ നിരത്തിയിട്ടുള്ള യാതൊരു യുക്തിവാദവും എന്നെ അല്പംപോലും തൃപ്തിപ്പെടുത്തിയിട്ടില്ലെന്നു എനിക്കു തീർത്തുപറവാൻ സാധിക്കും. എൻെറ അഭിപ്രായത്തിൽ, എന്നേപ്പോലെ മററു പലരേയും.

എന്നാൽ, കടലിലെ തിരയെ തിരിച്ചുചെല്ലണമെന്നുള്ള കരാറിൽ ആരോ കളിക്കാൻ അയച്ചിരിക്കുകയാണെന്നു് എൻെറ കുട്ടി അകാരണമായി വിശ്വസിച്ചതുപോലെ, പ്രപഞ്ചകർത്താവിൻെറ സത്തയെപ്പററിയുള്ള അഹേതുകവിശ്വാസത്തിൽ ഞാനും അടിയുറച്ചുനിൽക്കുന്നു. തുടന്നുണ്ടായിട്ടുള്ള അനുഭവങ്ങൾ എന്നേ ആ തീരുമാനത്തിൽനിന്നു് തിരിഞ്ഞുപോകാൻ അനുവദിക്കാതെ ദൃഢമായി തടയുകയും ചെയ്യുന്നു.

പക്ഷേ, പ്രപഞ്ചരഹസ്യങ്ങളെക്കുറിച്ചു അനേകശതംസംവത്സരങ്ങൾക്കു മുമ്പു് മനുഷ്യൻ പഠിക്കുവാൻ ആരംഭിച്ച പാഠം, അല്പംപോലും പുരോഗമിക്കാതെ ഇന്നും നിന്നനിലയിൽത്തന്നെ സ്ഥിതിചെയ്യുന്നു എന്നുള്ളതു സത്യം മാത്രമാകുന്നു. അതുകൊണ്ടു് ഈ വിഷയത്തിൽ യുക്തിവാദംചെയ്യാൻ ആരംഭിക്കുന്നതിൽ എത്രയോ ഭേദം 'അറിഞ്ഞുകൂടാ' എന്നു് അഭിമാനമായി പറയുകയാണ്.

* തിരുവനന്തപുരം ഹൈന്ദവമന്ദിരത്തിൽവച്ചു നടത്തിയ ഒരു പ്രഭാഷണത്തിൻെറ സംക്ഷേപം.

# * പ്രതീക്ഷ

(കെ. കൃഷ്ണൻനായർ, ശാന്തിനികേതൻ)

പ്രശാന്തഗംഭീരമായി ഗംഗ കരകവിഞ്ഞു് ഒഴുകി മറിഞ്ഞുകൊണ്ടിരിക്കയായിരുന്നു.

വള്ളക്കാരുടെ ആർപ്പുവിളികൾ മാത്രം കേൾക്കാം.

തുളസീദാസൻ, അഗാധമായ ചിന്തയിൽ ആണ്ടു് നദീതടത്തിലേക്ക് സാവധാനം നടന്നുവരികയായിരുന്നു.

സമീപത്തുള്ള ശ്മശാനത്തിൽനിന്നും ഒരു നേരിയ വിലാപം അദ്ദേഹത്തിൻെറ കർണ്ണങ്ങളിൽ തട്ടി.

ഒരു യുവതി ഭർത്താവിൻെറ ശവശരീരവും മടിയിൽ താങ്ങിക്കൊണ്ടിരിക്കയായിരുന്നു.

അവൾ ഒരു നവവധുവിനെപ്പോലെ പ്രശോഭിച്ചു.

"മഹാത്മാവേ, സ്വർഗ്ഗരാജ്യത്തിലേക്ക് പ്രയാണമനെ അനുഗമിക്കുവാൻ ഈ സാധ്വിയെ അനുഗ്രഹിച്ചനുവദിച്ചാലും" അവൾ അദ്ദേഹത്തിൻെറ പാദങ്ങളിൽ വീണു യാചിച്ചു.

മകളേ! സമാധാനിക്കു. "സ്വർഗ്ഗരാജ്യം സൃഷ്ടിച്ച ആ ജഗൽപിതാവല്ലേ, ഈ ഭൂമിയും സൃഷ്ടിച്ചതു്" അദ്ദേഹം കരുണാർദ്രനായി പറഞ്ഞു.

"ഞാൻ സ്വർഗ്ഗരാജ്യത്തിൽ നിന്നുനിൽക്കുകയില്ല എനിക്ക് എൻെറ പ്രിയതമൻ മതി" അവൾ ദയനീയമായ സ്വരത്തിൽ പ്രതിവചിച്ചു.

വെന്തുനീറിക്കൊണ്ടിരുന്ന ശവക്കുഴികളിൽനിന്നും ധൂമപടലങ്ങൾ അന്തരീക്ഷത്തെ കറുത്തിരുണ്ടതാക്കിക്കൊണ്ടിരുന്നു.

പൂർവ്വചക്രവാളത്തിൽ പ്രഭാതതാരം അവതരിച്ചു.

"വത്സേ, തിരിച്ചുപോകുക! ഈമാസം അവസാനിക്കുന്നതിനുമുമ്പായി നിനക്കു അവനെ കാണുകിട്ടും." അദ്ദേഹം അവളെ അനുഗ്രഹിച്ചു.

സംതൃപ്തിജനകമായ പ്രതീക്ഷയോടു കൂടി അവൾ തിരിച്ചുപോയി.

ദിവസവും അദ്ദേഹത്തിൻെറ ദർശനം ആ വിധവയുടെ ആശങ്കാകുലമായിരുന്ന ഹൃദയാന്തരങ്ങളിൽ ആനന്ദം തളിച്ചു. അദ്ദേഹം അവൾക്കു പല മഹത്തായ ഉപദേശങ്ങളും നൽകിക്കൊണ്ടിരുന്നു.

അവളുടെ ആത്മാവു് അലൗകികമായ ഒരാനന്ദത്തിൽ വിലയംപ്രാപിച്ചു.

മാധവമാസം അങ്ങനെ നിശ്ശബ്ദമായി പറന്നുകഴിഞ്ഞു.

"ഭർത്താവിനെ കണ്ടുകിട്ടിയോ" അയൽവാസികൾ ചോദിച്ചു.

"കിട്ടി." ആ വിധവ പുഞ്ചിരിതൂകിക്കൊണ്ടു മറുപടിപറഞ്ഞു.

"അദ്ദേഹം എവിടെ?" ജിജ്ഞാസയോടുകൂടി അവർ അദ്ദേഹത്തെക്കാണുവാൻ തിക്കിക്കയറി.

"എൻെറ നാഥൻ എന്നും എൻെറ ഹൃദയത്തിലുണ്ടു്" അവൾ സംതൃപ്തിയോടുകൂടി പറഞ്ഞു.

* ടാഗോറിൽനിന്ന്.



## പരസ്യം

തിരുവല്ലാതാലൂക്കിൽ വടക്കേക്കര (ചെങ്ങന്നൂർ) വില്ലേജുയൂണിയൻെറ ആഭിമുഖ്യത്തിൽ ഒരു (Mid-wife) മിഡ്വൈഫിനെ നിയമിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നതിനാൽ അതിലേക്കു പരീക്ഷായോഗ്യതയുള്ള ആളുകൾ യൂണിയൻ പ്രസിഡണ്ടിൻെറപേരിൽ ഈമാസം 25-ാംനു-ക്കകം അപേക്ഷ അയച്ചിരിക്കേണ്ടതാണ്.

(Sd.) N. Raghavan Pillai,
Tahsildar, President,
Vadakkekara Village Union.

Tiruvalla
1-5-1120.

## ഹരിഹരപുത്രചരിത്രം

വില ണ. ൪ൽ.

മാനേജർ,
"ശ്രീരാമവിലാസംപ്രസ്സ്" കൊല്ലം.

വരുത്തിവായിക്കുക.

## "പ്രേമദീപം"

(രസകരമായ ഒരു നോവൽ)

ഗ്രന്ഥകർത്താ: സരസസാഹിത്യകാരൻ
മേക്കൊല്ല എൻ. പരമേശ്വരൻപിള്ള ബി. ഏ.

എവരേയും ആകർഷിക്കുന്നതും — യുവചൈതന്യം പ്രദാനംചെയ്യുന്നതും — ആനന്ദസന്ദായകവുമായ ഈ വിശിഷ്ടനോവലിനു വില രു. രണ്ടു്.

മാനേജർ, ശ്രീവിലാസം ബുക്കുഡിപ്പോ, ആലപ്പുഴ.

## തയാറായി

## "ഹസ്തശാസ്ത്രം" അഥവാ രേഖാശാസ്ത്രപാഠങ്ങൾ.

By പാമിസ്റ്റ്, ബി. തോമസ്സ്, കോട്ടയം.

വില രൂപാ ഒന്നു്.

സുബ്രഹ്മണ്യവിലാസം ബുക്കുഡിപ്പോ, ആലപ്പുഴ.

എല്ലായ്പോഴും മുന്നണിയിൽ
# സ്റ്റാൻക്രീം
തലമുടിയ്ക്കു് ഏററവും പററിയതു്
ഇതു് തലമുടിയ്ക്കു് ഉറപ്പുവരുത്തുന്നു, ശോഭയുണ്ടാക്കുന്നു, തീരെ പശ കലരാത്തതാണ്,
തേയ്ക്കാൻ വൃത്തിയുള്ളതാണ്, തലമുടിയ്ക്കു് ഏററവും ഗുണകരവുമാണ്.
സ്മിത്ത് സ്റ്റാനിസ്ട്രീററ് & കമ്പനി. ലിമിററഡ്.
കല്ക്കത്ത, ബോംബെ, മദ്രാസ്, കറാച്ചി, ലക്നോ അമൃതസാർ.
SSK-102-ML

ഗ്രന്ഥനിരൂപണം

## സമത്വവാദി

ഗ്രന്ഥകർത്താ,
പുളിമാന പരമേശ്വരൻപിള്ള

എസ്സ്. ആർ. പ്രസ്സ് തിരുവനന്തപുരം

മലയാളത്തിലെ ആദ്യത്തെ ഭാവാത്മകനാടകമെന്നനിലയിൽ 'സമത്വവാദി'യുടെ ആവിർഭാവം മലയാളനാടകവേദിയിൽ വളരെ ഒച്ചപ്പാടുണ്ടാക്കുന്ന ഒന്നാണു്. ആന്തരികവും സാർവ്വജനികവുമായ യാഥാർത്ഥ്യങ്ങളിലേക്കു ചുഴിഞ്ഞുചെല്ലുവാനുള്ള സാഹിത്യകാരൻെറ യത്നമാണു ഭാവാത്മകപ്രസ്ഥാനത്തിൽ കാണുന്നതു്. പ്രത്യക്ഷലോകത്തിനപ്പുറത്തേക്കു പലപ്പോഴും ഭാവാത്മകപ്രസ്ഥാനം അതിൻെറ ആശയങ്ങളും ആവേശങ്ങളും കൊണ്ടുപോകുന്നതു കാണാം. അങ്ങനെ യാഥാർത്ഥ്യം സ്വപ്നത്തിലേക്കും ബോധം ഉപബോധത്തിലേക്കും ലയിക്കുന്നു.

ഇത്രയുംപറഞ്ഞതു് ഒരു ഭാവാത്മകനാടകം പൂർണ്ണമായി മനസ്സിലാക്കണമെങ്കിൽ ആ പ്രസ്ഥാനത്തേക്കുറിച്ചു ഒരു സാമാന്യജ്ഞാനമെങ്കിലും ആവശ്യമാണെന്നു കാണിക്കുന്നതിനു വേണ്ടിയാണു്. മാത്രമല്ല ഓ നീൽ തുടങ്ങിയ ചില സുപ്രസിദ്ധനാടകകർത്താക്കളുടെ ഭാവാത്മകനാടകങ്ങൾ പലതവണ വായിക്കുകയും നടിച്ചു കാണുകയും ചെയ്തുകഴിഞ്ഞാൽപോലും പലർക്കും അവ്യക്തവും ദുർഗ്രഹവുമായിത്തന്നെയിരിക്കും.

എന്നാൽ അമ്മാതിരിയുള്ള ഒരു വൈഷമ്യം 'സമത്വവാദി' പ്രേക്ഷകർക്കോ വായനക്കാർക്കോ വരുത്തിവെക്കുന്നില്ല. അതിൻെറ ഭാവാത്മകത്വം മനസ്സിലാക്കുവാൻ കെല്പില്ലാത്ത സാമാന്യരെപ്പോലും രസിപ്പിക്കുവാൻ ഉതകുന്ന ഒരു വികാരമധുരമായ കഥ 'സമത്വവാദി'യിലുണ്ടു്.

ഒരു പ്രഭു, അദ്ദേഹത്തിൻെറ രണ്ടു പെൺമക്കൾ, മൂത്തവളിൽ അനുരക്തനായ സമത്വവാദി, ഇളയവളെ പ്രേമിക്കുന്ന പ്രഭുകുമാരൻ, ഒരു ബാരിസ്റ്റർ ഇങ്ങനെ ഈ നാടകത്തിൽ പ്രത്യക്ഷപ്പെടുന്ന അഞ്ചു കഥാപാത്രങ്ങൾ നടിച്ചു കാണിക്കുന്നതു ആദ്യന്തം ഹൃദയസ്പൃശിയായ ഒരു കഥയാണു്. കേവലം ഒരു കഥ മാത്രമല്ല. ആന്തരികങ്ങളായ അനവധി സമരങ്ങൾ, ആഘാതങ്ങൾ ഉന്നതങ്ങളും ഉദാത്തങ്ങളുമായ നിരവധി നിത്യസത്യങ്ങൾ ഇവയുടെ നിഴലാട്ടവും നമുക്കു കാണാം.

നാടകത്തിൻെറ പേരിൽനിന്നുതന്നെ വ്യക്തമാകുന്നതുപോലെ ഇതിലെ നായകൻ സമത്വവാദിയാണു്. പ്രഭുത്വത്തിൻെറ പരമശത്രുവാണയാൾ. പ്രഭുത്വത്തിൻെറ പ്രതിനിധിയായ സ്വന്തം മാതുലനെ (പ്രഭു) വെടിവെച്ചു കൊല്ലാൻ അയാൾ അശേഷം മടിക്കുന്നില്ല. പക്ഷേ അയാൾ നാശത്തിൻെറ ചിഹ്നമാണു്. അതുതന്നെയാണു അയാളുടെ അപൂർണ്ണതയും.

'സമത്വവാദി'യുടെ കർത്താവു്, സ്ഥിതിസമത്വവാദത്തിൻെറ അന്ധനായ ആരാധകനല്ല. 'പരമാർത്ഥങ്ങളിൽനിന്നും ഒരു നിമിഷത്തെ വിശ്രമ'മന്വേഷിച്ചുനടക്കുന്നസമത്വവാദിയോടു് അദ്ദേഹം സഹതപിക്കുന്നു. നാമും സഹതപിക്കുന്നു. മാത്രമല്ല നാശംകൊണ്ടു് സമുദായത്തിലെ കുന്നും കുഴിയും നിരപ്പാക്കാമെന്നു വ്യാമോഹിച്ചു ആ അവ്യക്തമായ ആദർശത്തിൻെറ പുറകെ അലഞ്ഞുനടന്നു ഓരോനിമിഷവും മുമ്പിൽ പ്രത്യക്ഷപ്പെടുന്ന യാഥാർത്ഥ്യങ്ങളിൽനിന്നു ഓടിയൊളിക്കാൻ വിശ്രമത്താവളം തേടിഅലയുന്ന സമത്വവാദിയുടെ അപൂർണ്ണത അവസാനരംഗത്തിൽ ഏററവും ഹൃദയാവർജ്ജകമായി നാടകകർത്താവു കാട്ടിത്തരുന്നുമുണ്ടു്.

നായികയായ മൂത്തമകൾ പാരമ്പര്യത്തിൻെറ അടിമയാണു്. പ്രഭുപാരമ്പര്യം, മാന്യത അല്ലെങ്കിൽ സമുദായം മാന്യതയെന്നു കരുതുന്നതു ഇവ അവളുടെ ജീവിതത്തിനു ചുററും കരുക്കുകളിട്ടു കെട്ടിനിർത്തിയിരിക്കുകയാണു്. ആ നിലയിൽനിന്നു ഒരടിപോലും മുന്നോട്ടുവെക്കുവാൻ അവൾ അശക്തയാണു്. ആ നിലയിൽനിന്നുകൊണ്ടു അവളുടെ ജീവിതസുഖം തുള്ളിതുള്ളിയായി ചോർന്നുപോകുന്നു.

അവളുടെ അനുജത്തിയായ ഇളയമകളാണു ഈ നാടകത്തിലെ ഒരസാധാരണപാത്രം. അവൾ വെറും വികാരാധീനയല്ല; ബുദ്ധിമതിയാണു്. അവളുടെ ചിന്താമണ്ഡലത്തിൽ പാരമ്പര്യത്തിൻെറ കട്ടിയേറിയ വേരുകൾ തുളച്ചുകയറിയിട്ടില്ല. അവൾസ്വപ്നലോകജീവിയല്ല. കനവും കഴമ്പുമുള്ള പരമാർത്ഥങ്ങളെ നേരിടാൻ അവൾക്കു തെല്ലും കൂസലില്ല. മുമ്പു പറഞ്ഞ മാന്യതയുടേയും പ്രഭുത്വത്തിൻേറയും പൊടിയടഞ്ഞു പഴകിയ അന്തരീക്ഷത്തിൽ ശ്വാസംമുട്ടിനിന്ന സ്വജീവിതത്തിനു വെളിച്ചവും വായുവും കൊടുക്കുവാനായി അവൾ ഒരിണയേയുംകൊണ്ടു (ബാരിസ്റ്റർ) ഓടി രക്ഷപെടുന്നു.

ഇങ്ങനെ ഓജസ്സും പൂർണ്ണതയുമുള്ള കഥാപാത്രങ്ങളെ സൃഷ്ടിക്കുന്നതിൽ നാടകകർത്താവു കാട്ടിയിരിക്കുന്ന വൈദഗ്ദ്ധ്യംഅഭിനന്ദനാർഹമാണു്.

ഈ നാടകത്തിൻെറ മറെറാരുമേന്മ ഇതിലെ സംഭാഷണങ്ങളാണു്. ഇത്ര ജീവനുള്ള, കവിതാസുന്ദരമായ സംഭാഷണങ്ങൾ മലയാളത്തിൽ ഇതുവരെ പ്രത്യക്ഷപ്പെട്ടിട്ടുള്ള പല നാടകങ്ങളിലും ഇല്ലെന്നു തീർത്തുപറയാം.

ആകപ്പാടെനോക്കുമ്പോൾ മലയാളനാടകവേദിയിൽ 'സമത്വവാദി' ഒരു സ്വാഗതാർഹമായ വിപ്ലവംതന്നെയാണുണ്ടാക്കുന്നതു്. 'സമത്വവാദി'യെ സഹൃദയലോകം സന്തോഷപൂർവ്വം സ്വീകരിക്കുമെന്നു പ്രതീക്ഷിക്കാവുന്നതാണു്.

P.

—o—

## കൈത്തിരി

—o—

ഗ്രന്ഥകർത്താ, ജി. ബാലകൃഷ്ണപിള്ള
കൊട്ടാരക്കര.

സി, വി. പ്രസ്സ് കൊട്ടാരക്കര,

വില വ്യ ണ

കലാകാരൻെറ ഭാര്യ, സ്വയംവരം, പുനർജ്ജന്മത്തിൽ, എൻെറ ആവശ്യം, ഭർത്താവു് എന്നീ അഞ്ചു ചെറുകഥകളുടെ ഒരു സമാഹാരമാണു കൈത്തിരി. ജീവിതത്തിലെ സാധാരണ തോൽവികളെ ഈ കഥകൾ ചിത്രീകരിക്കുന്നു. "നിരാശകളുടെയും നെടുവീർപ്പുകളുടെയും സ്വാദുമാത്രമറിഞ്ഞിട്ടുള്ള ഒരു ഹൃദയത്തിൻെറ സങ്കല്പങ്ങളാണു ഇവ. ഭാവനയുടെ വെറും ഐന്ദ്രജാലികത്വമല്ല, അനുഭവങ്ങളുടെ ഭാവനാപരമായ പ്രതിഫലനമാണു ഇതിൽ കാണുന്നതു്" എന്നു ഗ്രന്ഥകാരൻ മുഖവുരയിൽ ഈ ചിത്രങ്ങളുടെ പശ്ചാത്തലത്തെ കുറിക്കുന്നുണ്ടു്. നിർദ്ദോഷമായ ഭാഷാശൈലി കഥാകഥനത്തിനു യോജിച്ചതാണു്. കഥാകാരൻെറ ഈ 'പ്രഥമോപഹാരം' അനുമോദനം അർഹിക്കുന്നു. അദ്ദേഹത്തിൻെറ കലാപ്രണയത്തിനു ഭാസുരഭാവി ആശംസിക്കുന്നു.

P.

—o—

## സിക്കന്തർ

ഗ്രന്ഥകർത്താ, ഇ. എം. കോവൂർ
ബി. എ, ബി. എൽ

ചരിത്രവിശ്രുതനായ അലക്സാണ്ടരുടെ (സിക്കന്തരുടെ) ഇന്ത്യാആക്രമണംസംബന്ധിച്ചു ഒരു ഉപകഥയെ ഉപജീവിച്ചു എഴുതിയിട്ടുള്ള ഒരു നാടകമാണു സിക്കന്തർ. തുംഗപുരീരാജ്യത്തിലേക്കു അലക്സാണ്ടർ തൻെറ പ്രതിപുരുഷനായി ഹെർമിസ്സിനെ അയയ്ക്കുന്നതും രാജാവിൻെറ പുത്രിമാരായ രതിരേണുകയും മണിനിർമ്മലയും ഒന്നുപോലെ ഹെർമ്മീസിൽ അനുരക്തരാകുന്നതും അനുജത്തിയുടെ പ്രേമത്തെപ്പററി അറിവു ലഭിക്കുന്ന രതിരേണുക ത്യാഗപൂർവ്വം തൻെറ പ്രേമത്തെ വിനിവർത്തിപ്പിക്കുന്നതും തുംഗപുരിയെ കാട്ടാളരാജാവിൽനിന്നു രക്ഷിക്കുവാൻ ഹെർമിസു യുദ്ധംചെയ്യുന്നതും മണിനിർമ്മലയുടെ ഭർത്തൃത്വം കാംക്ഷിച്ചു മന്ത്രികുമാരൻെറ ചതിവുമൂലം ഹെർമിസു ബന്ധനസ്ഥനാകുന്നതും ഹെർമിസിനെ രക്ഷിക്കുവാൻ മണിനിർമ്മല പ്രേമത്തിൻെറ ബലിപീഠത്തിൽ തൻെറ ജീവനെ അർപ്പിക്കുന്നതുംആണു കഥാവസ്തു. ഹൃദയസ്പൃക്കായ രംഗങ്ങൾനിറഞ്ഞ ഈ നാടകം ഗ്രന്ഥകർത്താവിൻെറ ഈ സരണിയിലുള്ള കഴിവിനെ നല്ലതിന്മണ്ണം ദ്യോതിപ്പിക്കുന്നു. രതിരേണുകയുടെ സൃഷ്ടിയിൽ വന്നുപോയിട്ടുള്ള കഠിനത മുതലായി അല്പംചില കാര്യങ്ങൾ അഭിപ്രായഭിന്നതയ്ക്കു വിഷയമായേക്കാം. ഏതായാലുംഗ്രന്ഥകർത്താവിൻെറ ഈ പ്രഥമനാടകം ചാരിതാർത്ഥ്യജനകമായ വിജയമായിട്ടുണ്ടു്. ഭാഷാപ്രയോഗവിഷയത്തിലും ഗ്രന്ഥകർത്താവിൻെറ കഴിവിനെ പരിഗണിക്കുമ്പോൾ ഒന്നുരണ്ടു സ്ഥലങ്ങളിൽ അവധാനക്കുറവു വന്നിട്ടുണ്ടെന്നുപറയാതിരിക്കാൻ നിവൃത്തിയില്ല. ഒരു നല്ല രസവേദിയായ ഗ്രന്ഥകാരനിൽനിന്നു കൈരളിയ്ക്കു നവംനവങ്ങളായ ഉപഹാരങ്ങൾ പ്രതീക്ഷിക്കാവുന്നതാണു്. അദ്ദേഹത്തിനും അദ്ദേഹത്തിൻെറ കാവ്യകുശലതയ്ക്കും വിജയമാശംസിക്കുന്നു. ഈ ഗ്രന്ഥം മി. രഞ്ചികോവൂർ, കൊട്ടാരക്കര എന്ന മേൽവിലാസത്തിലാവശ്യപ്പെട്ടാൽ കിട്ടുന്നതാണു്. വില രൂപാ ഒന്നു്.

P

## സേവാസംഘം

ഗ്രന്ഥകർത്രി
മിസ്സ് ജെ. ആർ. ജോഷ്വാ എം. എ.

മിസ്സ് ജെ. ആർ. ജോഷ്വായുടെ ഒരു ചെറിയ നോവലാണു സേവാസംഘം. സുപ്രസിദ്ധ സാഹിത്യകാരനായ മി. സി. എസ്സ്. സുബ്രഹ്മണ്യൻപോററിയുടെ ഒരു പൊടിപ്പൻഅവതാരികയോടുകൂടി പുറത്തുവന്നിട്ടുള്ള ഈ നോവൽ ചെറുകഥാപ്രണയികളായ മലയാളവായനക്കാർക്കു രസിക്കുമെന്നുള്ളതിനു യാതൊരുസംശയവുമില്ല. സ്ത്രീത്വവും ആദർശശുദ്ധിയുംകൂടി ചേരുമ്പോൾ ഉണ്ടാകാവുന്ന സ്ത്രീസൗന്ദര്യം പ്രേമലതയിൽകൂടി മിസ്സ് ജോഷ്വാ ചിത്രീകരിച്ചിരിക്കുന്നു. സ്ത്രീത്വത്തോടു് അസൂയകലരുമ്പോൾഉള്ള അധഃപതനം വസുന്ധരയെന്ന കഥാപാത്രത്തിൽകൂടി ഗ്രന്ഥകർത്രി വിശദമാക്കുന്നു. ആകർഷകമായ ഒരു കഥാഘടന ഈ നോവലിനുണ്ടു്.

എം. ഏ. ബിരുദം നേടിയിട്ടുള്ള മിസ്സ് ജോഷ്വാ, ഹിന്ദിയിൽ വിശാരദ്, വിദ്വാൻ, എന്നീ പരീക്ഷകൾ കൂടാതെ ഹിന്ദി ഐച്ഛികമായി എടുത്തു എം. ഏ. യും ജയിച്ചിട്ടുണ്ടു്. ഹിന്ദിയും മലയാളവുമായി ഉററ സമ്പർക്കം പുലർത്തേണ്ടതു നമ്മുടെ ഭാഷാഭിവൃദ്ധിയ്ക്കാവശ്യമായിരിക്കുന്ന ഇന്നത്തെപ്പോലെയുള്ള ഒരു സന്ദർഭത്തിൽ മിസ്സ് ജോഷ്വായെപ്പോലുള്ള ഗ്രന്ഥകർത്ത്രികൾ നമുക്കൊരനുഗ്രഹമാണു്. ഗ്രന്ഥകർത്രിക്കും ഗ്രന്ഥത്തിനും സർവ്വമംഗളങ്ങളും ആശംസിച്ചുകൊള്ളുന്നു.

V. G. N.

—o—

## റിക്രൂട്ടമെൻറു്

ആസാം ലേബർയൂണിററു്

45-ാം നമ്പർ ആസാം ലേബർയൂണിററിൽ ചേർന്നിരുന്ന സൂപ്രവൈസറന്മാരും കൂലിക്കാരും രണ്ടാമതും ചേരണമെന്നാഗ്രഹിക്കുന്നെങ്കിൽ അവർ തിരുവനന്തപുരം ചാക്കേ ലേബർക്യാംപിൽ 1944 ഡിസംബർ 18-ം 19-ം (120 ധനു ‌-ം 5-ം) തീയതികളിൽ നേരിട്ടു് ഹാജരായി വിവരം ബോധിപ്പിച്ചുകൊള്ളണം. 45-ാം നമ്പർ യൂണിററിൽ ചേരാതിരുന്നവർ ഹാജരാകേണ്ട ആവശ്യമില്ല.

ഇ. ജി. സാൾട്ടർ
ചീഫ് ലേബർ റിക്രൂട്ടിംഗ് ആഫീസർ

# "രാഷ്ട്രീയനിയന്ത്രണത്തിൻെറ പരിധി"

(എൻ. ഡി. പി. നമ്പൂതിരി എം. എൽ. ഏ)

മനുഷ്യൻ ഒരു സാമൂഹ്യജീവിയാണ്. സാമുദായികജീവിതത്തിൻെറ ചട്ടക്കൂട്ട് സൃഷ്ടിക്കാനും പരിരക്ഷിക്കുവാനും, അഥവാ സാമൂഹ്യജീവിതം ക്രമീകൃതമാക്കുവാനും, സുകരമാക്കുവാനും വ്യക്തികൾ പ്രവൃത്തിയിലും പ്രഭാഷണത്തിലും സ്വമേധയാ ചില സംഘടനകൾക്ക് വിധേയരായി വർത്തിക്കുന്നു. അങ്ങിനെയുള്ള സംഘടനകൾ അനവധിയാണെങ്കിലും അവയിൽ ഏററവും പ്രധാനമായിട്ടുള്ളത് രാഷ്ട്രീയസംഘടനയാണ്. സാമാന്യമായി ഒരു വ്യക്തി, ഏതെങ്കിലും ഒരു സംഘടനയിലെ അംഗമാകുന്നത് സ്വേച്ഛാനുസരണമാണ; എന്നാൽ, രാഷ്ട്രീയസംഘടനയെ സംബന്ധിച്ചിടത്തോളം അതു നിർബന്ധമിണ്, അപ്രതിരോധ്യവുമാണ്. കാരണം അതിൻെറ നിയമങ്ങൾക്ക് ദണ്ഡനസ്വഭാവമായ ഒരു പിൻബലമുണ്ടെന്നുള്ളതാണ്. സാമൂഹ്യപ്രധാനമായിട്ടുള്ള ഏതു സംഗതിയിലും ഏതു താല്പര്യത്തിലും, എന്നുവേണ്ട സ്വകാര്യജീവിതത്തിൽ പോലും ചിലകാര്യങ്ങളിൽ "സ്റ്റേററി"ൻെറ ബലിഷ്ഠഹസ്തം പല നിയന്ത്രണങ്ങളും അടിച്ചേല്പിക്കുന്നുവെന്നുള്ളത് നമുക്കു അനുഭവമുള്ള സംഗതിയാണ്.

ബഹുമുഖമായ ഒരു പ്രവൃത്തിപദ്ധതിയാണ് രാഷ്ട്രത്തിനു് ഉള്ളതെങ്കിലും വ്യക്തിയുടെ ദൈനംദിനജീവിതത്തിലെ സർവ്വമണ്ഡലങ്ങളിലുംകൈകടത്തുന്നതിനു് "സ്റ്റേററി"നു് സാധിക്കുമോ? നിയമത്തിനു് പ്രജയുടെ സർവ്വകർമ്മങ്ങളെയും ബന്ധിച്ചു് നിറുത്താൻ സാധിക്കുമോ? തീർച്ചയായും ഇല്ല. ഒരു 'സ്റ്റേററി'നും ചില കാര്യങ്ങൾ, ആ കാര്യങ്ങൾക്കുതന്നെ ഹാനിതട്ടാതിരിക്കത്തക്ക രീതിയിൽ, ചെയ്യാൻ സാധിക്കുകയില്ല ചില കാര്യങ്ങൾ അതിനു ചെയ്യാൻ സാധിക്കുമെങ്കിൽതന്നെയും അതു ഏററവും ക്ലിഷ്ടമായ രീതിയിലും, പെൻസിൽ വെട്ടാൻ മഴു ഉപയോഗിക്കുന്നതുപോലെ കേവലം യുക്തിഹീനമായ രീതിയിലും മാത്രമെ സാധിക്കുകയുള്ളൂ.

ഉദാഹരണമായി ഒരു പരമാധികാരിയും, ഏതു കാര്യത്തിലുമുള്ള അഭിപ്രായത്തേയും നിയന്ത്രിക്കാറില്ല പൊതുജനാഭിപ്രായം, പൊതുജനേച്ഛ ഇവയ്ക്കു് അസ്വാതന്ത്ര്യത്തിൽ തഴയ്ക്കാൻ സാധിക്കുകയില്ല. പക്ഷെ ഈ നടപ്പിനു ചില ഒഴിവുകളുമുണ്ട്. ഏതെങ്കിലും ഒരു അഭിപ്രായം, നയമനിഷേധത്തിനൊ, രാഷ്ട്രീയാധികാരവിധ്വംസനത്തിനോ അന്യനെ പ്രേരിപ്പിക്കുന്നുവെങ്കിൽ അതു് കേവലം അഭിപ്രായപ്രകടനമല്ല; കുററക്കൂടി കൂടിയ ഒന്നാണ്. അതിനെ കർശനമായി നിയന്ത്രിക്കേണ്ടതു് സ്റ്റേററിൻെറ സ്വരക്ഷാപരമായ ധർമ്മവുമാണ്. നിലവിലിരിക്കുന്ന ഒരു ചട്ടം ഉപദ്രവകരമെന്നോ, അനീതിപരമെന്നോ അഭിപ്രായപ്പെടുന്നതിനും, വ്യവസ്ഥാപിതവും സമാധാനപരവുമായ മാർഗ്ഗത്തിൽകൂടി അതിനെ മാററാൻ ശ്രമിക്കുന്നതിനും, ഏതു വ്യക്തിക്കും സ്വാതന്ത്ര്യമുണ്ട്. പക്ഷെ നിയമവിധ്വംസനത്തിനു് പ്രേരിപ്പിക്കാൻ അയാൾക്കു് ഒരു അവകാശവുമില്ലതന്നെ. വ്യക്തിക്കു് ഒരു നിയമത്തെ തൃപ്തിയാകുവോളം ഭത്സിക്കാം, പക്ഷെ ആത്യവസാനം അയാൾ അതിനെ അനുസരിക്കണം. വേറെ ഒരു ഉദാഹരണം പറയുകയാണെങ്കിൽ, സദാചാരത്തെയൊ, 'സ്റ്റേററു്' പ്രത്യക്ഷമായി വിരോധിച്ചിരിക്കുന്ന കാര്യങ്ങളെയൊ സ്പർശിക്കാത്ത സാഹിത്യത്തെ നിയന്ത്രിക്കുന്നതിനു് ഒരു ഭരണാധികാരി ഉദ്യമിക്കാൻ പാടുള്ളതല്ല എന്നാൽ അതേ സമയത്തുതന്നെ മറെറാരു വ്യക്തിയുടെയോ അഥവാ രാഷ്ട്രത്തിൻെറ തന്നെയൊ അഭിമാനത്തിനു ക്ഷതമേല്പിക്കുന്ന അഭിപ്രായത്തെ നിയന്ത്രിക്കാതെ ഒക്കുകയല്ല അഭിപ്രായം എന്തുകൊണ്ടു നിയന്ത്രിച്ചുകൂടാ എന്നൊരു ചോദ്യം ഉത്ഭവിക്കുന്നുണ്ടു്. അഭിപ്രായത്തെ വെല്ലാൻ അഭിപ്രായംതന്നെയാണു് ഉത്തമം. ബലം തികച്ചും നിഷ്പ്രയോജനമാണു്; നിരർത്ഥകവുമാണു്. ബലപ്രയോഗം സത്യത്തോടെന്നപോലെ അസത്യത്തോടും യോജിച്ചുപോകും. സ്റ്റേററിൻെറ പ്രധാനകിങ്കരനായ ബലപ്രയോഗം അഭിപ്രായനിയന്ത്രണത്തിൽ നിയുക്തനായാൽ, സത്യം വെളിപ്പെടുകയില്ല; വക്താവിൻെറ ആത്മധൈര്യംപോലും അടിച്ചമർത്തപ്പെടും. നിയമം ആജ്ഞാപിച്ചാൽ പ്രജ തൻെറ അഭിപ്രായത്തിനു വിപരീതമായ ഒരു പ്രവൃത്തി ചെയ്തേക്കാം. പക്ഷെ, നിയമം എത്രതന്നെ തല കുത്തിമറിഞ്ഞാലും സ്വാഭിപ്രായത്തിനു വിരുദ്ധമായി ചിന്തിക്കാൻ, ഒരാളെ പ്രേരിപ്പിക്കുവാൻ അതിനു സാധിക്കുകയില്ല.

'സ്റ്റേററി'ൻെറ നിയന്ത്രണപരിധിയിൽപ്പെടാത്ത വേറൊന്നാണ സദാചാരബോധം. മതത്തിനും ഏതാണ്ടു അതുപോലെയുള്ള ഒരുസ്ഥാനമാണ ഉള്ളതു് പൊതുക്ഷേമത്തിനു്, അനുയോജ്യമായവിധത്തിൽ വ്യക്തിയുടെ ബാഹ്യപ്രവർത്തനങ്ങളെ നിയന്ത്രിക്കുക എന്നുള്ളതിൽ കവിഞ്ഞു്, സദാചാരം കുത്തിവെക്കാൻ രാഷ്ട്രം അസമർത്ഥമാണു്. വ്യക്തിയുടെ സദാചാരപരമായ ബാദ്ധ്യതകളെ നിയമപരമായ ഉത്തരവാദിത്വമായി രൂപാന്തരപ്പെടുത്താവുന്നതല്ല. സദാചാരത്തെ അളക്കുന്നതിനുള്ള മാനദണ്ഡം എല്ലാ ആളുകളെസംബന്ധിച്ചിടത്തോളവുംഒന്നല്ല. 'ഏ'യുടെ സദാചാരബോധം 'ബി'യുടേതിൽനിന്നും വ്യത്യസ്തമായേക്കാം. പക്ഷെ, നിയമത്തെസംബന്ധിച്ചിടത്തോളം, എല്ലാ വ്യക്തികൾക്കും ഒരേ അളവുകോൽമാത്രമേയുള്ളു. അവനവൻെറ കഴിവിനും, ബുദ്ധിവികാസത്തിനും അനുസരണമായി, നന്മതിന്മ വിവേചനംചെയ്തു പ്രവൃത്തിപദ്ധതി രൂപീകരിക്കുമ്പോഴാണു സദാചാരബോധത്തിനു സ്ഥാനമുണ്ടാകുന്നതു്. മതപരമായ സംഘടനകൾ ചില കാലങ്ങളിൽ സദാചാരനിയമം ക്രോഡീകരിക്കാൻ ശ്രമിച്ചിട്ടുണ്ടെങ്കിലും, അവകൾ അല്പായുസ്സുകളായിരുന്നു.

ആചാരം, കീഴ്നടപ്പു് ഇവയും, സ്റ്റേററിൻെറ ബലിഷ്ഠഹസ്തങ്ങളിൽ കുട്ടു ഞെരിക്കത്തക്കവയല്ല. വിശ്വാസം, ജീവിതരീതി ഇവയിൽ പൊട്ടിമുളച്ചു്, സാമൂഹ്യജീവിതത്തിൽ തഴയ്ക്കുന്ന ഒന്നാണ ആചാരം. ആചാരങ്ങൾക്കു അടിസ്ഥാനമായ ചുററുപാടുകളെ വ്യത്യാസപ്പെടുത്തി പരോക്ഷമായി അവയെ നിയന്ത്രിക്കാമെന്നല്ലാതെ, പ്രത്യക്ഷമായിത്തന്നെ കീഴ്നടപടി സൃഷ്ടിക്കാനോ, നശിപ്പിക്കാനോ ഒരു ഭരണവ്യവസ്ഥയ്ക്കും കഴിയുകയില്ല. 'പീററർ മഹാനേ'പ്പോലെയുള്ള ഒരു തികഞ്ഞ സ്വേച്ഛാധികാരി തൻെറ പരിചാരകന്മാർ താടി വളർത്തരുതെന്നു ഉത്തരവിട്ടാൽ "രാജകല്പന എന്തായാലും അനുസരിക്കുക" എന്ന മാമൂലനുസരിച്ചു് അവർ അതു ചെയ്തുകളെങ്കിലും പൊതുജനങ്ങൾ അങ്ങിനെയൊരു ഉത്തരവിനെ ബഹുമാനിക്കുമാ എന്നുകണ്ടുതന്നെഅറിയണം. വേഷവിധാനങ്ങളിൽ ഇന്നയിന്ന മാററങ്ങൾ വരുത്തണമെന്നു ബുദ്ധിമാനായ ഒരുരാജാവും പറയുകയില്ല വേണമെങ്കിൽ സ്വയം ധരിച്ചു അവർക്കു മാർഗ്ഗദർശിത്വം നൽകുന്നതിനുമാത്രമേ അദ്ദേഹത്തിനു സാധിക്കുകയുള്ളു. ഒരു അന്യസമുദായത്തിൻെറ 'ഫാഷനെ' നാം സംതൃപ്തിയോടെ കണ്ണുമടച്ചു അനുകരിച്ചേക്കും പക്ഷെ ഒരുഗവമ്മെൻറു ഒരു ഫാഷൻ നിർദ്ദേശിച്ചാൽ അതു തീർച്ചയായും അരോചകമായിരിക്കും. ചുരുക്കത്തിൽ, ഒരുസമുദായത്തിൻെറ സജീവമായ സാംസ്കാരികാംശങ്ങളെ കീഴമർത്താൻ ഒരു സ്റ്റേററും ഒരുങ്ങരുതു്. സ്റ്റേററുതന്നെയും അതിൻെറ ഒരു പ്രതിഫലനംമാത്രമാണു്. ജീവിതത്തിനു അർത്ഥവും, ഉത്തേജനവും, ഐകമത്യവും കൊടുക്കുന്ന വിവിധഉപാധികളെ സൃഷ്ടിക്കുന്ന സംസ്കാരവും, പരിഷ്കാരവും സ്വതന്ത്രവായുവിലേ വളരുകയുള്ളൂ

താത്വികമായും, ആദർശപരമായും ഒരു 'സ്റ്റേററു' മേൽ കാണിച്ച കാര്യങ്ങളിൽ നയമനിർമ്മാണംചെയ്തു വ്യക്തിസ്വാതന്ത്ര്യത്തെ ഹനിച്ചുകൂടാത്തതാണെങ്കിലും, പ്രയോഗത്തിൽ വരുമ്പോൾ തികച്ചും വിപരീതമായ ഒരു നയമാണ കണ്ടുവരുന്നതു്. നിലവിലിരിക്കുന്ന ഭരണരീതികളേയും, വ്യവസ്ഥകളേയും വിശകലനംചെയ്തുനോക്കുമ്പോൾ, ആധുനികരാഷ്ട്രങ്ങൾ "ഹെഗലി"ൻെറ (Hegel) 'ആദർശവാദ'ത്തിലേയ്ക്കു കുതിച്ചുപായുകയല്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ആഭ്യന്തരമായും, ബാഹ്യമായും, രാഷ്ട്രങ്ങൾ "മാക്ക്യവെല്ലി"യുടെ അടവുകൾ പയററിനോക്കുന്നതായിട്ടാണ കാണുന്നതു്. ബാഹ്യമായി മററു രാഷ്ട്രങ്ങളെ അടിച്ചമർത്തുന്നതിനും ആഭ്യന്തരമായി പൗരസ്വാതന്ത്ര്യം കുറേശ്ശക്കുറേശ്ശ വിഴുങ്ങുന്നതിനും തയാറെടുത്തിട്ടുള്ള രാഷ്ട്രങ്ങളെ നാം ഇന്നു കാണുന്നുണ്ടു്. ആഭ്യന്തരകാര്യങ്ങളിൽ 'സ്റ്റേററു' കൈകടത്തുന്നതു പ്രത്യക്ഷമായിട്ടല്ല; പരോക്ഷമായിട്ടാണ; പൊടുന്നനവെയല്ല, സാവധാനത്തിലാണു്. അഭിപ്രായം, സദാചാരം, മതം, ആചാരം, മാമൂലു് മുതലായവയിൽ സ്റ്റേററു കൈകടത്തരുതെന്നു നാം സമർത്ഥിച്ചുവല്ലൊ? എന്നാൽ, മനശ്ശാസ്ത്രം എന്ന ഒരു ഭയങ്കരആയുധംകൊണ്ടു്, രാഷ്ട്രങ്ങൾ ഇന്നു അതു സാധിച്ചുവരുന്നുണ്ടു്. വിദ്യാഭ്യാസം, പരിശീലനം, ചുററുപാടു് ഇവ മനുഷ്യനിൽ കായികമായും, മാനസികമായും പല പരിവർത്തനങ്ങളും ഉണ്ടാക്കിത്തീർക്കും. ഉദാഹരണമായി ജർമ്മനിയെ എടുക്കാം ചെറുബാലന്മാരിൽ "ജർമ്മൻകാരൻ ഒരു സവിശേഷസൃഷ്ടിയാണു്; അവൻ ഭരിക്കാൻ ജനിച്ചവനാണു്" തുടങ്ങിയ ചിന്തകൾ ആദ്യംമുതൽക്കുതന്നെ കുത്തിവെക്കുന്നു. പിന്നീടു പ്രചരണം, ഭീഷണി ഇവകൊണ്ടു അതു പ്രബലമാക്കുകയുംചെയ്യുന്നു. അന്തർഗ്ഗളിയ ചിന്തകനായ ഒരു ജർമ്മൻകാരൻെറ അഭിപ്രായത്തിനു എന്തുവില ബല്യമാണ അവിടെ ലഭിക്കുക? അപ്പോഴത്തെ പൊതുജനാഭിപ്രായം മുഴുവനും തീക്ഷ്ണമായ ദേശീയബോധത്തെ അടിസ്ഥാനപ്പെടുത്തിയുള്ളതാണ്. സൂക്ഷ്മമായി പരിശോധിച്ചാൽ ആ അഭിപ്രായം ജനങ്ങളുടെ യഥാർത്ഥത്തിലുള്ള അഭിപ്രായമാണോ? പരമാർത്ഥത്തിൽ, സ്വാഭിപ്രായമെന്നു ജനങ്ങളെക്കൊണ്ടുതന്നെ തെററിദ്ധരിപ്പിക്കത്തക്കതരത്തിൽ മനശ്ശാസ്ത്രപരമായ ചില സൂത്രങ്ങൾ പ്രയോഗിച്ചു്, ഭരണാധികാരികൾതന്നെ സൃഷ്ടിച്ച ഒരു അഭിപ്രായമാണ അതു്. ബുദ്ധിപൂർവ്വം കാര്യങ്ങൾ നിയന്ത്രിക്കുന്ന ഒരു സ്റ്റേററിനു്, അല്പകാലത്തെ പരിശ്രമംകൊണ്ടു്, പരോക്ഷമായി, സാമുദായികജീവിതത്തിൻെറ എല്ലാ മണ്ഡലങ്ങളിലും എല്ലാ അംശങ്ങളിലും സമ്പൂർണ്ണമായ നിയന്ത്രണം അടിച്ചേൾപ്പിക്കാവുന്നതാണ്. പല രാഷ്ട്രങ്ങളും അങ്ങനെ ചെയ്തുവരുന്നുമുണ്ടു്. ഈ വഴിയിൽ കൂടി, ജനങ്ങളുടെ ചിന്തപോലും നിർദ്ദിഷ്ടമായ ചില പന്ഥാക്കളിൽക്കൂടി പായിക്കാൻ സ്റ്റേററിനു സാധിക്കും.


# സോം

(അസ്ഥിസ്രാവത്തിനു്)

അസ്ഥിസ്രാവം നിവാരണം ചെയ്യുന്നതിനു് ആയുർവ്വേദത്തിലെ ഏററവും വിശിഷ്ടമായ കണ്ടുപിടുത്തമാണു്

സോം

സുസ്ഥിരമായും ഒരാഴ്ചയ്ക്കകവും ഇതു് സുഖക്കേടു ഭേദമാക്കുന്നു.

വില രൂ. 3. ണ 10.

മേൽവിലാസം:—

ശ്രീ ദുർഗ്ഗാശക്തി ഔഷധാലയം,

ഗിലിഷ്ബസാർ, കാൺപോർ.



# രഹസ്യായുധം!

ക്ഷയം, കാസം, ഏങ്ങൽ, വാതരോഗങ്ങൾ എന്നി രോഗതസ്കരന്മാരോടു പടവെട്ടി ജയിക്കുവാൻ ഒരു രഹസ്യായുധമുണ്ടു്,



അതത്രേ ഞങ്ങളുടെ

കരിംകുരങ്ങുരസായനം

റാത്തൽ ഒന്നുക്കു് 5 ക. മാത്രം. പാക്കിങ്ങുംപോസ്റ്റേജും വേറെ.

സ്വതന്ത്രഫാർമസി,

ചാലക്കുടി, കൊച്ചിൻ സ്റ്റേററ്

ബ്രാഞ്ചുകൾ: കൊടകര & ആലപ്പുഴ.

വി. ഗംഗാധരൻ വൈദ്യൻ. വൈദ്യകലാനിധി.

ചെറുകഥ

# ഗദ്യകവി

(ആററുകാൽ)

എന്റെ ഒരു പഴേ ചങ്ങാതിയെ കാൺമാനായി ....വിലെ കൊല്ലത്തേക്കുള്ള തീവണ്ടിയിൽ ചെന്നുകയറി. മൂന്നാംക്ലാസ്സ് മുറികളിലൊന്നും നിൽക്കക്കള്ളിയില്ലെന്നുകണ്ട്, രണ്ടാംക്ലാസ്സിൽതന്നെയാവാമെന്നു നിശ്ചയിച്ചു. ഒരു മൂലയിൽ രണ്ടു വലിയ കുട്ടകളുമായി ഒരു തടിയൻ മുതലാളി ബീഡിയും വലിച്ചു അങ്ങനെ ഇരിക്കയാണ്. കൊല്ലപ്പരവ (മത്സ്യം) വാങ്ങാൻ പോകുന്ന ആളാ ആയിരുന്നു. മൂന്നാംക്ലാസ്സിനു കൂലി കുറവായതുകൊണ്ടും രണ്ടാംക്ലാസ്സിൽ സ്ഥലം കൂടുതലുള്ളതിനാലും മത്സ്യവ്യാപാരത്തിൽ ധാരാളം കാശു കിട്ടുന്ന മുതലാളി അവിടെ സ്ഥലംപിടിച്ചതാണെന്നു പിന്നീടു എനിക്കു മനസ്സിലായി. വണ്ടി വിടാറായപ്പോൾ ഒരു ചെറുപ്പക്കാരി സാരിയും ബ്ലൌസും ഷൂസും ധരിച്ച് ഒരു പുസ്തകവും കയ്യിലേന്തി, ഓടിവന്ന് ആ മുറിയിൽകയറി, എന്റെ എതിർവശത്തെ സീററിൽ ഉജ്ജാറിൽ ഇരിപ്പായി. വണ്ടി വിട്ടപ്പോഴാണ് മുതലാളിയെ ആ രസികത്തി കണ്ടതു്. മുഖമൊന്നു ചുളിച്ച്, അസഹ്യരസം പ്രകടിപ്പിച്ചുകൊണ്ട് ഒരററത്തുനീങ്ങി, ഒരുവശം ചരിഞ്ഞു ജന്നലിൽക്കൂടി പുറത്തേയ്ക്കു നോക്കി. ഒരു യുവാവിനോടു കൈ വീശി യാത്ര പറയുന്നതു ഞാൻകണ്ടു. എന്റെ കൈയിലിരുന്ന മലയാളരാജ്യം തിങ്കളാഴ്ചപ്പതിപ്പിലെ സാഹിത്യപംക്തി വായിക്കാൻ എനിക്കുണ്ടായ ബദ്ധപ്പാടിൽ ഞാൻ ആരേയും നോക്കാൻ ഇഷ്ടപ്പെട്ടില്ല. 14-ാം വശംമുതൽ ഞാൻ വായിച്ചുതുടങ്ങി. ഫലിതരസായനം, കവികുശ് മാണ്ഡഹൃത്തം, പ്രേമാരിഷ്ടം, പാല്പായസഗുളം, എണ്ണയും പുണ്ണാക്കും എന്നീ നവ്യഗദ്യകാവ്യങ്ങളെക്കുറിച്ചുള്ള വിമർശനങ്ങൾ വായിച്ചു രസിക്കയായിരുന്നു, എങ്കിലും അൽപ്പം അസുഖം എന്നെ ബാധിക്കാതിരുന്നില്ല. ഞാൻ ഒരു അപ്രസിദ്ധ ഗദ്യകവിയാണ്; എന്നുവച്ചാൽ എന്റെ കാവ്യങ്ങളെ ആരും പ്രശംസിച്ച് പത്രങ്ങളിൽ എഴുതാറില്ലെന്നു സാരം; അതുകൊണ്ട്, ഞാൻ നല്ല കാവ്യകൃത്തല്ലെന്നു അർത്ഥമാക്കരുതു്. എന്റെ ഗ്രന്ഥങ്ങളെപ്പററി വിമർശകന്മാർ മൌനവിമർശനം മാത്രമേ ചെയ്യാറുള്ളു. സ്ഥൂലാക്ഷരത്തിൽ "കൈപ്പററിയ പുസ്തക"ങ്ങളുടെ ലിസ്റ്റ് പത്രത്തിന്റെ ഒരു കോണിൽ ചേർക്കുന്നകൂട്ടത്തിൽ എന്റെ വിശിഷ്ടഗ്രന്ഥങ്ങളുടെ പേരുമുണ്ടായിരുന്നാൽമതി. അത്രയുംകൊണ്ടു ഞാൻ കൃതാർത്ഥനാവും; കൂടുതൽ ഞാൻ ആശിച്ചിട്ടേഇല്ല. മഹാകവിയായ എന്നെപ്പററി ആരും കേട്ടിട്ടുണ്ടായിരിക്കയുമില്ല. ആരോടെങ്കിലും ഞാൻ ഒരു കാവ്യകൃത്താണെന്നു പറകയാണെങ്കിൽ—ആരോടും പറകതന്നെചെയ്യും, സംശയമില്ല—"സ്വന്തംപേരുവച്ചാണോ പ്രസിദ്ധംചെയ്യുന്നതു്?' എന്നായിരിക്കും അവരുടെ ചോദ്യം. ഭേഷ്; പേരുമാററിവച്ച് ഗ്രന്ഥങ്ങൾ പ്രസിദ്ധംചെയ്യാറില്ലാത്ത ഒരു ഗ്രന്ഥകർത്താവിന് ഇതിൽക്കൂടുതൽ മർമ്മഭേദകമായ ഒരു ചോദ്യം വേറെഇല്ലതന്നെ. സാഹിത്യപംക്തിയിലെ വിമർശകന്മാരുടെ ഹാലിളക്കംകണ്ടു തൃപ്തനായി ഞാൻ പത്രംമടക്കി സീററിന്മേൽവച്ചു.

അടുത്തിരുന്ന യുവതി അതിശ്രദ്ധയോടുകൂടി വായിക്കുന്ന പുസ്തകം എന്താണെന്നറിയുവാനുള്ള ജിജ്ഞാസയോടുകൂടി ടൈററിൽപേജ് ഞാൻ ഒന്നു നോക്കി. ഹാ! എനിക്കുണ്ടായ സന്തോഷം! പരമാഹ്ളാദം!!—അതു ഞാൻ രചിച്ച "അവളും അവനും" എന്ന സാമുദായിക നവ്യഗദ്യകാവ്യമായിരുന്നു. അതിൽ പ്രസിദ്ധചിത്രലേഖകനായ ആർ. വി. നായരുടെ തൂലികാപാടവവും അവിടവിടെ പ്രദർശിപ്പിച്ചിട്ടുണ്ടായിരുന്നു. അവളുടെ മുഖത്തുസ്ഫുരിക്കുന്ന വികാരങ്ങൾ, ഹൃദയസ്പന്ദനപ്രകർഷമായ ദീർഘനിശ്വാസങ്ങൾ, ഇവകണ്ട് എന്റെ കാവ്യമഹിമയെക്കുറിച്ച് എന്തെന്നില്ലാത്തവിധം സ്വയം പ്രശംസിക്കയല്ലാതെ ഞാൻ മറെറന്താണു ചെയ്യുക. ഇടയ്ക്കിടയ്ക്കു അവൾ പുസ്തകത്തിൽ ചുംബിക്കുന്നതായും ഞാൻ കണ്ടു. അപ്പോഴെനിയ്ക്കുതോന്നി, അതാ ആ ചിത്രം അവളെ ഹഠാദാകർഷിച്ചു എന്ന്. ഇതിൽക്കൂടുതൽ ഒരു ഗ്രന്ഥകർത്താവിന് തന്റെ കൃതിയെക്കുറിച്ചുള്ള പ്രശംസ വേറെ വേണമൊ? അതു വായിക്കുമ്പോൾ ഹൃദയമുള്ള ഒരു സഹജീവിക്കുണ്ടാകുന്ന വികാരങ്ങൾ ഇന്നവയാണെന്നു നേരിൽകണ്ടനുഭവപ്പെട്ട ഞാൻ കൃതാർത്ഥനാവുന്നതിൽ എന്താണത്ഭുതം? എന്റെ കവിജീവിതത്തിൽ ഇങ്ങനെ ഒരു സന്ദർഭം എന്നെ അഭിമുഖീകരിക്കുമെന്നു പലപ്പോഴും സ്വപ്നംകണ്ടിട്ടുണ്ടായിരുന്നു. കാഴ്ചബംഗ്ലാവിലെ ചില ബഞ്ചുകൾ കുത്തകപ്പാട്ടം ഏററിട്ടുള്ള മഹാശയന്മാർ സായംകാലത്തെ സമ്മേളനത്തിൽ "ഗദ്യകവിയുടെ പുതിയ നോവൽ വായിച്ചോ? എന്തു പ്രക്ഷോഭജനകമായിരിക്കുന്നു' എന്നു പറയുന്നതു കേട്ടതായി ഞാൻ ചിലപ്പോഴൊക്കെ ദിവാസ്വപ്നം കണ്ടിട്ടുണ്ട്. എന്റെ സമീപത്തിരിക്കുന്ന ആ യുവതിയെക്കുറിച്ചുണ്ടായ ഒരു മതിപ്പോടുകൂടി ഞാൻ അൽപം ഞെളിഞ്ഞു സീററിന്മേൽ ചാരിഇരുന്നു. അവൾതന്നെ ഒരു 'പബ്ലിക്ക് അസംബ്ലി' എന്നു ഞാൻ സങ്കൽപ്പിച്ചു. അവളുടെ നയനങ്ങൾ പുസ്തകത്തിന്റെ ഒരു പേജിൽ പതിഞ്ഞിരുന്നു; ഫലിതത്താൽ നയനങ്ങൾ നൃത്തംചെയ്യുന്നതും രസാസ്വാദനത്താൽ അവളുടെഅധരങ്ങൾ ചെറുപുഞ്ചിരിയിൽ ലാലസിക്കുന്നതും ഞാൻ കണ്ട്, അതിശയിച്ചു. കഥാനായികയുടെ പ്രേമരോദനം അവസാനഅദ്ധ്യായംവരെ നീണ്ടുനിൽക്കുന്നതാണ്; അവളുടെ അവസ്ഥ ദയനീയവുമാണ്. ആ പുസ്തകം ശോകാത്മകസാഹിത്യംകൊണ്ടു നിറച്ചതായിരുന്നു. വായനക്കാരിയുടെ താൽപര്യമൊ അസന്ദിഗ്ദ്ധം. ഇതുകണ്ട് അടങ്ങിയിരിക്കാൻ എനിക്കു നിവൃത്തിയില്ലെന്നായി. നിസ്സങ്കോചം ഇങ്ങനെ ചോദ്യം ചെയ്തു.—'ഈ നോവൽ വളരെ രസമുള്ളതാണെന്നു തോന്നുന്നല്ലൊ. സഹോദരിയുടെ കണ്ണും കരളും അതിൽതന്നെ പതിഞ്ഞിരിക്കയാണ്, അല്ലേ?'

ഇതുകേട്ട അവൾ ഞെട്ടിഉണർന്നപോലെ പരിഭ്രമത്തോടുകൂടി എന്നെ നോക്കി. അവളുടെ മുഖത്ത് അൽപമായൊരു വിളർച്ച കണ്ടു ഞാൻ സംശയിച്ചു. 'ഐയ്യ്, ഞാൻ പുസ്തകം വായിക്കേഅല്ലായിരുന്നു' ഇതാണു അവളുടെ മറുപടി. പെട്ടെന്നു ആ പുസ്തകം സീററിന്മേൽ വീണു. തുറന്നിരുന്ന പുസ്തകത്തിൽ ഞാൻ കണ്ടതു ഒരു കയ്യെഴുത്തായിരുന്നു. കാര്യം ഉടൻ മനസ്സിലായി. യാത്രപറഞ്ഞ യുവാവ് അവൾക്കു കൊടുത്ത എഴുത്താണതു്. അതിനെ ആവർത്തിച്ച് ആവർത്തിച്ച് വായിക്കയായിരുന്നു. ചുംബിച്ചതായി തോന്നിയതു്, മീൻകുട്ടയുടെ നാററംകൊണ്ട് മൂക്ക് പുസ്തകത്തിൽ അമർത്തിയതായിരുന്നു. നോക്കണേ, എനിക്കുപററിയ അമളി.

എന്നിട്ടും ലജ്ജിക്കാതെ ഞാൻ ചോദിച്ചു!—'മുഷിയരുതു്, സഹോദരി 'അവനും അവളും' വായിച്ചു രസിക്കയായിരുന്നു എന്നു വിചാരിച്ചുപോയി. അവൾ പുസ്തകമെടുത്തു ടൈററിൽപേജുനോക്കി 'അതാണോ ഇതിന്റെ പേരു്? ആരെയൊ ആക്ഷേപിക്കാൻ എഴുതിയതാണെന്നു തോന്നുന്നു. പ്ലാററ്ഫാറത്തിലെ പുസ്തകവ്യാപാരി തന്നതാണ്. മൂന്നണയാണു വില എന്നുപറഞ്ഞതുകൊണ്ട് തീവണ്ടിയാത്രയ്ക്കു കൊള്ളാമെന്നുകരുതി വാങ്ങിഎന്നേയുള്ളു. അങ്ങയ്ക്കു വായിക്കണമെങ്കിൽതരാം—പക്ഷേ, ഈമാതിരി ചവറ് മനുഷ്യർ വല്ലവരും തൊടുമോ?'

'മതി, മതി, സർട്ടിഫിക്കററ്' എന്നു ഞാൻ മനസ്സുകൊണ്ടു സമാധാനപ്പെട്ടു. ശരിയായ വിമർശനം നവ്യഗദ്യകാവ്യത്തിനും കിട്ടി.

—o—

## ഏഏഏ ദിവസത്തെ ആട്ടക്കഥകൾ

വില രൂപാ ൧൪.

മാനേജർ,

ശ്രീരാമവിലാസംപ്രസ്സ്, കൊല്ലം

—o—

## ഇറങ്ങു കുഞ്ഞേ!

—o—

(ഒ. നാണു ഉപാദ്ധ്യായൻ)

ആരുംകൊതിക്കുംബിരുദുകാരം
പാരംകൊഴുത്ത ചെറുപ്പക്കാരം.
വല്ലാതെ വാടിവരമ്പിന്റെ വക്കത്തു
നില്ലാതെയങ്ങോട്ടിറങ്ങുകുഞ്ഞേ,
ഭാരിച്ചതോലിൻ ചെരിപ്പിതൊന്നു
ഊരിനീയങ്ങോട്ടുമാററിയാട്ടെ
ചേറണിയമ്മ വയൽ നിന്റെ കാലിനു
ചേരുന്ന ചെല്ലച്ചെരിപ്പുനൽകും:
ഇപ്പുരം പഞ്ചിനുൽക്കഞ്ചുകമെ-
ന്നപ്പനഴിച്ചൊന്നുമാററിയാട്ടെ,
പൊങ്കുന്നുകേറി വരുന്നു, നിനക്കിന്നൻ
തങ്കത്തളിരൊളിച്ചട്ടയുമായ്.
പാടത്തുകുട്ടനണഞ്ഞകാര്യം
പാട്ടിലപ്പൈങ്കിളിചൊല്ലുകയാൽ
വീപ്പിലുലയുന്ന മൂടുപടംനീക്കി
നോക്കിച്ചിരിപ്പൂപുലരിയമ്മ.
ആട്ടുമണിമാല യുമ്മവയ്ക്കും
ആടചാഞ്ചാടെത്തലകളാട്ടി
നന്ദിപിറവിയെടുത്തൊരിക്കുററന്മാർ
നിന്നെവിളിച്ചു വിളിച്ചുനിൽപൂ
പേലവകൈത്തലം നോവുമെന്നു
പേടിക്കവേണ്ടാ,പിതാക്കൾമുന്നേ
പേണിപ്പിടിച്ചകലപ്പപ്പിടിയിതു
പേനയെക്കാളുംമിനുത്തല്ലൊ
ഇന്നിലച്ചേററുതോമനേ, നീ
നിൻനെറുകയ്ക്കു കുറിയണിയ്ക്കൂ
പുണ്യക്ഷേമതു ചിത്രർക്ഷദേവന്റെ
പൊന്നടിപ്പാടുപതിഞ്ഞതല്ലോ!
കൊച്ചുചെറുമിവച്ചോമനിക്കും
അച്ചെറുകുട്ടയിൽനോക്കുകനീ
വാരിളംതൈയെയാൽ വേണാടർ-
(കോനൻപിൽ
വാരിവിതച്ചതുമുത്തിരിപ്പു!
കണ്ടത്തിലുംവഴികാട്ടുവാന-
ത്തണ്ടലർച്ചേവടി, തമ്പുരാനേ!
തത്തിക്കളിച്ചുകളിച്ചുവന്നിക്കളിർ
തൈത്തെന്നൽ നിന്നോടിതല്ലിചൊൽവൂ
വേപ്പണിവൈരം പതിച്ചുനിന്മെയ്
പ്പൊൽപ്പതക്കംമാറിൽ ചേർത്തുചാർത്തി
ഉൾക്കളംമുത്താൽ നിറയ്ക്കുട്ടെ തായ.നീ
നില്ക്കാതെ യങ്ങോട്ടിറങ്ങുകുഞ്ഞേ!

—o—

## പ്രകൃതിരഹസ്യം

—o—

(സാഹിത്യവിശാരദ, കെ. ഭരതൻ
പടി-കൊല്ലം)

മാവിൻചുവട്ടിലക്കൊച്ചുപൈതൽ
മേലോട്ടുനോക്കിയിരിക്കയായി
സായന്തനാക്കൻ കൊച്ചുകുഞ്ഞിൻ
പൂങ്കവിൾമെല്ലെത്തലോടിനിന്നു
കാററിലുലഞ്ഞൊരുകൊമ്പിൽനിന്നും
ഞെട്ടററടന്നൊരു മാങ്ങവീണു.
കൈകൊട്ടിയാർത്തോടിച്ചാലനെത്തി
മാതൃസമീപത്തിൽ മാങ്ങയുമായ്.
"കുഞ്ഞേ, പുളിയ്ക്കുമിമ്മാങ്ങ നാളെ-
ത്തിന്നാം പഴുക്കമതപ്പൊഴേയ്ക്കും'
മാതാവിൻവാക്കുകൾ കേട്ടുകുട്ടി
ഭാവം പകർന്നുടൻ ചോദ്യമായി.
'തിന്നാതിമ്മാങ്ങ പുള യ്ക്കുമെന്നാ-
യമ്മയ്ക്കറിയുവാൻ ശക്തിയുണ്ടോ?
കുട്ടിതൻകൊഞ്ചലിൽ ഹൃത്തലിഞ്ഞ-
മ്മട്ടോലുംവാണിയാളേവമോതി.
'പച്ചയ്ക്കുമാങ്ങപുളിയ്ക്കുമെന്നെൻ
കുട്ടനിന്നോളമറിഞ്ഞിട്ടില്ലേ?'
മാതൃവാക്യംകേട്ടു പുഞ്ചിരിച്ച-
ക്കോമളൻപിന്നെയുംചോദ്യമായി
'ഇന്നുപുളിയ്ക്കുമിമ്മാങ്ങനാളെ
ത്തിന്നാൽപുളിക്കാത്തതെന്താണമ്മേ?'
നാളെയിമ്മാങ്ങപഴുക്കുമപ്പോൾ
മാധുര്യമുണ്ടാമെന്നമ്മചൊന്നാൾ
മാധുര്യമെന്നതു കേട്ടവാറി-
ലൂറിയ വെള്ളമോടോതി ബാലൻ
"ഇന്നിപ്പുളിയ്ക്കും പുളിയശേഷം
എങ്ങോട്ടുനാളെയൊഴിഞ്ഞുമാറും?
എന്നല്ല മാധുര്യമെങ്ങുനിന്നാ-
ണന്നേരം വന്നിതിൽ ചേർന്നിടുന്നു?"
ലക്ഷ്യത്തിലെത്തിയോരമ്പുപോല-
ച്ചോദ്യം ശ്രവണംതുളച്ചുകേറി
ഓളമില്ലാത്ത തടിനിപോലെ-
മ്മാതാവിൻമാനസം ശാന്തമായി.
ഏതോ നിഗൂഢമാം തത്വമൊന്ന-
പ്രാജ്ഞതന്നുള്ളിലുദിച്ചുയർന്നു.
നീണ്ടൊരു നിശ്വാസമാർന്നു ചൊന്നാ-
ളേവമസ്വസ്ഥചിയാൾ ബാലനോടായ്
"കുഞ്ഞേ, പ്രകൃതിരഹസ്യമെല്ലാം
മർത്ത്യന്റെ ബുദ്ധിയ്ക്കു ദൃശ്യമല്ല."

—o—


**ബോംബെ മ്യൂച്വൽലൈഫ്**
അഷ്വറൻസ്
സൊസൈററി,
ലിമിററഡ്.
(1871-ൽ സ്ഥാപിച്ചതു്)

ഇന്ത്യയിലെ ഏററവും പ്രാചീനമായ ജീവരക്ഷാഭോഗസ്ഥാപനം

73 കൊല്ലക്കാലമായി
ഇന്ത്യയെ സേവിച്ചു
വരുന്ന ഒരു കമ്പനി

ഹെഡാഫീസ്:
"ബോംബെ മ്യൂച്വൽ
ബിൽഡിംഗ്,
ഫോർട്ട്, ബോംബെ.

ഉദാരമായ നിബന്ധനകളിൽ
ഏജൻറന്മാരെ
ആവശ്യമുണ്ട്.

അപേക്ഷിക്കുക.—
എസ്സ്. ഏ. രാമസ്വാമി &
ബ്രദേഴ്സ്, സേലം.

മദിരാശി സംസ്ഥാനത്തിലേക്കും, തിരുവിതാംകൂർ, കൊച്ചി എന്നീ നാട്ടുരാജ്യങ്ങളിലേക്കും ചീഫ് ഏജൻറുമാർ.

ബോംബെ മ്യൂച്വൽ
ലൈഫ് അഷ്വറൻസ്
സൊസൈററി, ലിമിററഡ്.



**കാമബാണരസായനം**

വില ടിൻ ഒന്നുക്കു 2 രൂ. 8 ണ

മാനേജർ, [illegible] വൈദ്യശാല, കൊ[illegible]

ഓജസ്സു വദ്ധിപ്പിക്കാനുള്ള രസായനം—
ഒരു അപൂവ്വയോഗം.

# കല്പലതാവടി.

ഈ കല്പലതാവടിക കാൺപൂർ ആയുവേദസേവാശ്രമത്തിനു പേറ്റൻറ് അവകാശമുള്ള ഉത്തമൗഷധങ്ങളിൽ ഒന്നാണ്. ആശ്രമത്തിൻെറ ലക്ഷ്യം മനുഷ്യരാശിയുടെ സേവനവും ആയുവേദത്തിൻെറ പരിപോഷണവും ആകയാൽ ഈ മഹനീയ കല്പത്തിൻെറ യോഗം ആശ്രമം പ്രസിദ്ധംചെയ്യുന്നു. പൊതുജനങ്ങൾ അവയെ സ്വന്തഭവനങ്ങളിൽവച്ചുതന്നെ തയ്യാറാക്കി ഉപയോഗിച്ച് അതിൻെറ പൂണ്ണഗുണങ്ങൾ നേടണമെന്നുള്ളതാണ് ആശ്രമത്തിൻെറ ഉദ്ദേശം.

പാകംചെയ്യേണ്ട വിധം — ത്രിഫല ൧൨ തോലാ, ത്രികടു ൧൦ തോലാ, ശുദ്ധമായ ശിലാജിത്തു ൧൦ തോലാ, അഭ്രകഭസ്മം, കാന്തിസാരം, വങ്കഭസ്മം (ഹത്താൽസഹിതം തയ്യാറാക്കിയതു) കുങ്കമപ്പൂവ് എന്നിവ ൩ മാഷംവീതം, വിധാര ൧ തോലാ, അകക്കര ൧ തോലാ, ശുദ്ധീകരിച്ച പുതിയ ഗുൽഗുലു ൨ തോലാ, നേപാളകസ്തൂരി ൧ൽ മാഷം, ഇവയെല്ലാം മിനുസമായി പൊടിച്ചു ൪൦ തുള്ളി ചന്ദനതൈലവും, വീരോജതൈലം ൪൦ തുള്ളയും, ശീതളചിനിതൈലം ൫൦ തുള്ളിയും, ഹരിദ്രാതൈലം ൪൦ തുള്ളിയും ചേത്തു മർദ്ദിച്ചു ശുദ്ധമായ ബ്രഹ്മിനീരും ശതാവരിനീരുംചേത്തു് ൨൦ മണിക്കൂർ നേരം അരച്ചെടുക്കുക. അതിനുശേഷം മൂന്നിൽഒന്നു മാഷ അളവിൽ ഗുളികയാക്കി സ്വണ്ണവങ്കകൊണ്ടു പൊതിയുക. ദിവസവും രണ്ടുനേരം പാലിൽചേത്തു സേവിക്കുക.

പ്രമേഹം, സ്വപ്നദോഷം, വീയ്യശക്തിക്കുറവ്, ക്ലീബത, പഴകിയ അസ്ഥിസ്രാവം (ശുക്ലസ്രാവവും), വെള്ളപോക്ക (യോനിസ്രാവം), ഓമ്മശക്തിക്ഷയം, ദഹനക്ഷയം എന്നിങ്ങനെ ശരീരശക്തിയെ ക്ഷയിപ്പിക്കുന്ന ഏതുതരം രോഗത്താലും കഷ്ടതയനുഭവിക്കുന്നവക്കു ഞങ്ങളുടെ സുശക്തമായ ഉപദേശം ഇതാണ്. ഈ വടികയുണ്ടാക്കി കുറഞ്ഞപക്ഷം 40 ദിവസത്തേക്കെങ്കിലും ഉപയോഗിക്കുക. ഈ ആയുവേദമഹൗഷധത്തിൻെറ അത്ഭുതശക്തികൾ അപ്പോൾ നേരിട്ടനുഭവപ്പെടും. ഈ ഔഷധം തയ്യാറാക്കുന്നതിൽ നിങ്ങൾക്കു സകലവിധ സഹായങ്ങളും ഞങ്ങളിൽനിന്നു സമ്പാദിക്കാവുന്നതാണ്. എന്നിട്ടും ഈ രസായനം പാകംചെയ്യെടുപ്പാൻ നിങ്ങൾക്കു സമയംകിട്ടുന്നില്ലെങ്കിൽ അസൽമുതലിനു് ഇതയച്ചുതന്നു നിങ്ങൾക്കുവേണ്ടി സേവനമനുഷ്ഠിച്ചുകൊള്ളാവുന്നതാണ്. അതായതു 40 ദിവസത്തേക്കുള്ള 80 ഗുളികകൾക്കു 6 രൂപാ 8 ണ-യും അതിൽപകുതി കാലത്തേക്കുള്ള 40 ഗുളികകൾക്കു 3 രൂ. 8 ണ-യും മുതലാണ്.

ആയുവേദത്തെസംബന്ധിച്ച ഏതുവിധ സേവനത്തിനും ഞങ്ങളുടെ മേൽവിലാസം ഓമ്മിച്ചുകൊള്ളുക.

മേൽവിലാസം:—

ആയുവേദസേവാശ്രമം, 26, കാൺപോർ.

Ayurveda Seva Ashram, 26, Cawnpore

## ശാസ്ത്രചരിത്രത്തിലേയ്ക്ക് ഒരു നോട്ടം

(10-ാം പേജിൽനിന്നു തുടച്ച്)

വൈദ്യുതീകൃതമായ വസ്തുക്കൾക്കു ചുറ്റുമുള്ള പ്രദേശം ചില സമ്മർദ്ദനവികാസത്തിൻെറ പ്രവൃത്തിരംഗമായാണ് മാക്സ്വൽ ചിത്രണം ചെയ്തതു്. അതിനൊരു ഗണിതശാസ്ത്രപരമായ ബലം കൊടുത്തതിനു് പുറമേ വിദ്യുൽകാന്തതരംഗങ്ങൾ വെളിച്ചത്തിൻെറ ഗതിവേഗത്തോടെ പ്രയാണം ചെയ്യുന്നുവെന്നും അദ്ദേഹം സ്ഥാപിച്ചു. 1864-ാമതു് വർഷം ശാസ്ത്രലോകത്തിലെ ഒരു ദശാസന്ധിയാണ്. അന്നത്രേ വിദ്യുൽകാന്തതരംഗങ്ങളുടെ (electro magnetic waves) ഗതിവേഗത 186000-നാഴിക വെളിച്ചത്തിൻെറതു തന്നെയാണെന്നു് കണ്ടുപിടിക്കപ്പെട്ടത്. അതിനാൽ വെളിച്ചവും വിദ്യുൽകാന്തതരംഗങ്ങളും ഒരേ കുടുംബത്തിലെ അകന്ന അംഗങ്ങളാണെന്നു സിദ്ധമാണല്ലോ എന്നാൽ വെളിച്ചം നീളം കുറഞ്ഞതും ശക്തികൂടിയതുമായ തരംഗങ്ങളായാണ് സഞ്ചരിക്കുന്നതു്.

കേവലം ഗണിതശാസ്ത്രപരമായ പരിഗണനകളെ പുരസ്കരിച്ചു ദീർഘദർശനംചെയ്ത മാക്സ്വലിൻെറ വിദ്യുൽകാന്തതരംഗങ്ങളെ ഗവേഷണശാലയിൽ ഉല്പാദിപ്പിച്ച് നിരീക്ഷണപരീക്ഷണങ്ങൾക്ക് വിധേയമാക്കുവാനുള്ള മഹാഭാഗ്യം, രണ്ടു വ്യാഴവട്ടകാലത്തിനുശേഷം ഹേർട്ട്സ് എന്ന ജർമ്മൻ യുവാവിനാണ് (1857-897) ലഭിച്ചതു്. ഹേർട്ട്സ് മുപ്പത്തേഴുവയസ്സിനകം ചരമഗതിയടഞ്ഞുപോയെങ്കിലും ആ ചുരുങ്ങിയതെങ്കിലും ഫലഭൂയിഷ്ഠവും സംഭവബഹുലവുമായ ജീവകാലത്തിനുള്ളിൽ പ്രതിബിംബനം, ഗതിഭേദനം (Reflection and Refraction) എന്നീ വെളിച്ചത്തിൻെറ പ്രത്യേക ഗുണങ്ങൾ വിദ്യുൽകാന്തതരംഗങ്ങൾക്കുമുണ്ടെന്നു് അദ്ദേഹത്തിനു് തെളിയിക്കുവാൻ സാധിച്ചുവെന്നു് പ്രത്യേകം സ്മരണീയമാണ്.

മാക്സ്വലിൻെറ മസ്തിഷ്കത്തിൽ കിളുത്തു് ഹേർട്ട്സിൻെറ മേൽനോട്ടത്തിൽ വളന്ന ഈ തത്വങ്ങളുടെ പ്രായോഗികമായുള്ള പ്രാധാന്യം അചിരേണ മനുഷ്യലോകം മനസ്സിലാക്കി. ഇതു് വാത്താവിതരണത്തിനുപയോഗിക്കാമെന്നു് മാക്കോണി അഭിപ്രായപ്പെടുകയും 1897 ൽ 9 മൈൽ ദൂരത്തോളം കമ്പിയില്ലാക്കമ്പിസന്ദേശം വിജയകരമായി അയയ്ക്കുകയുംചെയ്തു. 1901 ആകുമ്പോഴേയ്ക്കും കൂടുതൽ ശക്തിയിൽ വിദ്യുൽകാന്തതരംഗങ്ങൾ ഉല്പാദിപ്പിക്കാൻ അദ്ദേഹത്തിനു സാധിച്ചതിനാൽ, 6000 നാഴിക ദൂരത്തോളം വാത്താവിതരണംചെയ്യുവാൻ അദ്ദേഹത്തിനു കഴിഞ്ഞു ആകാശവാണി നമ്മുടെ കലാപരമായും വിജ്ഞാനപരമായും വിനോദപരമായുമുള്ള നിത്യജീവിതത്തോട്ട് അഭേദ്യമായി ചേന്നു പിടിച്ചിരിക്കുന്ന ഫാറഡേ, മാക്സ്വൽ എന്നീ മാന്യന്മാരുടെ ഗവേഷണങ്ങൾ ശാസ്ത്രീയലോകത്തിൽ പുതിയ ചിന്താസരണി തുറന്നുവെച്ചിരിക്കുന്നുവെന്നു മാത്രമല്ല, അതിൻെറ സുന്ദരഫലങ്ങൾ ജനസാമാന്യം ആസ്വദിക്കുന്നുമുണ്ടു്.

## ഇന്ത്യൻപ്രശ്നവും മേഖലാവിഭജനവും

(2 ാം പേജിൽനിന്നു തുടച്ച്)

ളെ വളരെക്കുഴക്കുമെന്നുള്ളതും തീർച്ചയാണ്.

മുസ്ലിംമേഖലയ്ക്കു നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന അതിർത്തികൾ നീതിയുക്തമോ പ്രകൃതിപരമോ സ്വാഭാവികമോ ആയ ഉപാധികളിലോ അതിഷ്ഠിതമല്ല എതൊരു പരിഹാരവിധത്തിലും മുസ്ലിംതാല്പര്യങ്ങൾമാത്രമേ ഗൗനിക്കപ്പെടേണ്ടതുള്ളു എന്ന വിചാരമാണ അവയുടെ അധിഷ്ഠാനം. ഇന്ത്യാ ഒററഒരു രാജ്യമാണെന്നതിനെ അസ്പദമാക്കിയുള്ള ദേശീയതയുടെ അധിഷ്ഠാനത്തിൽ ഒരു ന്യൂനപക്ഷത്തിനു സംരക്ഷണമെന്നനിലയിൽ വെയിറേറജ് ആവശ്യമായി എന്നുവരാം. എന്നാൽ ഭിന്നമേഖലാവിഭജനത്തിനാധാരമായ അധിഷ്ഠാനമാവട്ടെ, ഓരോ സമുദായത്തിനും ഒരു സ്വന്തമായ ആവാസഭൂമിയുണ്ടായിരിക്കണമെന്നവാദമാണ്. ഈ അധിഷ്ഠാനമനുസരിച്ചു ഭൂരിപക്ഷവും ന്യൂനപക്ഷവും ഇല്ല രണ്ടു ഘടകങ്ങൾ മാത്രമേയുള്ളൂ. മുസ്ലിങ്ങൾക്കു സ്വന്തമായ ഒരു മേഖലയിലേക്കു പ്രാമുഖ്യേന അവർ അധിവസിക്കുന്ന അടുത്തടുത്തു കിടക്കുന്ന ഓരോ ഇഞ്ചുഭൂമിയും വേണമെന്നാണെങ്കിൽ തത്തുല്യമായ ഒരു അവകാശം ഹിന്ദുക്കൾക്കു നിഷേധിക്കപ്പെടേണ്ട കാര്യമെന്തു? നിർദ്ദിഷ്ടമായിരിക്കുന്ന വിഭജനവിധത്തിൽ പഞ്ചാബിലെ 13 അമുസ്ലിംഡിസ്ത്രിക്ടുകൾ മുസ്ലിംമേഖലയിലാകേണ്ടിയിരിക്കുന്നു. കാരണം ബാക്കി 17 ം മുസ്ലിംഡിസ്ത്രിക്ടുകളാണെന്നുള്ളതാണ്. ബങ്കാളിൽ പന്ത്രണ്ടു ഹിന്ദുഡിസ്ത്രിക്ടുകൾ 16 മുസ്ലിം ഡിസ്ത്രിക്ടുകളോടു ചേന്നു മുസ്ലിംമേഖലയായി തീരണം. എന്നാൽ അസാമിൽ ഒരു മുസ്ലിംഡിസ്ത്രിക്ട് 14 ഹിന്ദുഡിസ്ത്രിക്ടുകളോട് ചേന്നു ഹിന്ദുമേഖലയിൽ പെട്ടുപോകയും അരുതു് ആ 14 ഹിന്ദുഡിസ്ത്രിക്ടുകളും മുസ്ലിംമേഖലയിലാവണം. കാരണം ഒരു ഡിസ്ത്രിക്ട് മുസ്ലിംഡിസ്ത്രിക്ടായതുതന്നെ. ഇതു മേഖലാസ്പദവിഭജനമല്ല, ജയിച്ചടക്കലാണ്.

"രാജാജിഫാർമുലാ നിർദ്ദേശിക്കുന്ന മേഖലകൾ യുക്തിസമ്മതവും നീതിയുക്തവും ഒരു വിഭജനത്തെ സാധൂകരിക്കുന്നതിനു വേണ്ട അവശ്യോപാധികളെ ഒട്ടൊക്കെ നിറവേറുന്നതുമാണ്. അതിൻപ്രകാരം മുസ്ലിംമേഖലയിലേക്കു് പ്രാമുഖ്യേന മുസ്ലിം നിവാസസ്ഥാനങ്ങളായ പ്രദേശങ്ങൾ മുഴുവനും ലഭിക്കുന്നു പഞ്ചാബിലെയും ബങ്കാളിലെയും അസ്സാമിലെയും ഹിന്ദുഡിസ്ത്രിക്ടുകൾ ഹിന്ദുമേഖലയിൽ ചേരും മുസ്ലിം മേഖലയിലെ ജനസംഖ്യ 6·82 കോടിയും അതിൽ മുസ്ലീങ്ങൾ 4·95 കോടി അഥവാ 74 ശതമാനവും ഹിന്ദുക്കൾ 1 7 കോടി അതായതു 24 ശതമാനവും ആയിരിക്കും. സ്വന്തഭാവുകസിദ്ധിക്കു ഒരു പ്രത്യേകനേഷൻെറ നിലയിൽ സ്വന്തമായി ഒരു മേഖല വേണമെന്നു അവശ്യപ്പെടുന്ന ഒരു സമുദായത്തിനു അന്യസമുദായത്തെ നഷ്ടപ്പെടുത്തി അതു സാധിക്കാൻ അധികാരമുള്ളതല്ല. മതബന്ധമോ സാംസ്കാരികസ്വാതന്ത്ര്യമോ അസ്പദമാക്കി ഒരു സമുദായം സ്വയം നിണ്ണയാവകാശത്തിനു് നിർബന്ധം പിടിക്കുന്നു എങ്കിൽ വേറൊരുമതക്കാർ പ്രാമുഖ്യേന അധിവസിക്കുന്ന പ്രദേശങ്ങൾക്കും തത്തുല്യം സ്വയം നിണ്ണയാവകാശമുണ്ടായിരിക്കേണ്ടതാണ്.

പഞ്ചാബും ബങ്കാളും പ്രാധാന്യേന ഒരു മുസ്ലിംമേഖലയായും ഒരു ഹിന്ദുമേഖലയായും ഉള്ള വിഭജനം ഒരു പുതിയ ആശയമല്ല. റൗണ്ടുടേബിൾകാൺഫറൻസിൽ സർ ജ്യോഫ്രേ-കാർബെററ അതു നിർദ്ദേശിച്ചിരുന്നു 1942 അക്ടോബറിൽ ഒരു മുസ്ലിംലീഗ നേതാവ് മി. ജിന്നായുടെ നാമത്തിൽ അത്തരമൊരു നിർദ്ദേശം രാജാമഹേശ്വരദയാലിനെ ഏല്പിച്ചു. അതിൻെറ അന്തർഭാവങ്ങൾ ചർച്ചചെയ്യാൻ ഞങ്ങളിൽ ചിലർ 1942 അക്ടോബറിൽ ഡൽഹിയിൽ സമ്മേളിക്കയുംചെയ്തു. അന്നു സന്നിഹിതരായിരുന്ന സിക്കുനേതാക്കന്മാർ അതിൻെറ അധിഷ്ഠാനത്തിൽ ആസാദ് പഞ്ചാബ് പദ്ധതി രൂപീകരിക്കയുമുണ്ടായി.

എന്നാൽ ഒരു വിഭജനത്തോടു യോജിക്കുന്നകാര്യം പഞ്ചാബിനു വളരെ പ്രയാസമായിരിക്കുന്നു. പുറമേനിന്നുള്ള 'മത-രാഷ്ട്രീയപ്രക്ഷോഭണങ്ങൾ വിരട്ടിയില്ലെങ്കിൽ പഞ്ചാബിലെ മുസ്ലിങ്ങൾ ഇന്ത്യയിൽനിന്നു പുറത്തുപോകുവാനോ പ്രാവിൻസിനെ പകുക്കുവാനോ ഇഷ്ടപ്പെടുന്നവരല്ല. ധീരനായ ഒരു മുസ്ലിംനേതാവിനു പ്രാവിൻസിലെ മുസ്ലിങ്ങളിൽ ഭൂരിപക്ഷത്തിനെ മുസ്ലിംലീഗിനെതിരായി തൻെറകൂടെ എപ്പോഴും നിത്തുവാൻ സാധിക്കും. ലീഗിൻെറ സ്വാധീനശക്തി ഇതേവരെ മധ്യവർഗ്ഗീയരായ നഗരമുസ്ലിങ്ങളിൽമാത്രമെ വ്യാപിച്ചിട്ടുള്ളൂ. ഹിന്ദുക്കളിൽ സകലമാനപേരും അതിനെതിരാണ്. അവരുടെ സംഘടനകൾ, മതപരവും വിദ്യാഭ്യാസപരവുമായ സംഘടനകൾ, പ്രാവിൻസൊട്ടാകെ വ്യാപിച്ചുകിടക്കുന്നു. സിക്കുകാർക്കു പാകിസ്ഥാൻ തങ്ങളെ നിസ്സഹായരാക്കുമെന്നും പ്രവിശ്യയുടെ വിഭജനം തങ്ങളെ ശിഥിലീഭവിപ്പിക്കുമെന്നും ഇപ്പോൾ മനസ്സിലായിക്കഴിഞ്ഞിരിക്കുന്നു. അവരുടെ ഗുരുദ്വാരങ്ങൾ പ്രവിൻസു ഒട്ടാകെ തൊട്ടുതൊട്ടെന്നപോലെ വ്യാപിച്ചുകിടക്കുന്നു. പഞ്ചാബിലെ സാമ്പത്തികൈക്യവും ഒട്ടും ദുർബലമായ ഒരു ബന്ധമല്ല ഹിന്ദുക്കളും മുസ്ലിങ്ങളും സിക്കുകാരും തങ്ങളുടെ ഐശ്വര്യത്തിനു ഒരു അഖിലേന്ത്യാ കേന്ദ്രത്തിൻെറ സൈനികബഡ്ജററിനോടു അത്യധികം കടപ്പെട്ടിരിക്കുന്നു, ഡിസ്ത്രിക്ററുകളുടെ സാമ്പത്തികതാൽപര്യങ്ങൾ പരസ്പരം ബന്ധിച്ചുകിടക്കുകയാണ്. ജാററുകൾ, ക്ഷത്രിയർ, വൈശ്യർ ഇവർതമ്മിലുള്ള ജാതിചിന്ത ഓരോജാതിയിലെയും അംഗങ്ങളെ മതഭേദമുണ്ടെങ്കിലും പരസ്പരം ബന്ധിച്ചുനിത്തുന്നു. യൂണിയനിസ്ററുപാർട്ടിയാണു അതിൻെറ ജീവത്തായ ചിഹ്നം. എല്ലാവരുടെയും മാതൃഭാഷ പഞ്ചാബിയാണ്. പഞ്ചാബിൻെറ ഭരണപരമായ ഏകതസ്തൂപിന്നിൽ 75 വർഷത്തെ വ്യവസ്ഥിതജീവിതത്തിൻെറ ചരിത്രമുണ്ടു്. പഞ്ചാബി, പട്ടാണി, നാസി, ബലൂചി ഇവക്കെല്ലാം യോജിക്കുന്നതിനു പൊതുവാ

(ശേഷം 16-ാം പേജിൽ)

## ഇന്ത്യൻപ്രശ്നവും മേഖലാവിഭജനവും

(15-ാം പേജിൽനിന്നു തുടർച്ച)

യ ഒരു രാഷ്ട്രീയോദ്ദേശ്യമോ മതപരമായ ഇച്ഛയോ ഇല്ലതാനും.

ബങ്കാളിലെ സ്ഥിതി അൽപം വ്യത്യാസപ്പെട്ടതാണ്. ബങ്കാളിലെ ഹിന്ദുക്കൾക്കും മുസ്ലിങ്ങൾക്കും മററു പ്രവിശ്യകളിലെ ഹിന്ദുക്കളെയും മുസ്ലിങ്ങളെയും അപേക്ഷിച്ചു ഒട്ടുവളരെ കാര്യങ്ങൾ പൊതുവായുണ്ട്. മുസ്ലീങ്ങളാണ് സംഖ്യയിൽ കൂടുതലുള്ള സമുദായം. എന്നാൽ രണ്ടു സമുദായങ്ങളുടെയും പൊതുവേയുള്ള ജീവിതം പ്രാധാന്യേന ഹൈന്ദവമാണ്. അവരുടെ മാതൃഭാഷയും ഒന്നുതന്നെ. ബങ്കാളിലെ മുസ്ലിംമേഖലയും ഹിന്ദുമേഖലയും വെവ്വേറെയായിരിക്കണമെന്നുണ്ടെങ്കിൽ ബങ്കാളി സംസാരിക്കുന്ന ഹിന്ദുക്കളെ രണ്ടിടത്തേക്കു വിഭജിക്കണം. മുസ്ലിംമേഖലയിൽ ഒരുകോടി 12-ലക്ഷം ഹിന്ദുക്കളുണ്ടായിരിക്കും. ഹിന്ദുമേഖലയിൽ ഒരു കോടി 14 ലക്ഷം മുസ്ലിങ്ങളുമുണ്ടായിരിക്കും. കൽക്കത്താ വിട്ടുകൊടുക്കുവാൻ ഹിന്ദുക്കൾക്കും മുസ്ലിങ്ങൾക്കും ഒന്നുപോലെ വൈമനസ്യമുണ്ടാവും. കൽക്കത്തായിൽ 74-ശതമാനം ഹിന്ദുക്കളാണ്. ചുററുമുള്ളതും ഹൈന്ദവപ്രദേശങ്ങളാണ്. ബങ്കാളിന്റെ ഭരണപരമായ ഏകതയുടെ പാരമ്പര്യം ഒരു ശതവർഷത്തിലധികം പഴക്കമുള്ളതാണ്. ബങ്കാൾ വിഭജനക്കാലത്തു ഐക്യത്തിനുവേണ്ടി സമരം നടത്തിയതിന്റെ സ്മരണയും ബങ്കാളിനുണ്ട്. ബംഗാളി സംസാരിക്കുന്ന ജനങ്ങളെ വിഭജിക്കുക എന്ന ആശയം സ്വാഭാവികമായി തന്നെ ജനങ്ങൾക്കു പൊതുവേ അരോചകമാണ്. പകിസ്ഥാൻ ആശയഗതി ഹിന്ദുക്കളും ഒരു വിഭാഗം മുസ്ലീങ്ങളും തമ്മിൽ വർദ്ധമാനമായ വൈപരീത്യം ഉളവാക്കിയിട്ടുണ്ട്. ഹിന്ദുവൈശിഷ്ട്യത്തെയും സംസ്കാരത്തെയും സംരക്ഷിക്കുന്നതിനുള്ള സന്നാഹങ്ങൾ സമാരംഭിച്ചുകഴിഞ്ഞിരിക്കുന്നു. എന്നാൽ പകിസ്ഥാൻചിന്തയെ പുറമേയുള്ളവരാണ് വളർത്തിക്കൊണ്ടുപോകുന്നതു്. അധികാരത്തിലിരിക്കുന്ന ലീഗുകാർക്കു പകിസ്ഥാൻ എന്നുള്ളതു കക്ഷിവിധേയത സമ്പാദിക്കുന്നതിനുള്ള ഒരു നല്ല മുദ്രാവാക്യം മാത്രമാണ്. മുസ്ലങ്ങളിൽ ഏററവും കൂറിനും പ്രാൻവിൻസിലുള്ള അധികാരത്തെപ്പററിയാണ് പ്രേമം. ഒരു ദുർബലമായ മുസ്ലിംമേഖലയിൽ അകപ്പെട്ടുപോവാൻ അവർ ഇഷ്ടപ്പെടുന്നില്ല. ഡാ: ശ്യാമപ്രസാദമുക്കർജി ഈയിടെ ഇപ്രകാരം പ്രസ്താവിക്കയുണ്ടായി: ഹിന്ദുക്കളുടെ മേലും മുസ്ലിംലീഗു രാഷ്ട്രീയശൈലികളോടു യോജിക്കാത്ത മുസ്ലീങ്ങളുടെ മേൽതന്നെയും മുസ്ലിംലീഗുമന്ത്രിമാരുടെ ദുഷ്പ്രഭുത്വം, സുൽത്താനമായ ബ്രിട്ടീഷു പിൻതുണയോടുകൂടിയ ദുഷ്പ്രഭുത്വം രാജ്യത്തെ ഭരണത്തിനു സുനിശ്ചിതമായ ഒരു കളങ്കമാണ്.

അപ്രകാരം വാസ്തവം ഇതാണെന്നു വന്നുചേരുന്നു. സിൻഡ്, ബലൂചിസ്ഥാൻ, വടക്കുപടിഞ്ഞാറൻഅതിർത്തിദേശം എന്നിവ സ്വാഭാവികമായി മുസ്ലിംമേഖലയായിത്തീരുന്നു. പഞ്ചാബിൽ എല്ലാ സമുദായങ്ങളും മുഴുവൻ പ്രാവിൻസിനോടു സുദൃഢമായ പ്രേമമുള്ളവരാണ്. എന്നാൽ മുസ്ലിമിന്റെ സ്വാധീനശക്തിയാണു ഏററവും പ്രബലമായിരിക്കുന്നതു്. ബങ്കാളിൽ ജനങ്ങളുടെയിടയിൽ ഏകതയുണ്ട്. ബങ്കാളിനോടു മുഴുവൻ പ്രേമവുമാണ് ഹിന്ദുവിനാണു സ്വാധീനശക്തിയിൽ പ്രാബല്യം. ബ്രിട്ടീഷുകാരുടെ പിൻതുണയോടുകൂടിയ മുസ്ലിംലീഗു മാത്രമാണു ഈ പ്രാവിൻസുകളെ വർഗ്ഗീയതയുടെ നടനരംഗമാക്കിയിട്ടുള്ളതു.

ശിഥിലീകരണത്തിനു പിൻതുണയായിട്ടാണ് സ്വയംനിർണ്ണയാവകാശത്തെ വലിച്ചിഴച്ചിരിക്കുന്നതു്. അതു എന്തായിരുന്നാലും സാധുത സന്ദിഗ്ദ്ധമായ ഒരു സിദ്ധാന്തമാണ്. വഴിവിട്ടു സഞ്ചരിക്കുന്ന ഗ്രൂപ്പുകളുടെ ശിഥിലീകരണവാസനകളെ അമർത്താതെയോ മതപരമോ വംശപരമോ ഭൂസ്ഥിതിപരമോ ആയ വിരുദ്ധകക്ഷിമനോഭാവങ്ങളെ തരണംചെയ്യാതെയോ ഒരു നേഷനും രൂപീകരിക്കപ്പെട്ടിട്ടില്ല. ഒരു രാഷ്ട്രീയാശയമെന്ന നിലയിൽതന്നെയും സ്വയംനിർണ്ണയാവകാശം ഒരു നേഷൻ ആവശ്യപ്പെടുന്നതുകൊണ്ടു പ്രായോഗികമായ എന്തെങ്കിലും ഗുണമുണ്ടാകണമെങ്കിൽ സ്വന്തമായ സൈനികസ്വയംപര്യാപ്തതയും സാമ്പത്തികസ്വയംപര്യാപ്തതയും സുനിശ്ചിതമായിരുന്നേതീരൂ.

നാഷണൽപരമാധികാരം എന്ന തത്വംതന്നെയും അപര്യാപ്തമായിട്ടാണു കാണപ്പെട്ടിരിക്കുന്നതു്. ലോകം രാഷ്ട്രങ്ങളുടെ ഒരു ഫെഡറേഷനിലേക്കാണു മുന്നോട്ടു നീങ്ങിക്കൊണ്ടിരിക്കുന്നതു്. രണ്ടാമത്തെ ലോകമഹായുദ്ധത്തിൽ സമരമോ സമാധാനമോ കൈവരുത്തുവാനുള്ള അവകാശം ചെറിയചെറിയ നാഷണാലിററികളുടെ കൈകളിൽനിന്നു മാത്രമല്ലാ ഒരു ലോകമഹാസംഘടന വശത്തില്ലാത്ത വലിയ നാഷനാലിററികളിൽനിന്നുതന്നെയും എടുത്തു മാററിയിരിക്കുന്നു. നാഷണാലിററികൾക്കും നേഷൻസ്റ്റേററുകൾക്കും സ്വയംനിർണ്ണയാവകാശമെന്ന സിദ്ധാന്തത്തിനു ഇന്നു പരമിതമായ അർത്ഥമേയുള്ളൂ. ഓരോസംസ്കാരഗ്രൂപ്പിനും അതിന്റെ ഉത്തമങ്ങളായ കഴിവുകളെ ആവിഷ്കരിക്കാൻ കഴിവുണ്ടാകുന്നതിനാവശ്യമായ സ്വയംനിർണ്ണയാവകാശം നൽകണം. ആക്ററൻപ്രഭുവിന്റെ പ്രസ്താവനകളിലെ വിവേകം അനുഭവംകൊണ്ടു തെളിഞ്ഞിരിക്കുന്നു. "ഒരേ രാഷ്ട്രത്തിൻകീഴിൽ അനേകം നേഷനുകൾ ഉണ്ടായിരിക്കയെന്നതു് അതിന്റെ സ്വാതന്ത്ര്യത്തിനു ഉത്തമമായ ഉറപ്പാണ്. അതു നാഗരികതയുടെ ഒരു ഉത്തമോപകരണവുമാണ്. ഒരു ജനസമുദായം നിരവധി വ്യക്തികളുടെ സഞ്ചയമെന്നതുപോലെ ഒരു രാജ്യത്തിലെ വിവിധ നേഷൻകളുടെ കൂടിച്ചേർന്ന നാഗരികജീവിതത്തിന്റെ ഒരു അവശ്യോപാധിയാണ്."

ഇൻഡ്യയെ മേഖലകളായി വിഭജിക്കുന്ന രീതിമാനം സ്വയംനിർണ്ണയാവകാശമെന്ന ഉദാരാശയം വച്ചുകൊണ്ടുതന്നെ നീതീകരിക്കുവാൻ സാധിക്കുന്നതല്ല. ഓരോ സാംസ്കാരികഗ്രൂപ്പിനെയും സംസ്കാരസംബന്ധമായ കാര്യങ്ങളിലേക്കു സ്വാതന്ത്ര്യമായി വിട്ടേയ്ക്കുക എന്ന അധിഷ്ഠാനത്തിൽമാത്രമേ സാധൂകരിക്കാൻ കഴിവുള്ളൂ. വിഭിന്നസമുദായങ്ങളെന്നനിലയിൽ ഹിന്ദുക്കളും മുസ്ലീങ്ങളും ഭിന്നഭിന്ന സാംസ്കാരഗ്രൂപ്പുകളാണെന്നു പറയുന്നതു് വാസ്തവവിരുദ്ധമാണ്. രണ്ടാമതായി പഞ്ചാബികളും പട്ടാണികളും ബലൂചികളും സിൻഡികളുമായ മുസ്ലങ്ങൾ ഐക്യദാർഢ്യത്തിനുവേണ്ടി തിടുക്കം കൂട്ടുന്നതായി അറിവായിട്ടില്ല. സ്വയംഭരണാവകാശം അവകാശപ്പെടുന്നതു ഒരു ചെറിയ സംഘടിതസംഘം മാത്രമാണ്. അവരുടെ പരമമായ രാഷ്ട്രീയമുറവിളി ഒച്ചപ്പാടുണ്ടാക്കുന്ന മുസ്ലിങ്ങൾക്കു വിശിഷ്യ ഹിന്ദുപ്രദേശങ്ങളിലെ മുസ്ലിങ്ങൾക്കു ആകർഷകമായിത്തുടങ്ങിയിട്ടുണ്ട്. ഈ സംഘടന ചിലപ്പോൾ 9 കോടി മുസ്ലിങ്ങളുടെയും ചിലപ്പോൾ 10 കോടി മുസ്ലിങ്ങളുടെയും പ്രതിനിധ്യം ഘോഷിക്കുന്നുണ്ടെങ്കിലും അതിന്റെ പിൻബലം ആസാം ഉൾപ്പെടെ അഞ്ചു പ്രവിശ്യകളിലെ മുസലിംമന്ത്രിസഭകളിൽനിന്നാണെന്നുപറയപ്പെടുന്നു. ഈ മന്ത്രിസഭകൾ ബ്രിട്ടീഷുഭരണത്തിന്റെ സന്താനങ്ങളാണ് ജനകീയപ്രസ്ഥാനത്തിന്റെ മുൻനിരകളല്ല.

ആകയാൽ മേഖലാവിഭജനം അനുവദിക്കണമെന്നുണ്ടെങ്കിൽ രാജ്യത്തെ ഏററവും സംഘടിതമായ മുസ്ലിംകക്ഷി ആവിധമൊരു മേഖല അനുവദിക്കാതെ പുരോഗതിക്കു സമ്മതിക്കുകയില്ലെന്നു ശഠിക്കുന്നതുകൊണ്ടുമാത്രമായിരിക്കും. ഒരുകക്ഷിയുടെ നിർബന്ധത്തിൽകവിഞ്ഞ യാതൊരു അധിഷ്ഠാനവും അതിനില്ല.

തങ്ങൾ ഒരു മുസ്ലിംമേഖലയിൽ ചേരുകയില്ലെന്നും തങ്ങളുടെ പ്രവിശ്യകളെ വിഭജിക്കാൻ സമ്മതിക്കയില്ലെന്നും പഞ്ചാബിലെയും ബങ്കാളിലെയും ഹിന്ദുക്കൾ കൈക്കൊണ്ടിരിക്കുന്ന നില സ്വാഭാവികം മാത്രമാണ്. ഒരിക്കൽ ഒരു മുസ്ലിംരാഷ്ട്രത്തിന്റെ പ്രജകളായിക്കഴിഞ്ഞാൽ ഒരു പ്രത്യേക സാംസ്കാരികഗ്രൂപ്പായി അവശേഷിക്കുവാനുള്ള തങ്ങളുടെ യത്നത്തിൽ മററു ഹിന്ദുക്കളുടെ സഹായം തങ്ങൾക്കു നഷ്ടമാകുമെന്ന വിശ്വാസത്തിലാണ് ആ നിലയുടെ അധിഷ്ഠാനം. അതു അത്ര തെററാണെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ ആ വില നൽകിയേതീരൂ എന്നുണ്ടെങ്കിൽ താഴെപറയുന്ന ഏതെങ്കിലും ഒരുവിധത്തിൽ അവർ തീരുമാനിക്കേണ്ടിവരും. (എ) മതപരമായ പാരതന്ത്ര്യം എന്ന ലക്ഷ്യത്തോടുകൂടിയ മുസ്ലിംപ്രവിശ്യയിൽ പ്രവേശിക്കയാണോ വേണ്ടതു്. (ബി) തങ്ങളുടെ പ്രവിശ്യാപരമായ ബന്ധത്തെ തകർത്തു ഹിന്ദുമേഖലയിൽ ചേരുകയാണോ വേണ്ടതു്. (സി) ഹിന്ദുമുസ്ലിംഭിന്നതകൾ ഒതുങ്ങുന്നതുവരെ ഐക്യത്തിനുവേണ്ടിയുള്ള ഞെരുക്കം തുടരുവാൻ ആഗ്രഹിക്കുന്ന ബ്രിട്ടീഷുകാർക്കു പിൻതുണ നൽകണമോ?

ഈ ഒടുവിൽ പറഞ്ഞ കാര്യത്തിൽ അവർക്കു ഹിന്ദുപ്രവിശ്യകളിലെ എല്ലാ മുസ്ലിങ്ങളുടെയും എല്ലാ ഹിന്ദുക്കളുടെയും എതിർപ്പിനെ നേരിടേണ്ടിവരും.

സ്വന്തം പ്രവിശ്യയുടെ ഏകതയ്ക്കോ തങ്ങളുടെ മതപരമേഖലയുടെ ഏകതയ്ക്കോ ഏതിനാണു മുൻഗണന നൽകേണ്ടതെന്നുള്ളതാണു ബങ്കാളിലെയും പഞ്ചാബിലെയും ഹിന്ദുക്കൾ പരമമായി നേരിടേണ്ടിവരുന്ന പ്രശ്നം. ആകയാൽ ഒരു മേഖലാവിഭജനം പൊതുവേ അംഗീകരിക്കപ്പെടുന്നപക്ഷം തങ്ങളുടെ ഭാവി നിർണ്ണയിക്കുവാനുള്ള അവകാശം പഞ്ചാബിലെയും ബങ്കാളിലെയും ഹിന്ദുക്കൾക്കും ഉണ്ടായിരിക്കും.

പ്രദേശപരമായ ദേശീയതയും മതപരമായ ദേശീയതയും തമ്മിൽ സംഘട്ടനമുണ്ടാകുമ്പോൾ രണ്ടാമതുപറഞ്ഞതിന്നു പരാജയമടയുന്നതെന്നുള്ളതു അടുത്തകാലത്തെ ചരിത്രത്തിൽനിന്നുള്ള വേറൊരു സുപ്രധാനപാഠമാണ്. ഇസ്ലാമിന്റെ ഏകതയെപ്പററി ഉൽഘോഷിക്കപ്പെടുന്നുണ്ടെങ്കിലും അറബികളും തുർക്കികളും ഈജിപ്തുകാരും മംഗോളിയരും, പ്രത്യേകം പ്രത്യേകം ദേശീയബുദ്ധികൾ വശംവദരാകുകയാണു ചെയ്തിട്ടുള്ളതു്. അതുപോലെതന്നെ ഇന്ത്യൻദേശീയതയ്ക്കു ഭ്രംശം നേരിടുന്നപക്ഷം പഞ്ചാബ്, അതിർത്തിദേശം, സിൻഡ്, ബങ്കാൾ എന്നിങ്ങനെ പ്രദേശപരമായ ബന്ധത്തെപ്പററിയുള്ള അഭിമാനം ബലൂചികളും പട്ടാണികളും പഞ്ചാബികളും ബങ്കാളികളുമായ മുസ്ലിങ്ങളെ ഇസ്ലാം ഒന്നിച്ചു നിർത്തുന്നതായി പറയപ്പെടുന്ന ബന്ധത്തെ അതിശീഘ്രം നശിപ്പിക്കുന്നതാണ്. ഗാന്ധി-ജിന്നാ സംഭാഷണകാലത്തു ഒരുകാര്യം നാം കണ്ടു. ദേശീയത അപകടത്തിലാകുന്നുഎന്നു കണ്ടപ്പോൾ പ്രവിശ്യാപരവും വംശപരവു

(ശേഷം 1-ാം പേജിൽ)


കൊല്ലം ബേബിടാക്കിസിൽ
വീരസമ്രാട്ടു ജാൺകവാസ്, നിർഭയ നടിയ അഭിനയിച്ച
"ഹണ്ടർവാലിയുടെ പുത്രി'
എന്നചിത്രം പ്രദർശിപ്പിക്കപ്പെടും

കൊല്ലം
S. M. P. പാലസ്സിൽ
സി. എസ്. ആർ. അഞ്ജനയലു, പുഷ്പവല്ലി ഇവർ അഭിനയിച്ച
"ചൂഡാമണി"



അലക്കുവാൻ
അതിവിശേഷം.
വിലവളരെസഹായം.

ഗുസ്തിമാർക്ക്
നീലംസോപ്പ് ഉപയോഗിപ്പിൻ
ദി ഇമ്പീരിയൽ സോപ്പ് ഫാക്ടറി
കൊല്ലം


Printed and published by N. Chandrasekharan Nair at the SriRama Vilas Press, Quilon.